
എൽത്തുരുത്ത്

ശുദ്ധീകരമാതാവിന്റെ



ആശ്രമചരിത്രസംഗ്രഹം.

1858-1962.

ഫാദർ മാസർ സി. എം. ഐ.,
ബി. എ., എൽ. റ്റി

L. F. M. Kallappuram.
LITTLE FLOWER MONASTERY
MANAPURAM.
10/14
11 Alm.
1 Shelf.
3 Shelf.
1663

ഏൽത്തുരുത്ത്

ശുദ്ധീകരമാതാവിന്റെ

ആശ്രമചരിത്രസംഗ്രഹം.

സംഭവബഹുലമായ കഴിഞ്ഞ നൂറ്റാണ്ടു്

1858-1962.

ACHARYA PALACKAL JEEVAS KENDRAM
LIBRARY
16066

ഫാ. ലാസർ സി. എം. ഐ.,
ബി. എ; എൽ. ററി.

ST. JOSEPH'S I. S. PRESS, ELTHURUTH,
TRICHUR-4.
1962

M) 255.731 09
LAS

NIHIL OBSTAT

Fr. Peppin C. M. I.

Fr. Genesius C. M. I.

IMPRIMI POTEST

Very Rev. Fr. Flavian C. M. I.

Provincial, Devamatha Province, Trichur.



HIS HOLINESS POPE JOHN XXIII.



RT. REV. DR. G. C. ALAPATT, PH. D., D. D.,
BISHOP OF TRICHUR.

അനുവാചകരോട് ഒരു വാക്ക് —


സ്വാതന്ത്ര്യലബ്ധിക്കായി കേരളസഭ പ്രത്യക്ഷസമരത്തിൽ ഏർപ്പെട്ടിരുന്ന പ്രാചീന കാലത്തേയും, സ്വതന്ത്രയായി ശാന്തിയോടും സംതൃപ്തിയോടുംകൂടിക്കഴിയുന്ന വർത്തമാനകാലത്തേയും കൂട്ടിയിണക്കുന്ന സുവർണ്ണശൃംഖലയത്രെ ഏൽത്തുരുത്ത് ശ്രദ്ധീകരമാതാവിന്റെ ആശ്രമം. ഒരു നൂറാണ്ടിന്നപ്പുറം മുതൽ നാളിതുവരെ ഈ ആശ്രമം കണ്ട കാഴ്ചകൾ ഒരു ചെറുഗ്രന്ഥത്തിൽ ഒതുക്കി നിറുത്തുവാനോ, അവയ്ക്കു തരണം ചെയ്യേണ്ടിവന്ന വിപൽഘട്ടങ്ങൾ സാധാരണക്കാരന് ഭാവന ചെയ്യുവാനോ കഴിയുന്നതല്ല. ഗൗരവാവഹങ്ങളായ പ്രസ്തുത സംഭവങ്ങൾ അവ അർഹിക്കുന്ന പ്രൌഢിയോടെ ചിത്രീകരിക്കുവാൻ പോരുന്ന തൂലിക കൈകാര്യം ചെയ്യുവാൻ ഇടയാകാഞ്ഞതിൽ എനിക്ക് അനല്പമായ ഖേദമുണ്ട്. ശതാബ്ദജൂബിലി പ്രമാണിച്ച് ഒരു സ്മാരകഗ്രന്ഥം എഴുതിയുണ്ടാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത കൃത്യം വേണ്ടവിധം നിർവ്വഹിക്കുവാനുള്ള അപ്രാപ്തിയെക്കുറിച്ച് എനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. എങ്കിലും കഴിവതു ചെയ്യുവാൻ ശ്രമിക്കട്ടെ എന്നു മാത്രം ഉദ്ദേശിച്ച് ഇതിന്നായി ഒരുങ്ങിയതാണ്. അപ്രതീക്ഷിതമായി അഭിമുഖീകരിക്കേണ്ടിവന്ന വിവിധ പ്രതിബന്ധങ്ങൾ നിമിത്തം കൃത്യനിർവ്വഹണത്തിൽ സാരമായ കാലവിളംബം നേരിട്ടു. അതിനാലത്രെ ഏൽത്തുരുത്ത് ആശ്രമത്തിന്റെ ശതാബ്ദജൂബിലി സ്മാരകം

എന്ന സംജ്ഞയിൽ ആരംഭിച്ച ഈ പുസ്തകം, ചരിത്രസംഗ്രഹം എന്ന അഭിധാനത്തിൽ പ്രസിദ്ധീകൃതമാകുവാൻ ഇടയായതു്.


ഈ സംരംഭത്തിൽ ആദ്യന്തം എനിക്കു മാർഗ്ഗദർശം നൽകിയിട്ടുള്ളതു് ഏൽത്തുരുത്തു് ആശ്രമത്തിന്റെ നാളാഗമമാണു്. കൂടാതെയും ചാവറ കുറിയാക്കോസു് ഏലിയാസച്ചന്റെ ചരിത്രം, ചരിത്രഗവേഷണപട്ടം, ബ. ബർണ്ണാദച്ചനാൽ വിരചിതമായ കർമ്മെലീത്ത നിഷ്പാദുക മൂന്നാംസഭാചരിത്രം, മാർത്തോമാ ക്രിസ്ത്യാനികൾ എന്നീ കൃതികളും എനിക്കു വളരെ സഹായകങ്ങളായിട്ടുണ്ടെന്നു് കൃതജ്ഞതാപൂർവ്വം ഇവിടെ സ്മരിച്ചുകൊള്ളട്ടെ.

ശതാബ്ദജൂബിലി ഘോഷിച്ചുകഴിഞ്ഞ ഈ ആശ്രമത്തേയും ഈ നീണ്ട കാലയളവിൽ അതിനോടനുബന്ധമായി നിന്നിരുന്ന പ്രശസ്ത വ്യക്തികളെയും സംഭവങ്ങളെയും കുറിച്ചു് ഒരു സാമാന്യ ജ്ഞാനം നൽകുവാൻ എന്റെ ഈ യത്നം പര്യാപ്തമായാൽ ഞാൻ കൃതാർത്ഥനായി. അനുവാചകർക്കെല്ലാം എന്റെ വിനീത കൃപ്പകൈ.


ഗ്രന്ഥകർത്താ.



Very Rev. Fr. Maurus C. M. I.,
PRIOR GENERAL.



VERY REV. FR. FLAVIAN C. M. I.,
Devamatha Provincial.



VERY REV. FR. LEANDER C. M. I.,
Prior, Elthuruth.

ഏൽത്തുരുത്ത്
ശുദ്ധീകരമാതാവിന്റെ
ആശ്രമ ചരിത്ര സംഗ്രഹം.

പ്രാരംഭപ്രസ്താവന:—

സുപ്രസിദ്ധമായ തൃശ്ശിവപേരൂർ പട്ടണത്തിൽ നിന്നും ഉദ്ദേശം നാലുമൈൽ തെക്കുപടിഞ്ഞാറായി ഏൽത്തുരുത്തെന്നറിയപ്പെടുന്ന ഒരു ചെറുദ്വീപു് സ്ഥിതിചെയ്യുന്നു. വടക്കുവശത്തു് കായ്യാട്ടുകരയോടു്. അതിനെ ബന്ധിക്കുന്ന ഒരു ചെറിയ റോഡുണ്ടു്. മറു ഭാഗങ്ങളെല്ലാം ഇന്നും കോൾനിലങ്ങളായി രൂപാന്തരപ്പെട്ടിട്ടുള്ള മനക്കോടിക്കായലിനാൽ ചുറ്റപ്പെട്ടാണു് കിടക്കുന്നതു്. നിർമ്മലജലപൂർണ്ണമായ ഒരു മനോഹര മോതിരത്തിന്മേൽ പതിച്ച കാഞ്ചനക്കല്ലുപോലെയാണു് അതിന്റെ നില. ആശ്രമക്കെട്ടിടത്തോടു് അടുത്തു വടക്കുവശത്തു് പഴയ രീതിയിൽ തീർത്തിട്ടുള്ള വിശാലമായ ഒരു ദേവാലയവും ഷഷ്ഠിപൂർത്തി ഘോഷിച്ചുകഴിഞ്ഞ ഒരു ഹൈസ്കൂളും ഏതാണ്ടു് അതുതന്നെ പൌരാണികത്വമുള്ള ഒരു മഠാലയവും കാണാം.

ജനബാഹുല്യമായ പട്ടണപ്രാന്തങ്ങളുടെ ബഹളങ്ങളിൽനിന്നും, ചീറിപ്പായുന്ന ബസ്സുകളുടേയും ലോറികളുടേയും ആരവങ്ങളിൽനിന്നും അകന്നാണു് ഇതിന്റെ കിടപ്പു്. ഇരുന്നു് ചിന്തിക്കുന്നതിനും തുറന്നു് പാടുന്നതിനും അലട്ടില്ലാതെ വായിച്ചു പഠിക്കുന്നതിനും ഏറ്റവും പറ്റിയ സ്ഥലം. ഇവിടെ സുലഭമായി തഴച്ചുവളരുന്ന ഫലവൃക്ഷങ്ങളെ

അവരുടെ ആത്മാഭിമാനത്തെ സാരമായി സ്പർശിച്ചു. എങ്കിലെയെന്നാൽ ഉഭയംപേരും സൗഹാർദ്ദോസിൽവെച്ച് കേരള നസ്രാണികളും അവരുടെ വിശ്വാസവും അവഹേളിക്കപ്പെട്ടു. ക്ലേനൻകുരിശു സത്യത്തിനുശേഷം കേരളസഭ രണ്ടായി പിളർന്നു. സഭയിൽനിന്നു പിരിഞ്ഞുപോയ പുത്തൻകൂറുകാരുടെ കാര്യം പോകട്ടെ. പൂർവ്വവിശ്വാസത്തിലും ആചാരത്തിലും റോമാധികാരത്തിൻകീഴ് ഉറച്ചുനിന്ന പഴയ കൂറുകാർക്കും ശാന്തിയുടെ തുറമുഖത്തെത്തി വിശ്രമിക്കുവാൻ കഴിഞ്ഞില്ല. കാരണം, അവർക്കു ഭരണകർത്താക്കളായി ലഭിച്ചതു് ലത്തീൻ മെത്രാന്മാരെയായിരുന്നു. ഭരണീയരും ഭരണാധികാരികളും തമ്മിൽ പൊരുത്തമില്ലാതെയത്രെ കഴിഞ്ഞുവന്നതു്. പോരെങ്കിൽ പല അനിഷ്ടസംഭവങ്ങളും കൂടെക്കൂടെ നടന്നിരുന്നതിനാൽ സ്വന്ത റീത്തിൽ ഒരു മെത്രാനെ ലഭിക്കുവാനുള്ള വ്യഗ്രത പ്രതിദിനം വർദ്ധിച്ചു. ഇതിനായി റോമാസിംഹാസനത്തിലേയ്ക്കു അവർ അഭ്യർത്ഥനകളും നിവേദനങ്ങളും അയച്ചുകൊണ്ടിരുന്നുവെങ്കിലും തങ്ങളുടെ യാചനകൾ വനരോദനങ്ങളായി പരിണമിക്കയാണുണ്ടായതു്. ആകയാൽ ലത്തീൻ റീത്തുകാരായ മെത്രാന്മാരിൽനിന്നു മോചനം ലഭിക്കുന്നതിനുള്ള യത്നം അചിരേണ സമരരൂപം പ്രാപിക്കുകയും ചെയ്തു. തൻമൂലം 19-ാം നൂറ്റാണ്ടിൽ ശീശ്മകൾ പുറകെപ്പുറകെ പൊട്ടിപ്പുറപ്പെട്ടു് കേരളസഭാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കി. ഇക്കാലഘട്ടത്തിൽ ഉത്തരപ്രദേശങ്ങൾക്കു ഏകാവലംബമായി അവശേഷിച്ചതു് ഏൽത്തുരുത്തു് ആശ്രമമായിരുന്നു.

വാസ്തവത്തിൽ പ്രതിവർഷവും ഏൽത്തുരുത്തിനു പുറപ്പാടു് ആവർത്തിക്കുന്നുണ്ടു് അവർ അന്നു കണ്ട കാഴ്ചകളുടെ ഭാവം! വർഷക്കാലത്തു നോക്കണം, പുണ്യയോടെ ആഞ്ഞടിക്കുന്ന തിരമാലകളോടുകൂടിയ മനക്കോടിക്കായൽ അവർക്കു പുറപ്പാടു് കാളം തല്ലുന്നതു്. വേനൽക്കാലത്താവട്ടെ അവളുടെ പ്രകൃതി പൊടുന്നനവേ മാറുകയായി. ഒരു ചെറുതെന്നലിനു് കലികൊള്ളുന്ന മനക്കോടി, മന്ദമാരുതനിൽ നൃത്തം വെയ്ക്കുന്ന നെൽപ്പാടങ്ങളായിതീർന്നുകഴിഞ്ഞു. എല്ലാം ശാന്തം, എല്ലാം സുന്ദരം, എല്ലാം പ്രതീക്ഷാദ്യോതകം!

ACHARYA 16066

അതെ, 'ഏലവത്തുരുത്തു്'— ദൈവത്തിന്റെ

തുരുത്തു് എന്നർത്ഥം വരുന്ന ഏൽത്തുരുത്തു് ആയി രൂപാന്തരപ്പെട്ട കാലത്തു് ഇളകിമറിയുന്ന മനക്കോടിപോലെയായിരുന്നു കേരളസഭാന്തരീക്ഷം. സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുവാൻ രണ്ടു നൂറ്റാണ്ടുകാലത്തോളം നസ്രാണികൾചെയ്ത യത്നങ്ങളെല്ലാം വിഫലമായതായിരുന്നു ഇതിനു കാരണം. തൽഫലമായി റോക്കോസു് ശീശ്മ പൊട്ടിപ്പുറപ്പെടുകയും ശക്തിയും വ്യാപ്തിയും പ്രാപിച്ചു് കേരളസഭയെ മൂഴവനും വിഴുങ്ങുമോയെന്നു് ശങ്കിക്കത്തക്ക ഘട്ടത്തിൽ എത്തുകയും ചെയ്തു. എന്നാൽ ഏൽത്തുരുത്തു് ആശ്രമം പ്രസ്തുത ശീശ്മയുടെ വളച്ചയും തളച്ചയും ദർശിച്ചു. തൊണ്ടനാട്ടു് അന്തോണിയച്ചന്റെ വിക്രിയകളും മേല്പുസു് പ്രഭൃതികളുടെ അക്രമനടപടികളും കണ്ടു് കയ്യുംകെട്ടിയിരിക്കുവാൻ ഏൽത്തുരുത്തിനു കഴിഞ്ഞില്ല. അവർ ശത്രുവിനെ അടിയറവെപ്പിക്കുവാൻ ദൃഢനിശ്ചയത്തോടെ മുന്നോട്ടുവന്നു.

ക്നനൻകുരിശുസത്യത്തിൽ അന്തർലീനമായിരുന്ന കേരളസഭയുടെ ആഗ്രഹം സഫലമായതു് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലാണല്ലൊ. അതോടെ മാറി, കേരളസഭാന്തരീക്ഷത്തിന്റെ പ്രകൃതി. ശാന്തി സർവ്വത്ര കളിയാടുകയായി. ഉത്തരപ്രദേശങ്ങളിലെ സഭാവിഭാഗത്തിനു വേണ്ടി അത്യദ്ധ്വാനംചെയ്യുകയും വളരെയധികം കഷ്ടനഷ്ടങ്ങൾ സഹിക്കുകയുംചെയ്ത ഏൽത്തുരുത്തിനു് കണ്ണാനന്ദിക്കുവാൻ കഴിഞ്ഞു, ഡോക്ടർ മെഡ്ലിക്കോട്ടിന്റെ ആഗമനവും നാട്ടുമെത്രാന്മാരുടെ നിയമനവും തൽഫലമായി തൃശ്ശൂർ രൂപതയ്ക്കു് കൈവന്ന അസൂയാർഹമായ അഭിവൃദ്ധിയും. ശാന്തി കൈവന്നശേഷം ഏത തുറയിലേയ്ക്കാണു് ഏൽത്തുരുത്തു് അവളുടെ ശ്രദ്ധയെ തിരിച്ചതു്, എങ്ങിനെയാണു് അവളുടെ കഴിവുകൾ വിനിയോഗിച്ചതു്, എന്തെല്ലാമായിരുന്നു അവളുടെ നേട്ടങ്ങൾ എന്നെല്ലാം പിന്നീടു് വിവരിക്കുന്നതായിരിക്കും.

ഇതുയും ആമുഖമായി പ്രസ്താവിച്ചശേഷം 1848 മുതൽ 1858-ൽ ആശ്രമത്തിനു് അടിസ്ഥാനക്കല്ലിട്ടതുവരെയുള്ള കാലഘട്ടത്തിലേയ്ക്കു് വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

I

1848 — 1858

പ്രാരംഭപരിശ്രമങ്ങളും പരാജയങ്ങളും.


1853-ൽ ഒനഹാബ്രയോന എന്നൊരു കൽദായ വൈദികൻ സംഗതിവശാൽ കൊവിലങ്ങാട്ട് വന്നു ചേർന്നു. അതോടെ സുറിയാനിമെത്രാനെ ലഭിക്കുവാനുള്ള കേരളീയരുടെ ആഗ്രഹം ചിറകടിച്ചു പറന്നുയരുവാൻ തുടങ്ങി. കാരണം, നൂറ്റാണ്ടുകളായി തങ്ങൾ അഭിലഷിച്ചിരുന്ന കാര്യം സഫലമാക്കുന്നതിനുള്ള സുവർണ്ണാവസരമായി അവർ അതിനെ കണ്ടു. ഇക്കാര്യലബ്ധിക്കുവേണ്ടി വരുന്ന ചിലവുകളോ കായക്ലേശങ്ങളൊ അവരത്ര കാര്യമായി പരിഗണിച്ചതേയില്ല. ഇതിന്നായി മുന്നോട്ടുവന്നവർക്കു നേതൃത്വം നല്കിയതു് കടക്കച്ചിറ അന്തോണി അച്ചനാണു്. അദ്ദേഹം ചില വൈദികരോടും ശെമ്മാശന്മാരോടും ചേർന്നു് സുറിയാനി മെത്രാനെ കൊണ്ടുവരണമെന്നുള്ള ദൃഢനിശ്ചയത്തോടെ ഇവിടെനിന്നും പുറപ്പെട്ട ബോംബെയിലെത്തി. പിന്നീടു് തൊങ്കനാട്ടു് ബ. അന്തോണി അച്ചനും കൂട്ടരും അദ്ദേഹത്തിൻറെപക്കൽ ചെന്നുചേർന്നു. അനന്തരം കടക്കച്ചിറയുടെ നേതൃത്വത്തിൽ എല്ലാവരും 1854-ൽ ബോംബെയിൽ നിന്നും ബാശ്രാഭിലേയ്ക്കു യാത്രതിരിച്ചു. ഇതെല്ലാം ശീശ്മകളുടെ വിത്തു് കേരളത്തിൽ പാകുവാനുള്ള നാരകീയശക്തികളുടെ കരുനീക്കങ്ങളായിരുന്നുവെന്നു നമുക്കു പിന്നീടു കാണാം.

എന്നാൽ അതേ സമയത്തുതന്നെ ശീശ്മപ്രവാഹത്തെ തടഞ്ഞുനിറുത്തുന്നതിനുപോരുന്ന ശക്തികളെ ദൈവപരിപാലന അങ്ങിങ്ങായി കരുപ്പിടിപ്പിക്കയായിരുന്നു. മാന്നാനം, വാഴക്കുളം, ഏൽത്തുരുത്തു് എന്നീ ആശ്രമങ്ങൾ സ്ഥാ

പിച്ചതിൽ ഇതിനുള്ള ദൈവതിരുക്കരത്തിന്റെ ആദ്യചലന ങ്ങൾ പ്രത്യക്ഷപ്പെട്ടു. ഏൽത്തുരുത്തു് ആശ്രമസ്ഥാപനത്തി ന്നിടയാക്കിയ സംഭവങ്ങൾ വെറും യാദൃശ്ചികങ്ങളായിത്തോ ന്നാം. അക്കാലത്തു് വിസ്മൃതമായിക്കിടന്നിരുന്ന വരാപ്പുഴ രൂപതയുടെ എല്ലാ ഭാഗത്തും മാന്നാനത്തുനിന്നു് സന്യാസ വൈദികർപോയി ജനങ്ങളുടെ ധ്യാനം .നടത്തിവരിക പതിവായിരുന്നു. അവരിൽനിന്നായിരിക്കാം കണ്ടശ്ശാങ്കടവു് ഇടവക വടക്കേത്തല തോട്ടുങ്കൽ അന്തോനിയച്ചൻ മാന്നാന ത്തു നടന്നുവന്ന സന്യസ്തജീവിതത്തെക്കുറിച്ചു് കേൾക്കുവാൻ ഇടയായതു്. 1848-ൽ അദ്ദേഹം മാന്നാനത്തേക്കുപോവുക യും രണ്ടു മൂന്നു മാസം അവിടെ താമസിച്ചു് അവിടെ നട ന്നിരുന്ന ജീവിതക്രമം, സമുദായസേവനം മുതലായവ കണ്ടു കൃതാർത്ഥനായി മടങ്ങിപ്പോരുകയുംചെയ്തു. വടക്കൻ പ്രദേശ ങ്ങളിലും അങ്ങിനെ ഒരാശ്രമം സ്ഥാപിച്ചു കാണുവാനുള്ള അതിയായ ആഗ്രഹം അന്നു മുതൽ അദ്ദേഹത്തിൽ നാ മ്പെടുത്തു.

1850 ജനുവരി 20-ാംതീയതി തൃശ്ശൂർ പള്ളിയിൽ തിരുന്നാൾ ഘോഷത്തിനായി പല പള്ളികളിൽനിന്നും ബ. വൈദികരും ജനങ്ങളും കൂടിയപ്പോൾ ഈ കാര്യത്തെപ്പറ്റി ആലോചിക്കുകയും മാന്നാനത്തുള്ളതുപോലെ വടക്കൻ പ്രദേ ശങ്ങളിലും ഒരു ആശ്രമം ഉണ്ടാകേണ്ടതാണെന്നു നിശ്ചയിക്കു കയുംചെയ്തു. വടക്കൻ പ്രദേശങ്ങളിലെ അന്നത്തെ പ്രമുഖ മല്പാന്മാരായിരുന്ന എടക്കളത്തു് ഉതുക്കൻ പെ. ബ. ഗീവർഗ്ഗീ സു് മല്പാൻ, മൂഴിക്കുളത്തു് പാനിക്കുളം പെ. ബ. മത്തായി മല്പാൻ, കുത്തിയതോട്ടുങ്കൽ തച്ചിൽ പെ. ബ. ഇട്ടിയേര മല്പാൻ എന്നിവർ. മല്പാന്മാരുടെ പിന്തുണ അത്യാവശ്യമാ കയാൽ അവരെ സമീപിക്കുവാൻ ഒല്ലൂരു് ഇടവക കിടങ്ങൻ പല്ലിശ്ശേരി ബ. പൌലോസച്ചനെ നിയമിച്ചു. അദ്ദേഹം സാദ്ധ്യമായി അപേക്ഷിച്ചതിന്റെ ഫലമായി എടക്കുളത്തു മല്പാൻ ഉടയംപേരൂരിന്നു വടക്കുള്ള എല്ലാ പള്ളിക്കാരെയും ആശ്രമസ്ഥാപനത്തെപ്പറ്റി ആലോചിക്കുവാൻ 1850 ഫെ ബ്രുവരി 14-ാംതീയതി അരണാട്ടുകരെ സംഘം ചേരണമെ ന്നു് അറിയിച്ചു. പ്രസ്തുത സംഘത്തിലേയ്ക്കു വരുവാൻ സാ ധിക്കാതെവന്നതുകൊണ്ടു് പെ. ബ. ഇട്ട്യേര മല്പാൻ ഒരു ബ.

വൈദികനെ പ്രതിനിധിയായി അയച്ചു. നിശ്ചിത തീയതിയിൽ അരണാട്ടുകരെ വൈദികരുടെയും അത്മായരുടെയും സംഘം ചേർന്നു. വടക്കൻ പ്രദേശങ്ങളിൽ ഒരു ആശ്രമം വേണമെന്നും അതു് അരണാട്ടുകരെയ്ക്കടുത്തുള്ള 'എലവത്തൂരു ത്തു'' എന്ന സ്ഥലത്തായിരിക്കണമെന്നുമായിരുന്നു സംഘത്തിന്റെ തീരുമാനം.



സ്ഥലത്തു് ഒരു മുറിയുണ്ടായാൽ അവിടെ താമസിച്ചു പണി നടത്തുവാൻ കൂടുതൽ സൌകര്യമുണ്ടാകുമെന്നുള്ള എടക്കുളത്തു മല്പാന്റെ അഭിപ്രായം എല്ലാവരും സ്വീകരിച്ചു. രണ്ടു മല്പാന്മാരും 14 വൈദികരും മാറി മാറി അവിടെ താമസിച്ചു് പണി നടത്തുവാൻ സന്നദ്ധരായി. കാര്യത്തിന്റെ സ്ഥിരതയ്ക്കുവേണ്ടി 16 പേരും നിശ്ചയത്തിൽ ഒപ്പുവെയ്ക്കുകയുംചെയ്തു. പള്ളിക്കാരെ സംഗതി അറിയിക്കുന്നതിനും മേലധികാരത്തിൽ ബോധിപ്പിച്ചു് അനുവാദം വാങ്ങിക്കുന്നതിനും മല്പാന്മാർ രണ്ടുപേരെയാണു് ഭരമേല്പിച്ചതു്.

അവർ യോഗനിശ്ചയങ്ങളും ഉടയംപേരൂരിനു വടക്കുള്ള എല്ലാ പള്ളിക്കാരെയും അറിയിച്ചു. ഇവർ സസന്തോഷം അവ സ്വീകരിച്ചു് തങ്ങളാൽ കഴിയുന്ന സഹായം വാഗ്ദാനംചെയ്തു. വരാപ്പുഴെ അഭിവന്ദ്യ ലൂദവിക്കോസു് മെത്രാപ്പോലീത്താ തിരുമേനിയെ സംഗതി അറിയിക്കുവാൻ മല്പാന്മാർ രണ്ടുപേരും അരമനയിൽചെന്നു. അദ്ദേഹം സ്ഥലത്തില്ലാതിരുന്നതിനാൽ പകരം ജോലി നോക്കിയിരുന്ന ബ

ണ്ണർദീനോസ്സ് മെത്രാനച്ചനെ എഴുത്തു കൊടുത്തു് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. തിരുമനസ്സുകൊണ്ടു് വളരെ സംതൃപ്തി പ്രകാശിപ്പിച്ചു് പണി വേഗം നടത്തുവാൻ വാക്കാൽ കല്പിക്കയാണുണ്ടായതു്.

ആശ്രമത്തിനു് നിശ്ചയിച്ചിരുന്ന. പണ്ടാരവക വസ്തു 1851 മാച്ചു് 31-ാംതീയതി പതിപ്പിച്ചെടുത്തു. അനന്തരം സ്ഥലത്തുവന്നു് വേണ്ട കാര്യങ്ങളെല്ലാം എടുക്കുളത്തുമല്പാൻ അന്വേഷിക്കുവാൻ തുടങ്ങി. പല പള്ളിക്കാരിൽനിന്നും പിരിഞ്ഞുകിട്ടിയ രൂപകൊണ്ടു് 1852 ഏപ്രിൽ മാസത്തിൽ ഒരു ബംഗ്ലാവു് പണി തീർത്തു. എന്നാൽ അതു് ശക്തിയായ കാറ്റുമൂലം കേടുവന്നതിനാൽ മല്പാനച്ചന്റെ സ്വന്ത ചിലവിന്മേലാണു് അതിന്റെ കേടുപോക്കിയതു്. ഈ സന്ദർഭത്തിലാണു് ഒല്ലക്കാർ ഒരു വൈദികനെ മാസം തോറും വിട്ടു് പണി നടത്തുവാൻ യോഗത്തു് തീച്ചയാക്കിയതു്. ആഴ്ചകളും മാസങ്ങളും അങ്ങിനെ കടന്നുപോയി. സ്ഥലത്തു് ഒരു കപ്പേള ഉണ്ടാകേണ്ടതായ ആവശ്യം കൂടുതൽ അനുഭവപ്പെട്ടു. ആകയാൽ അതിനുള്ള അനുമതിക്കായി ദിവാന്റെ പക്കൽ അപേക്ഷിച്ചിട്ടു മറുപടി കാണായ്കയാൽ റസിഡെൻസി സായ്പിനെ സമീപിച്ചു. എന്നാൽ താമസിയാതെ ദിവാൻ അനുമതി നൽകി. സ്ഥലത്തു് ദിവ്യബലി അർപ്പിക്കുന്നതിനും ആശ്രമപ്പണിക്കായി പിരിവു് നടത്തുന്നതിനും യാതൊരു വിഷമവുംകൂടാതെ അനുമതി ലഭിക്കുമെന്ന പ്രതീക്ഷയോടെ മെത്രാപ്പോലീത്താ തിരുമേനിയെ സമീപിച്ചപ്പോൾ അദ്ദേഹം അനുകൂലിയായിട്ടല്ല കാണപ്പെട്ടതു്. മാന്നാനത്തെ സ്ഥാപനം ഇനിയും ഒരു സന്യാസസമൂഹത്തിന്റെ നിശ്ചിതരൂപം പ്രാപിച്ചിട്ടില്ലായിരുന്നതും, പ്ലാശിനാലിൽ കുടക്കച്ചിറ അച്ചൻ തുടങ്ങിയതു് അമംഗളാവസ്ഥയിലേക്കു് പതുക്കെ വഴുതിക്കൊണ്ടിരുന്നതും മറ്റുമാവാം ഈ നിഷേധത്തിനു ഹേതു.

ഇങ്ങനെ മെത്രാപ്പോലീത്താ തിരുമനസ്സിലെ നിരോധനവും പണത്തിന്റെ അഭാവവും നിമിത്തം പണി മുന്നോട്ടു പോകുന്നില്ലെന്നു കണ്ടു് തോട്ടുങ്കൽ അന്തോണി

അച്ചൻ സ്ഥലത്തുവന്നു് സ്വന്ത ചിലവിന്മേൽ പണി തുടർന്നു. പണിയുടെ പുരോഗതിക്കു മേലധികാരത്തിൽനി ന്നുള്ള അനുമതിയും ആശീർവ്വാദവും ആവശ്യമാകയാൽ വീ ണ്ടും യോഗംകൂടി മല്ലാന്മാരും, തോട്ടങ്കൽ അന്തോണി അച്ച നും മറ്റു ചില വൈദികരുംകൂടി ഒരപേക്ഷ സമർപ്പിക്കുവാൻ തീർച്ചയാക്കി. എല്ലാവരും പള്ളിപ്പുറത്തുകൂടി, ഒന്നിച്ചു് വരാപ്പുഴെക്കു പുറപ്പെടണമെന്നായിരുന്നു നിശ്ചയം. അപ്ര കാരം തോട്ടങ്കലച്ചൻ പുറപ്പെട്ടു് എടത്തുരുത്തിയിൽ ചെന്ന പ്പോൾ സ്വന്ത ഇടവകയിൽ വസന്ത ശക്തിപ്പെട്ടിരിക്കുന്നു വെന്നു് അറിവാനിടയായി. വല്ലവരും അന്ത്യകൂദാശകൂടാതെ മരിക്കുമോ എന്ന ഭയം സ്വന്ത ഇടവകയിലേയ്ക്കു്- വസന്തയുടെ മദ്ധ്യത്തിലേയ്ക്കു-പിന്തിരിയുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. എന്നാൽ വരാപ്പുഴെ ചെന്നു ഹർജി സമർ പ്പിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടാണു് മടങ്ങി യതു്. ഇടവകയിൽവന്നു് വസന്തപിടിപ്പെട്ടവർക്കുവേണ്ട ശുശ്രൂഷകൾ ചെയ്തുവരികയിൽ അദ്ദേഹത്തേയും വസന്ത ബാധിച്ചു. ഇങ്ങനെയാണു് ഏൽത്തുരുത്തു് ആശ്രമസ്ഥാ പനത്തിനു വളരെ ആഗ്രഹിക്കയും അതിന്നായി വളരെ ബുദ്ധിമുട്ടുകയും ചെയ്ത ആ മഹാത്മാവു് കാലയവനികക്കു ള്ളിൽ മറഞ്ഞതു്.

മുൻനിശ്ചയപ്രകാരം മല്ലാന്മാരും വൈദികരും പള്ളിപ്പുറത്തു വന്നപ്പോഴാണു് വരാപ്പുഴെയും വസന്ത വളരെ ശക്തിപ്പെട്ടിരിക്കുകയാണെന്നു അറിയുവാൻ ഇടയായതു്. ആകയാൽ തല്ക്കാലം യാത്രനിറുത്തി എല്ലാവരും അവരവരു ടെ സ്ഥലങ്ങളിലേയ്ക്കു പിരിഞ്ഞുപോയി. ഈദൃശ പ്രതികൂല ങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും എടക്കളത്തു മല്ലാൻ അര ണാട്ടുകരെ താമസിച്ചു മന്ദമായിട്ടെങ്കിലും ആശ്രമപ്പണി തുടർന്നുവന്നു. അതേസമയംതന്നെ ആശ്രമപ്പണിക്കുള്ള ദ്രവ്യ വാദത്തിന്നായി തുടരെത്തുടരെ ഹർജികൾ അയച്ചുകൊണ്ടി രുന്നു. അവസാനം ആശ്രമപ്പണി നിരോധിച്ചുകൊണ്ടുള്ള കല്പനയുണ്ടായി. ആകയാൽ 1854 നവമ്പർ 1-ാം തീയതി മല്ലാന്മാരുടെ ആഗ്രഹാനുസരണം ഒരു യോഗം വിളിച്ചുകൂട്ടി മേലിൽ കരണീയമെന്തെന്നതിനെപ്പറ്റി ആലോചന നട

ത്തി. അനുവാദത്തിന്നായി കരവസാനശ്രമംകൂടി ചെയ്യണമെന്നും, അനുകൂലമായ മറുപടിയുണ്ടാകാത്തപക്ഷം വസ്തുവിറകുകളയുന്നതിനുള്ള അനുമതിയ്ക്കായി അഭ്യർത്ഥിക്കണമെന്നുമായിരുന്ന യോഗത്തിന്റെ നിശ്ചയം. അനുകൂലമായ ഉത്തരവുണ്ടായില്ല. തന്മൂലം വസ്തുവിന്മേൽ ഉണ്ടായിരുന്ന ചില്ലറക്കടം തീർക്കുവാനുള്ള തുക വാങ്ങി വസ്തു അരണാട്ടുകര പള്ളിക്കാർക്കു വിട്ടുകൊടുത്തു. മേലിൽ ആശ്രമപ്പണിക്കു് ആവശ്യപ്പെട്ടാൽ തിരിച്ചുതന്നുകൊള്ളാമെന്നുള്ള കരാറിന്മേലാണു് വസ്തു വിട്ടുകൊടുത്തതു്.

പിന്നീടു് ആശ്രമപ്പണിക്കു് അനുമതി ലഭിച്ചപ്പോൾ മുൻനിശ്ചയപ്രകാരം അവർ വസ്തു വിട്ടുതന്നു. എന്നാൽ വസ്തു അവരുടെ കൈവശമിരുന്ന കാലത്തു് ചില ചില്ലറ ദേഹണ്ഡങ്ങൾ അവിടെ നടത്തിയിട്ടുണ്ടായിരുന്നു. അതിനു പ്രതിഫലമായി, ആശ്രമപ്പണി ഉദ്ദേശിച്ചു അരണാട്ടുകര പള്ളിക്കാർക്കിട്ടിരുന്ന സംഭാവനത്തുക അവർക്കു വിട്ടുകൊടുത്തു.

ആശ്രമസ്ഥാപനക്കാര്യം ഇങ്ങനെ കുറെ വർഷത്തേയ്ക്കു നിർജ്ജീവമായി കിടന്നു. എന്നാൽ കേരളസഭയെ അവതാളത്തിലാക്കുവാനുള്ള യത്നങ്ങൾ തരിതഗതിയിൽ പുരോഗമിച്ചുകൊണ്ടാണിരുന്നതു്.

1854-ൽ ബാഡാദിലേയ്ക്കു പുറപ്പെട്ട കുടക്കച്ചിറ അന്തോണിയച്ചനും കൂട്ടരും അവിടെച്ചെന്നു് വളരെയൊക്കെ പരിശ്രമിച്ചെങ്കിലും കാര്യം സാധിക്കായ്കയാൽ 1856-ൽ കുടക്കച്ചിറ തനിയെ കേരളത്തിലേയ്ക്കു മടങ്ങി. ഇവിടെയെത്തിയപ്പോൾ വരാപ്പുഴെ അരമനയിൽനിന്നും അദ്ദേഹത്തെ അംശം മുടക്കുകയും ഒടുവിൽ മഹറോൻചൊല്ലുകയുമുണ്ടായി. എങ്കിലും തെക്കും വടക്കുമുള്ള എല്ലാ സുറിയാനിപ്പള്ളികളിലും അദ്ദേഹം സഞ്ചരിച്ചു് പട്ടക്കാരെയും ജനങ്ങളെയും കൊണ്ടു് ഹരജിയിൽ ഒപ്പുവെപ്പിക്കുകയും പണംപിരിക്കുകയും ചെയ്തു. പാത്രിയർക്കീസുവഴി മാപ്പാപ്പയിൽനിന്നു് ഒരു കൽപ്പനയുമെത്രാനെ കൊണ്ടുവരാമെന്നു് ഉറപ്പുപറഞ്ഞുകൊ

ണ്ടാണു് ഇപ്രകാരം ചെയ്യിച്ചിരുന്നതു്. 1857-ൽ വീണ്ടും കുടക്കച്ചിറ അന്തോണിയച്ചൻ ബാശാദിലേക്കു തിരിച്ചു. ഇപ്പോഴും ചില ശെമ്മാശന്മാരെയും ചെറുപ്പക്കാരെയും തന്നോടുകൂടെ കൊണ്ടുപോയിരുന്നു. എന്നാൽ ബസ്രായിലെത്തിയപ്പോൾ മിക്കവർക്കും ജ്വരബാധയുണ്ടായി. അല്പം സുഖമായപ്പോൾ അവർ വീണ്ടും യാത്രതുടർന്നു. ബാശാദിൽ എത്തി ഏറെത്താമസിയാതെ കുടക്കച്ചിറ അച്ചനും പല യുവാക്കളും മൃതിയടഞ്ഞു. കുടക്കച്ചിറ തനിക്കു നിത്യവിധിയാളന്റെമുമ്പിൽ ഹാജരാകുവാനുള്ള സമയം ആസന്നമായിരിക്കുന്നുവെന്നു കണ്ടു് സ്വന്തപാപങ്ങളെക്കുറിച്ചു് പശ്ചാത്തപിച്ചു. ആ സ്ഥലത്തെ പ്രീഫെക്ടു് അപ്പസ്തോലിക്ക അദ്ദേഹത്തിന്റെ മഹനോന്നം പോക്കി. അവസാനം അന്ത്യകൂദാശകളെല്ലാം യഥായോഗ്യം സ്വീകരിച്ചുകൊണ്ടാണു് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞതെന്നു് കാർത്തുകൊണ്ടു നമുക്കു ദൈവനുഗ്രഹത്തെ വാഴ്ത്താം. ഇതുകൊണ്ടും അല്പമെങ്കിലും കുലുങ്ങാതെ തൊങ്കനാട്ടു അന്തോണി അച്ചൻ തന്റെ യത്നങ്ങൾ നൈസർഗ്ഗിക പിടിവാദത്തോടെ തുടർന്നുകൊണ്ടുതന്നെയിരുന്നു.

II

1858 — 1868

ആശ്രമസ്ഥാപനവും റോക്കോസ് ശിശ്മയും.

അഭിവന്ദ്യ ബണ്ണർദീനോസ് മെത്രാനച്ചൻ തിരുമനസ്സിലെ വാക്കാലുള്ള അനുവാദപ്രകാരം ഏൽത്തുരുത്തു് സമാരംഭിച്ച ആശ്രമപ്പണി എങ്ങനെ പിന്നീടു് നിരോധിക്കപ്പെടുകയും നിന്നുപോകുകയും ചെയ്തുവെന്നു നാം കണ്ടു. ഇങ്ങനെ 1854-ൽ വരാപ്പുഴയിൽനിന്നുണ്ടായ കല്പനപ്രകാരം നിറുത്തലാക്കപ്പെട്ട ഏൽത്തുരുത്തു് ആശ്രമപ്പണി അതേ അധികാരത്തിൽനിന്നുണ്ടായ കല്പനയാൽ, അതേ സ്ഥാനത്തുതന്നെ 1858-ൽ പുനരാരംഭിച്ചു അതെങ്ങിനെയെന്നു പറയാം: 1855 ഡിസംബർ 8-ാം തീയതി അമലോത്ഭവപ്രഖ്യാപനത്തിന്റെ പ്രഥമവാർഷികത്തിൽ, മാന്നാനം കുന്നിന്മേൽ ഒരു ഏതദ്ദേശികസന്യാസസമൂഹം രൂപം പ്രാപിച്ചു. അന്നു് ചാവറ കുര്യാക്കോസു് അച്ചൻ ഉൾപ്പെടെ പതിനൊന്നു യോഗീവര്യന്മാർ തങ്ങളുടെ സന്യാസനേർച്ച കർത്തൃദൈവത്തിനു സമർപ്പിച്ചു. "അമലോത്ഭവകന്യകയുടെ ദാസന്മാർ" എന്ന പേരാണു് അന്നു് അവർ സ്വീകരിച്ചതു്." "കർമ്മെലീത്ത മൂന്നാംസഭക്കാർ" എന്ന സംജ്ഞ പിന്നീടാണു് അവർക്കു കൈവന്നതു്. രണ്ടുവർഷം പിന്നെയും കടന്നുപോയി. മാന്നാനത്തു നടന്നുവന്ന സന്യാസജീവിതം കണ്ടു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സന്തുഷ്ടനായി. അക്കാലത്താണു് അദ്ദേഹം വരാപ്പുഴ വികാരിയാത്തിന്റെ പൂർണ്ണാധികാരിയായിത്തീർന്നതു്.

ഇങ്ങനെയിരിക്കെ നിരോധിക്കപ്പെട്ട ഏൽത്തുരുത്തു് ആശ്രമത്തെപ്പറ്റിയുള്ള ചിന്ത അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ ഉയർന്നുവന്നു. മാന്നാനത്തെപ്പോലെ ഒരു

ആശ്രമം വടക്കൻപ്രദേശങ്ങളിലും ഉണ്ടായിക്കാണുവാൻ അദ്ദേഹം അഭിലഷിച്ചു. അതിന്നായി അദ്ദേഹം പ്രഥമത: സ്വീകരിച്ച നടപടി, ആശ്രമക്കാര്യം ശരിയായി നടത്തുന്നതിന്നു പ്രാപ്തനും, വടക്കൻപ്രദേശങ്ങളിൽ വിശിഷ്യാ, അരണാട്ടുകരെ പള്ളിയിൽ വളരെനാൾ വികാരിയായിരുന്നിട്ടുള്ളവനുമായ ആനക്കല്ലുങ്കൽ ബഞ്ഞ്ങ്ങാനം ഇടവക പുല്ലാട്ട് അബ്രാഹം അച്ചനെ അരണാട്ടുകരെ വികാരിയായി നിയമിച്ചതാണു്. 1857-ൽ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു് ഒരു കല്പന അയച്ചു. വടക്കൻപ്രദേശങ്ങളിൽ ഒരാശ്രമം ഉണ്ടായിക്കാണുവാൻ ചില വൈദികർ ആഗ്രഹിച്ചിരുന്നുവെന്നും അക്കാര്യം ഇപ്പോൾ എങ്ങനെയിരിക്കുന്നുവെന്നും, അതിനുപറ്റിയ സ്ഥലം ഏതെന്നു് അറിയിക്കണമെന്നും മറുമായിരുന്ന പ്രസ്തുത കല്പനയുടെ താല്പര്യം. കല്പന കിട്ടിയ ഉടനെ അദ്ദേഹം അരണാട്ടുകരെയും ഒല്ലൂരും ഉള്ള വൈദികരെയും ജനങ്ങളെയുംകണ്ടു് ആലോചിച്ചു. ആശ്രമസ്ഥാപനക്കാര്യം എല്ലാവർക്കും ഇപ്പോഴും വളരെ താല്പര്യമാണെന്നും, സ്ഥലം, മുമ്പു് ആശ്രമത്തിന്നായി പതിച്ചെടുത്ത എലവത്തുരുത്തുതന്നെ മതിയെന്നുമുള്ള പൊതു അഭിപ്രായം അറിയിച്ചു. ഉടൻതന്നെ ആശ്രമപ്പണി ആരംഭിക്കുവാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് കല്പനയും കൊടുത്തു. മാത്രമല്ല, സ്ഥലത്തു താമസിച്ചു പണി നടത്തുവാൻ ഒരു മുറിയും കുർബ്ബാന ചൊല്ലുന്നതിനു് ഒരു സ്ഥലവും ഉടനെ ഉണ്ടാക്കണമെന്നും അവയ്ക്കാവശ്യമുള്ള പണം പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും പിരിക്കുന്നതിനു് അനുവദിക്കുന്നുവെന്നും അറിയിച്ചു.

ഏൽത്തുരുത്തു് ആശ്രമക്കാര്യത്തിൽ വരാപ്പുഴെ മെത്രാസനം ഇപ്പോഴും ഇത്രവലിയ താല്പര്യം കാണിക്കുവാൻ കാരണമെന്തു്? മാന്നാനത്തെ സന്യാസസമൂഹം ശ്രുപതയ്ക്കു പൊതുവെ പ്രയോജനകരമായിരിക്കും എന്ന ചിന്ത മെത്രാപ്പോലീത്താ തിരുമനസ്സിനെ ഇതിനു പ്രേരിപ്പിച്ചിരിക്കാം. അന്നത്തെ സാഹചര്യങ്ങളും ഏൽത്തുരുത്തു് ആശ്രമസ്ഥാപനത്തിനു അനുകൂലങ്ങളായിരുന്നു. കാരണം, സുറിയാനി മെത്രാനെ ലഭിക്കുവാനുള്ള കേരളനസ്രാണികളുടെ നില

വിളി അവഗണിച്ചു തള്ളുവാൻകഴിയാത്ത ഒരു നിലയിൽ എത്തിയിരുന്നുവെന്നു് അനുമാനിക്കുവാൻ വരാപ്പുഴെ അധികാരികൾക്കു് പ്രയാസമുണ്ടായിരുന്നില്ല. 1856-ൽ ബാദ്ദാദിൽനിന്നു് കേരളത്തിൽ തിരിച്ചെത്തിയ കൂടക്കച്ചിറ അന്തോണി അച്ചനോടു് സൂറിയാനിക്കാർ കാണിച്ച അനുഭാവവും, അംശമുടക്കും മഹറോനും അവഗണിച്ചു് അദ്ദേഹം കേരളത്തിൽ ചുറ്റിത്തിരിഞ്ഞു പണപ്പിരിവും മറ്റും നടത്തിയതും, ബാദ്ദാദിലും മറ്റും തൊണ്ടനാടൻ പ്രവൃത്തികളും നടത്തിവന്ന പ്രചരണങ്ങളും കേരളസഭയുടെ ഭാവിയെ ആശങ്കാനിബിഡമാക്കുവാൻ പര്യാപ്തങ്ങളായിരുന്നുവല്ലൊ.


ആകയാൽ വടക്കൻ പ്രദേശങ്ങളിലെ വൈദികരും ജനങ്ങളും ഒരുപോലെ ഏൽത്തുരുത്തു് ആശ്രമം ഉണ്ടായിക്കാണുവാൻ അഭിലഷിച്ചിരുന്നതുകൊണ്ടു് ആശ്രമക്കാര്യം മുന്നോട്ടുതള്ളിക്കൊണ്ടുപോകുവാൻ ബ. പുല്ലാട്ടച്ചനു് യാതൊരു പ്രയാസവുമുണ്ടായില്ല. മേലധികാരത്തിൽനിന്നും നിർദ്ദേശങ്ങളും ലഭിച്ച ഉടനെ മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ എലവത്തുരുത്തു് അരണാട്ടുകരെ പള്ളിക്കാരിൽനിന്നു തിരിച്ചു വാങ്ങി. പിരിഞ്ഞുകിട്ടിയ പണംകൊണ്ടു് അത്യാവശ്യം താമസിക്കുന്നതിനു് ചില മുറികളും ഒരു ചെറിയ കപ്പേളയും * പണികഴിപ്പിക്കുകയും, വിവരങ്ങളെല്ലാം മെത്രാപ്പോലീത്താ തിരുമേനിയെ ധരിപ്പിക്കുകയും ചെയ്തു.

വൈദികരുടെയും ജനങ്ങളുടെയും നന്മനസ്സുകണ്ടു് പള്ളിക്കുവേണ്ട അനുവാദങ്ങളും സക്കാരിൽനിന്നു് വാങ്ങുന്നതിനു് അരണാട്ടുകരെ പള്ളി ബ. വികാരിക്കും, സ്ഥലത്തുചെന്നു് ആശ്രമത്തിനു കല്ലിടുവാൻ പ്രിയോർ, ഫെ. ബ. ചാവറ കുര്യാക്കോസച്ചനും മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കല്പന അയച്ചു. കല്ലിട്ട സംഭവം ഇങ്ങനെയാണു് പ്രിയോരച്ചൻ വിവരിക്കുന്നതു്:— "1858 കുംഭമാസത്തിൽ അരണാട്ടുകര കൊവേന്ത സ്ഥാപിക്കണമെന്നും, മുൻവടക്കുംപുറ

---

* ഈ കപ്പേള ഇപ്പോഴത്തെ പള്ളിയുടെ മുൻവശത്തുനിന്നു് ഉദ്ദേശം 50 വാര വടക്കു കിഴക്കോട്ടു് മാറിയായിരുന്ന സ്ഥിതി ചെയ്തിരുന്നതു്.

ത്തെ പള്ളിക്കാർ അപേക്ഷിച്ചിരുന്നാറെ അന്നിടവരാതെ കിടന്നിരുന്നതിനെ നിറവേറണമെന്നും പെ. ബ. മെത്രാനച്ചൻതന്നെ ഉത്സാഹിച്ചു കല്പനയെഴുതി. വടക്കുള്ള മല്പാന്മാരും പള്ളിക്കാരുംകൂടി പള്ളികൾക്കു വരിയിട്ടു. ഏതാനും പണവും പിരിച്ചു. ആയതിനു് ഉത്സാഹിപ്പാൻ അരണാട്ടുകരെ മൻവികാരിയായിരുന്ന ആനക്കല്ലുങ്കൽ ഇടവകക്കാരൻ



പെ. ബ. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.

പുല്ലാട്ടു ബ. ഇട്ടിയേര (അബ്രാഹം) കത്തനാരച്ചനെ അരണാട്ടുകരെ വികാരിയായിട്ടും ഇതിന്റെ ഉത്സാഹക്കാരനായിട്ടും കല്പിച്ചു് ഒരു ചെറിയ കപ്പേളയും രണ്ടു നില മുറിയും ഇരുവശവും വരാന്തയുംചേർന്ന പള്ളിയോടുകൂടെ ഇങ്ങനെ തല്ക്കാലത്തിന്നായി ചമച്ചു് ടി. മാസം 2-ാംതീയതി ദൈവമാതാവിന്റെ ശുദ്ധീകരണത്തിരുന്നാളിൽ ബ. പ്രിയോരച്ചൻ കല്പന

പ്രകാരം ചെന്നു് മാതാവിന്റെ നാമത്തിൽ അടിസ്ഥാന ക്കല്ലു് വെച്ചു. അന്നേ ദിവസം കപ്പേളയിൽ കുബ്ബാനയും ചൊല്ലി. എന്നാൽ എടക്കളത്തൂ മല്പാൻ, കൽപ്പറമ്പു് മ ല്പാൻ മുതലായ വേണ്ടത്തക്ക പട്ടക്കാരും, തൃശ്ശൂർ, ഒല്ലൂർ, ഏനാമ്മാവു്, പഴയൂർ ഇങ്ങനെയുള്ള ഇടവകപ്പള്ളിക്കാരും കൂടി. അന്നേ ദിവസം പള്ളിക്കടുത്ത വെഞ്ചാടി, മെഴുക തിരി മുതലായവ അരണാട്ടുകരെ പള്ളിയിൽനിന്നാണു് കൊ ണ്ടുവന്നിരുന്നതു്.''

കല്ലിട്ട വർത്തമാനവും തദവസരത്തിൽ വൈദി കരും ജനങ്ങളും കാണിച്ച താല്പര്യവും അഭിവന്ദ്യമെത്രാപ്പോ ലീത്താ തിരുമേനിയെ അതീവ സന്തുഷ്ടനാക്കി. ഉടനെത്ത ന്നെ സ്ഥലത്തുപോയി താമസിച്ചു് പണി നടത്തുന്നതിനു് പുളിങ്കുന്നു തോപ്പിൽ ബ. ഗീവറുഗീസച്ചനേയും രണ്ടു തുണ സഹോദരന്മാരെയും ഇവിടേയ്ക്കയച്ചു. തുരുത്തിനു വടക്കു കി ഴക്കുള്ള കോമ്പനിലം വാങ്ങി സ്വന്തചിലവിന്മേൽ കൃഷിയി റക്കി. കൃഷി നഷ്ടപ്പെടുകയാൽ കൂടുതൽ വിഷമത്തിനു ഇട വരികയാണുണ്ടായതു്. പണത്തിനായി പലരേയും സമീപി ച്ചു. അവസാനമായി കൊക്കാലെ നെൽക്കച്ചവടം ചെയ്തി രുന്നവർ മുഖേന കുറെ പണം പിരിഞ്ഞുകിട്ടി.

കെട്ടിടങ്ങൾ പണിയേണ്ട വിധത്തെക്കുറിച്ചു് ആ ലോചിക്കുവാൻ പെ. ബ. പീലിപ്പോസു് മിഷനറി സ്ഥല ത്തുവന്നു കിഴക്കൻ കാറ്റിനെ പരിഗണിച്ചാണു് തെക്കോട്ടു ഉദ്ദേശിച്ചിരുന്ന മുഖം കിഴക്കോട്ടായി പണിയുവാൻ തീച്ചയാ ക്കിയതു്. ആശ്രമം, പള്ളി, സെമിനാരി, അച്ചന്മാർക്കു് ധ്യാനിക്കുവാൻ. ഒരു ഭവനം എന്നിങ്ങനെ നാലു കെട്ടിടം പണിയുവാനായിരുന്നു മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്ലാൻ. എന്നാൽ നാലിന്റെയും പണി ഒന്നിച്ചു നടത്തുക സാദ്ധ്യമല്ലായിരുന്നതിനാൽ ആദ്യം ആശ്രമവും പിന്നെ പ ള്ളിയും അതിനുശേഷം മറ്റു രണ്ടു കെട്ടിടവും പണിയാമെ ന്നു് തീച്ചയാക്കി. 1859-ാം വർഷാവസാനത്തോടുകൂടിയാ ണു് ആശ്രമപ്പണി ആരംഭിച്ചതു്. പണത്തിന്റെ അഭാവം നിമിത്തം പണി മുന്നോട്ടു തള്ളുവാൻ നിവൃത്തിമില്ലെന്നായി.

റോക്കോസു് ശീശ്മയുടെ ഭയാനകമായ വേലിയേറമാണു് പണപ്പിരിവിനു വിലങ്ങുതടിയായി നിന്നതു്. അതെങ്ങനെയെന്നു പറയാം:—

കടക്കച്ചിറയുടെ മരണാനന്തരം തൊണ്ടനാട്ടു അന്തോണി അച്ചനും മറ്റും മൂന്നു വർഷം ബാശാഭിൽ താമസിച്ചു് ഭഗീരഥപ്രയത്നംചെയ്തു. അവരുടെ താല്പര്യപ്രകാരം കേരളീയക്കു് ഒരു സുറിയാനി മെത്രാനെ കല്പിച്ചുനൽകണമെന്നു് മൂസലിലെ പാത്രിയക്കീസു് ഔഗോ, തിരുസിംഹാസനത്തിലേയ്ക്കെഴുതി. എന്നാൽ റോമിൽനിന്നുള്ള തീരുമാനം അനുകൂലമല്ലാഞ്ഞതിനാൽ തൊണ്ടനാട്ടു് അന്തോണി അച്ചൻ കൃപിതനായി അവിടെയുള്ള മെത്രാന്മാരെയും ജനങ്ങളെയും ഇളക്കി. ഇങ്ങനെ സാഹചര്യങ്ങളാൽ നിബ്ബന്ധിതനായിട്ടാണു് ഔഗോ പാത്രിയക്കീസു് തോമ്മാ റോക്കോസു് എന്ന യാക്കൂ മെത്രാഭിഷേകം നൽകി കേരളത്തിലേയ്ക്കു യാത്രയാക്കിയതു്. ബാശാഭിലെ നീക്കങ്ങൾ കേരളത്തിൽ അപ്പോളപ്പോൾ അറിഞ്ഞുകൊണ്ടിരുന്നതിനാൽ റോക്കോസിന്റെ കേരളപ്രവേശനം തടയുവാൻ വരാപ്പുഴെ മെത്രാസനത്തിൽനിന്നു എല്ലാ യത്നങ്ങളുംചെയ്തു. പെ ബ. ചാവറ പ്രിയോരച്ചനും സുദീർഘമായ ഒരു വിജ്ഞാപനം വഴിയായി വരുവാൻ പോകുന്ന വിപത്തിന്റെ ഗൌരവം ചൂണ്ടിക്കാണിക്കുകയും റോക്കോസു് മെത്രാനെ ആരും സ്വീകരിക്കരുതെന്നു് ഏറ്റവും ശക്തമായ ഭാഷയിൽ ഉപദേശിക്കുകയുംചെയ്തു. യത്നങ്ങളെല്ലാം വിഫലമായി. റോക്കോസുമെത്രാനും അനുചരന്മാരും 1861 മേയ്മാസം 9-ാംതീയതി കൊച്ചിയിൽ വന്നിറങ്ങി.

സുറിയാനി മെത്രാനെ ലഭിക്കുവാൻ ദീർഘകാലമായി കൊതിച്ചും യത്നിച്ചും വന്ന മലങ്കര പൊതുവെ റോക്കോസു് മെത്രാനെ സ്വാഗതം ചെയ്തു. റോമ്മിൽനിന്നുള്ള അധികാരപത്രത്തോടുകൂടെത്തന്നെയാണോ ഈ വരവെന്നു് ആരും അധികമൊന്നും ശ്രദ്ധിച്ചില്ല. ആഗ്രഹംപോലെയുള്ള ഒരു സംഭവമായിരുന്നുവല്ലൊ അതു്. തക്ക രേഖകൾ ഉണ്ടെന്നു് ചിലരും ഇല്ലെന്നു് വേറെ ചിലരും പറഞ്ഞിരുന്നതിനാൽ കലങ്ങിയ വെള്ളത്തിൽപ്പെട്ട മത്സ്യംപോലെയായി

കേരളീയർ. യാഥാർത്ഥ്യത്തെക്കുറിച്ച് കൂടുതൽ വിചിന്തനം ചെയ്യുവാൻ വരാപ്പുഴെ അധികാരത്തോടുണ്ടായിരുന്ന വിദ്വേഷം അവരെ അനുവദിച്ചതുമില്ല. പതിനൊന്നുമാസം മാത്രമാണ് റോക്കോസ് കേരളത്തിൽ താമസിച്ചത്. ഇതിനിടയിൽ അന്ന് സുറിയാനികത്തോലിക്കരുടെ വകയായിട്ടുണ്ടായിരുന്ന 154 പള്ളികളിൽ 86 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും ശീശ്മയിൽ നിപതിച്ചുവെന്ന് പറഞ്ഞാൽ റോക്കോസ്-ശീശ്മക്കുണ്ടായ വ്യാപ്തി ഏതാണ്ട് ഊഹ്യമാണല്ലൊ. റോക്കോസ് മെത്രാൻ തൈക്കാട്ടുശ്ശേരിയിൽ ഇരുന്ന് വ്യാജമായി അധികാര പ്രഖ്യാപനം ചെയ്തയാൽ മിക്ക വൈദികരും പള്ളികളും അദ്ദേഹത്തിനു തലകുനിച്ചു. ചെറുത്തുനിന്ന വൈദികരോടും പള്ളികളോടുംകൂടെയായിരുന്നു കർമ്മെലീത്താവൈദികരും അവരുടെ ആശ്രമങ്ങളും.

ഈദൃശസാഹചര്യങ്ങളിൽ എവിടെനിന്ന് പണം പിരിക്കും? ആര് ആശ്രമത്തിന്ന് ഒത്താശ ചെയ്യും? 1858-ൽ ആശ്രമത്തിനു കല്ലിടുവാൻ വന്നപ്പോൾ പ്രിയോരച്ചൻ കണ്ട ശോഭായമാനമായ സഭാന്തരീക്ഷം ശീശ്മയുടെ കാർമേഘപടലങ്ങളാൽ കരിപുരണ്ട് പ്രക്ഷുബ്ധമായി. മാത്രമല്ല, ആശ്രമപ്പണിക്കു ഒത്താശചെയ്യുവാൻ നിയുക്തനായിരുന്ന പുല്ലാട്ട് ബ. അബ്രാഹംഅച്ചൻ ശീശ്മക്കാരുടെ നടനായകത്വം വഹിച്ചു. എല്ലാവരെയും ശീശ്മമെത്രാനു അടിയറ വെപ്പിക്കുവാനായിരുന്നു ശ്രമം. അദ്ദേഹത്തിന്റെ ഉദ്ദിഷ്ടസാദ്ധ്യത്തിനു പ്രതിബന്ധമായി നിലകൊണ്ട ഏൽത്തുരുത്തു് ആശ്രമത്തെ നാമാവശേഷമാക്കുവാൻ അദ്ദേഹം അത്തെയറ്റം യത്നിക്കുകയുംചെയ്തു. ഗവർമ്മെണ്ടു സംരക്ഷ വേണ്ടിവന്ന ഏൽത്തുരുത്തു് ആശ്രമത്തെ ശീശ്മക്കാരുടെ മർദ്ദനത്തിൽനിന്നും സംരക്ഷിക്കുവാൻ.

ഈ വിപൽഘട്ടം ഏൽത്തുരുത്തു് നാളാഗമത്തിൽ സവിസ്തരം വിവരിച്ചിരിക്കുന്നതു് ഇങ്ങനെ സംഗ്രഹിക്കാം. ശീശ്മക്കാരുടെ പ്രധാനികളും മറ്റും കത്തോലിക്കരെ ഉപദ്രവിക്കാൻ ഒരുങ്ങിയിരുന്നു. കൊവേന്തക്കാർ കത്തോലിക്കരെ സഹായിക്കുന്നുവെന്ന കാരണത്താൽ കൊവേന്തതന്നെ കൈ

വശപ്പെടുത്തുവാൻ അവർ ശ്രമിച്ചു. അന്നു് തോപ്പിലച്ചനും മറവൻകുടി സംഗതിയുടെ ഗുരുതരാവസ്ഥ അന്നത്തെ ദിവാൻജിയെ അറിയിക്കുകയുണ്ടായി. അദ്ദേഹം, "കാരിയാട്ടകരെ ദേശത്തു് അരണാട്ടകരെ ഏൽത്തുരുത്തു് കൊവേന്തയിൽ പാർത്തുവരുന്ന സന്യാസിപ്പട്ടക്കാരോടും ആ സ്ഥലത്തോടും യാതൊരു ഉപദ്രവവും ചെയ്യാതിരിപ്പാൻ തക്കവണ്ണം ചട്ടംകെട്ടിക്കൊള്ളണം" എന്നു് പേഷ്ക്കാർക്കു് കല്പനകൊടുത്തു. പേഷ്ക്കാരുടെ കല്പനപ്രകാരം താസിൽദാർ, പ്രമാണികളെ വരുത്തി കാര്യം അറിയിച്ചു. എങ്കിലും അതുകൊണ്ടു് വലിയ പ്രയോജനമൊന്നുമുണ്ടായില്ല. ആകയാൽ വീണ്ടും ദിവാൻജിയെ സമീപിക്കുവാൻ സന്യാസികൾ നിശ്ചയിതരായി. അരണാട്ടകരെ വികാരി ഈ സംഗതിയിൽ മുന്നിട്ടു പ്രവർത്തിക്കുന്നുവെന്നു ഗ്രഹിച്ചു്, "അദ്ദേഹത്തെ കച്ചേരിമുമ്പാകെ വരുത്തി 50ക. യിൽ കുറയാതെ നല്ല നടപ്പിനു് ജാമ്യം വാങ്ങിക്കൊള്ളണമെന്നും മറ്റാരെങ്കിലും സന്യാസിമാരോടു് ഉപദ്രവംചെയ്യാൻ ഭാവിക്കുന്നതായി പേഷ്ക്കാർ അറിഞ്ഞാൽ അവരോടും അപ്രകാരം ചെയ്യണമെന്നും" കല്പനകൊടുത്തു. ബ. പുല്ലാട്ടച്ചനെ കച്ചേരിയിൽ ഹാജരാക്കുവാൻ വന്ന ശിപായിമാരെ പടിപ്പുരക്കൽ കണ്ടയുടനെ അദ്ദേഹം സുഖക്കേടു ഭാവിച്ചു കട്ടിലിൽ കയറിക്കിടന്നു. വന്ന ശിപായിമാരെ സൽക്കരിച്ചു വിടുകയും ചെയ്തു. അതോടുകൂടി ഏൽത്തുരുത്തു് കൈവശപ്പെടുത്തുവാനുള്ള ശ്രമവും തല്ക്കാലം അവസാനിച്ചു.

ശീശ്മ തുശ്ശൂരും അതിന്റെ പരിസരങ്ങളിലും കൂടുതൽ ഗുരുതരമായിരുന്നതുകൊണ്ടു് വലിയ ചാണ്ടിയച്ചൻ, പാറപ്പുറത്തു വർക്കിയച്ചൻ മുതലായവർ ഏൽത്തുരുത്തു് താമസിച്ചു്, തുശ്ശൂരും അതിന്റെ പരിസരങ്ങളിലുംപോയി ഉജ്ജ്വലപ്രസംഗങ്ങളാൽ ശീശ്മയെ ഉന്മൂലനംചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. മാന്നാനം, ഏൽത്തുരുത്തു് എന്നീ ആശ്രമങ്ങൾ ആസ്ഥാനമാക്കി റോക്കോസു് മെത്രാനെക്കൊണ്ടു് കേരളസഭാഭരണം നടത്തുവാനായിരുന്ന പ്രതിയോഗികളുടെ ഉദ്ദേശ്യം.

കേരളസഭയുടെ ഭയാനകരമായ അവസ്ഥയും അതിന്റെ കാരണങ്ങളും ശരിക്കു ഗ്രഹിച്ചിരുന്ന ബണ്ണർദീനോസ് മെത്രാപ്പോലീത്താ തിരുമേനി പെ. ബ. ചാവറ പ്രയോരച്ചനെ വിപുലമായ അധികാരങ്ങളോടുകൂടി 1861 ജൂൺ 8-ാം തീയതി സുറിയാനിക്കാരുടെ വികാരിജനറാളായി നിയമിച്ചു. അന്നുമുതൽ കൂടുതൽ ഫലപ്രദമായി ശീശ്ലയെ നിർമ്മാജ്ജനം ചെയ്യുവാൻ അദ്ദേഹം യത്നിച്ചുതുടങ്ങി. 1861 ജൂൺ 19-ാം തീയതി പെ. ബ. ചാവറയച്ചൻ വികാരിജനറാൾ എന്ന നിലയിൽ റോക്കോസ് മെത്രാന്റെ അധികാരസാധുതയെപ്പറ്റി 9-ാം പീയൂസ് മാപ്പാപ്പയ്ക്കെഴുതിയതിന്നു, റോക്കോസിന്റെ ആഗമനം നിയമവിരുദ്ധമാണെന്നും മറ്റും തിരുസിംഹാസനത്തിൽനിന്നു രേഖാമൂലമുള്ള ഒരു സന്ദേശം ലഭിച്ചു. പരിശുദ്ധ പിതാവു് 9-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വലിയ പ്രിയോരച്ചനും മറ്റും അയച്ചുകൊടുത്ത ലേഖനം ഭാഷാന്തരംചെയ്തു് താഴെ ചേർക്കുന്നു.

നമ്മുടെ വത്സല പുത്രൻ, പ്രിയോർ, സിറിയക്കു് ഏലിയാസച്ചനും, അലക്സാണ്ടർ, ഏലിസേവൂസ് എന്നീ പട്ടക്കാക്കും മറ്റു വൈദികർക്കും സമാധാനവും ശ്ലൈഹികാശീർവ്വാദവും.

ബ. വൈദികരെ, ഈയാണ്ടു് ജൂൺ 9-ാം തീയതി നിങ്ങൾ സാദരം അയച്ച എഴുത്തു യഥാസമയം കൈപ്പറ്റി. കഴിഞ്ഞ ആണ്ടു മെയ് 2-ാം തീയതി നിങ്ങളുടെ ഇടയിൽ വന്നിട്ടുള്ള റോക്കോസ് മെത്രാനെ എങ്ങനെയാണു് സ്വീകരിക്കേണ്ടതെന്നു് ഉപദേശിക്കുവാൻ യാചിക്കയും അപേക്ഷിക്കയും ചെയ്തായിരുന്നുവല്ലൊ അതിന്റെ ഉദ്ദേശം. കാൽഡിയായിലെ ബാബിലോൺ പാത്രിയർക്കീസായ നമ്മുടെ അഭിവന്ദ്യ സഹോദരൻ, മാർ ജോസെഫിൽനിന്നുള്ള സാക്ഷിപത്രത്തോടുകൂടിയാണു് അദ്ദേഹത്തിന്റെ വരവെന്നും, മലബാർ സഭാഭരണം നിർവ്വഹിക്കുവാൻ നമ്മുടെ കല്പനപ്രകാരമാണു് പാത്രിയർക്കീസു് ജോസെഫ്, അദ്ദേഹത്തെ യാത്രയാക്കീട്ടുള്ളതെന്നു് പ്രസ്തുത സാക്ഷിപത്ര

ത്തിൽ കാണിച്ചിട്ടുണ്ടെന്നും നാം അറിയുന്നു. ഗൗരവാർഹമായ ഈ സംഗതിയിൽ അബദ്ധംപിണയാതിരിക്കാൻ എല്ലാ പള്ളികളുടേയും മാതാവും അദ്ധ്യാപകയുമായ മഹോന്നതറോമ്മായിലെ വി. പള്ളിയോടും ശ്ലൈഹീക സിംഹാസനത്തോടും ആലോചിക്കേണ്ടതാണെന്നു് നിങ്ങൾ തീർച്ചയാക്കിയതിനാൽ നാം അതിയായി സന്തോഷിച്ചു, ഇപ്പോഴും സന്തോഷിക്കയും ചെയ്യുന്നു.

ആകയാൽ പ്രിയ മക്കളെ നിങ്ങൾ അറിയണം റോക്കോസു് നിങ്ങളുടെ പക്കൽ വന്നിട്ടുള്ളതു് പാത്രിയാക്കീസിന്റെമാത്രം ആഗ്രഹപ്രകാരവും കല്പനയോടുംകൂടെയാണെന്നു്. മലബാർപള്ളിയുടെ സംഗതികളിൽ യാതൊരുതരത്തിലും ഇടപെടരുതെന്നു് 1860 നവമ്പർ 26-ാം തീയതി നാം പാത്രിയാർക്കീസിനു് എഴുതുകയും കല്പിക്കയും ചെയ്തിട്ടുള്ളതാണു്. ഇതിൽനിന്നു റോക്കോസുമെത്രാൻ സഭാധികാരമില്ലാത്തവനാണെന്നു് സ്പഷ്ടമാണല്ലൊ. ആകയാൽ അദ്ദേഹത്തെ അനധികൃതമായി അയക്കപ്പെട്ടവനായും, സഭാചെൻസൂരയിൽ വീണവനായുമാണു് നിങ്ങൾ പരിഗണിക്കേണ്ടതു്.

മലബാർ സഭയുടെ ശരിയായതും ന്യായാനുസൃതവുമായ ഇപ്പോഴത്തെ ഭരണാധികാരി പാർസാലാ മെത്രാനായ നമ്മുടെ വത്സലമകൻ അഭിവന്ദ്യ ബർണ്ണർദീനോസു് മെത്രാനാണു്. അദ്ദേഹത്തെ നാം നമ്മുടെ വികാരി അപ്പസ്തോലിക്കായായി അവിടെ നിയമിച്ചിരിക്കയാൽ, പരിശുദ്ധവും ശ്ലൈഹീകവുമായ സഭയുടെ പ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിനു് നിങ്ങൾ വിധേയരായിരിക്കേണ്ടതാണു്. ക്ലൂടാതെയും നിങ്ങളുടെ ഇടയിൽനിന്നു് അല്പമെങ്കിലും കാലവിളംബം കൂടാതെ റോക്കോസു് മെത്രാനെ തിരികെ വിളിക്കണമെന്ന പാത്രിയാർക്കീസു് ജോസഫിനോടു് നാം കല്പിച്ചിട്ടുണ്ടെന്നും നിങ്ങളെ അറിയിക്കുന്നു.

നിങ്ങളോടുള്ള നമ്മുടെ പിതൃവാത്സല്യത്തിന്റെയും സ്വർഗ്ഗീയ അനുഗ്രഹങ്ങളുടേയും അച്ചാരമായി ഇവ നി

ങ്ങളെ താല്പര്യപൂർവ്വം അറിയിക്കുന്നതുകൂടാതെ നമ്മുടെ ഹൃദയമൊക്കയോടുംകൂടെ ശ്ലൈഹീകാശീർവ്വാദം നിങ്ങൾക്കു നല്കുകയും ചെയ്യുന്നു.

റോമാപട്ടണത്തിൽ, ശെമഓൻ പത്രോസിന്റെ ദേവാലയത്തിൽവച്ചു്, ക്രിസ്തുവർഷം 1861 സെപ്റ്റമ്പർ 5-ാം തീയതി, നമ്മുടെ വാഴ്ചയുടെ 16-ാം വർഷത്തിൽ എഴുതിയതു്.

Pope, Pius IX.

ഒപ്പു്.


ഇതിനിടയിൽ റോക്കോസു് പക്ഷക്കാർ അവരുടെ നില ഭദ്രമാക്കുവാൻ, വരാപ്പുഴെ അധികാരത്തിൽനിന്നുള്ള മുടക്കിൽപ്പെട്ടിരുന്ന വൈദികരെ സ്വീകരിച്ചും സെമിനാരികളിൽനിന്നു് ബഹിഷ്കൃതരായവർക്കു് പട്ടംകൊടുത്തും യത്നിച്ചിരുന്നു. മാത്രമല്ല പെ. ബ. പ്രിയോരച്ചനും വരാപ്പുഴെ അധികാരത്തോടു ചേർന്നുനിന്നവർക്കും ഗൌരവമായ താക്കീതും റോക്കോസു് മെത്രാൻ തട്ടിമൂളിച്ചു. പ്രിയോരച്ചന്റെ കർമ്മകുശലത പരമാവധി പ്രത്യക്ഷപ്പെട്ട ഒരു സന്ദർഭമായിരുന്നു അതു്. റോമ്മയിൽനിന്നുള്ള അധികാരപത്രങ്ങളോടുകൂടിയാണു് വന്നിരിക്കുന്നതെന്നു വ്യാജംപറഞ്ഞാണല്ലൊ റോക്കോസു് ജനങ്ങളെ തന്റെ പാശ്ചവർത്തികളാക്കുവാൻ യത്നിച്ചിരുന്നതു്. എന്നാൽ അദ്ദേഹം തൈക്കാട്ടുശ്ശേരിയിൽ തരകന്റെ സംരക്ഷണയിൽ പാർത്തുവരികയിൽ പ്രിയോരച്ചൻ പല വൈദികരോടും ജനപ്രമാണികളോടുംകൂടി അവിടെച്ചെന്നു് അധികാരപത്രങ്ങൾ കാണിക്കുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അപ്പോൾ ചെമ്പു തെളിഞ്ഞു. പ്രിയോരച്ചനെ കമ്പളിപ്പിക്കുവാൻ കഴികയില്ലെന്നു് മനസ്സിലാക്കിയ റോക്കോസു് തനിക്കു് അധികാരപത്രങ്ങളില്ലെന്നു തുറന്നു പറയുവാൻ നിർബ്ബന്ധിതനായി. കൂടാതെയും പെ. ബ. പ്രിയോരച്ചൻ സമാധാനലംഘനം ഭയന്നു് കോട്ടയം പേഷ്കാരെ വിവരം അറിയിച്ചതിന്റെ ഫലമായി റോക്കോസു് മെത്രാനു ദേവാലയപ്രവേശനത്തിനു നിരോധാ

ഇത്ത ലഭിച്ചിരുന്നു. തന്നിമിത്തം റോക്കോസു് വടക്കോട്ടു യാത്രതിരിക്കുവാൻ നിർബന്ധിതനായി. എന്നാൽ വടക്കും അദ്ദേഹം ടിവാന്റെ നിരോധാജ്ഞ അഭിമുഖീകരിക്കേണ്ടിവന്നു. ഇങ്ങനെയാണു് പ്രിയോരച്ചൻ ആ ശീശ്മ നേതാവിനെ അടിയറ വെപ്പിച്ചതു്.

ഇതിനിടയിൽ തുടരെത്തുടരെ കേരളം വിട്ടുവാനുള്ള പാത്രിയർക്കീസിന്റെ കല്പന റോക്കോസു് മെത്രാന്ന ലഭിച്ചുകൊണ്ടാണിരുന്നതു്. എങ്കിലും അതിനദ്ദേഹം തയ്യാറായില്ല. അവസാനം റോമ്മിൽനിന്നു് റോക്കോസിനുള്ള 'മഹറോൻ' പ്രസിദ്ധീകൃതമായി. ഇങ്ങനെ ശാപമേറ്റ റോക്കോസു് പിന്നെയും കേരളത്തിൽ കുറെക്കൂടെ അലഞ്ഞുതിരിഞ്ഞു. ചെല്ലുന്നിടത്തെല്ലാം വികാരിജനറാൾ പെ. ബ. ചാവറയച്ചന്റെ ശക്തി അദ്ദേഹം ദർശിച്ചു. എവിടേയും നിരോധനം. അവസാനം ഗതികെട്ടു് നാടുവിടുവാൻ തീച്ചയാക്കി കൊച്ചിയിൽച്ചെന്നു്, യാത്രച്ചിലവു തന്നാൽ പോകാമെന്നു് വരാപ്പുഴെ അറിയിച്ചു. മെത്രാപ്പോലീത്താ തിരുമേനി പ്രിയോരച്ചനെയാണു് കൊച്ചിക്കയച്ചതു്. റോക്കോസു് കേരളത്തോടു യാത്രപറയുന്ന കാര്യത്തിൽ പിന്നെയും അസ്ഥിരനായി കാണപ്പെട്ടു. പ്രിയോരച്ചൻ തന്റെ എല്ലാ നയോപായങ്ങളും പ്രയോഗിച്ചാണു് 1862 മാർച്ചു മാസത്തിൽ അദ്ദേഹത്തെ കപ്പൽ കയറ്റിയതു്. റോക്കോസു് ശീശ്മ പോലെ കേരളസഭയെ ഇത്ര ശക്തിയായി പിടിച്ചുകുലുക്കിയ വേറൊരു സംഭവം ഉണ്ടായിട്ടില്ലെന്നു പറയാം. ഈ കൊടുങ്കാറ്റിനെ ചെറുത്തുനില്ക്കുവാൻ മാത്രമല്ല, അതിനെ ഛിന്നഭിന്നമാക്കുവാൻ കൂടെയും ഏൽത്തുരുത്തു് ആശ്രമത്തിന്റെ ഉറച്ച നിലയും സേവനവും വളരെ സഹായിച്ചിട്ടുണ്ടെന്നു് അവർക്കു് അഭിമാനംകൊള്ളാവുന്നതാണു്.

സാഹചര്യങ്ങൾ ഇത്രയും പ്രതികൂലമായിരുന്നുവെങ്കിലും അക്ഷീണപരിശ്രമംചെയ്തു് 1864-ാംമാണ്ടു് ഇടവമാസത്തിൽ ആശ്രമപ്പണി പൂർത്തിയാക്കി. ഈ ആശ്രമക്കെട്ടിടത്തിന്റെ പടിഞ്ഞാറെ ഭാഗം ഏതാണ്ടു പകുതിയോളം പൊളിച്ചുകളഞ്ഞതു് തെക്കുവശത്തു് ഇപ്പോൾ നില്ക്കുന്ന കൊവേ


ന്തക്കെട്ടിടം രൂപംകൊണ്ട ശേഷമാണ്. ബ. മത്തായി മറിയം അച്ചനാണ് ഈ ആശ്രമത്തിന്റെ ആദ്യശ്രേഷ്ഠനായി നിയമിക്കപ്പെട്ടത്. അന്നു മുതൽ ഇവിടെ സന്യസ്തജീവിതവും മുറക്കു് ആരംഭിച്ചു. മാത്രമല്ല, അതേ മാസം 15-ാം തീയതി കല്പനപ്രകാരം വി. കുബ്ബാന എഴുന്നെള്ളിച്ചുവയ്ക്കുവാനും മാസത്തിൽ ഒരു ഞായറാഴ്ച വി. കുബ്ബാനയുടെ വാഴ്വ് നടത്തുവാനും തുടങ്ങി. വടക്കൻ പ്രദേശങ്ങളിൽ വി. കുബ്ബാനയുടെ വാഴ്വ് നടത്തുവാൻ ആരംഭിച്ചതു് ഏൽത്തുരുത്തു് ആശ്രമകപ്പേളയിലാണെന്നും ഇവിടെ സ്മരിക്കുന്നതു് നന്നായിരിക്കും.



പുതിയ ആശ്രമകെട്ടിടം.

ഈ തിരുക്കർമ്മത്തിൽ പങ്കുകൊള്ളുന്നതിനും കുമ്പസാരിച്ചു് വി. കുബ്ബാന കൈക്കൊള്ളുന്നതിനുമായി പത്തും പതിനഞ്ചും നാഴിക ദൂരത്തുനിന്നും ജനങ്ങൾ വളരെ താല്പര്യത്തോടെ വന്നിരുന്നു. എന്നാൽ പള്ളിയുടെ പണി പൂർത്തിയാക്കുന്നതിനു കോശസ്ഥിതി അനുവദിക്കാഞ്ഞതിനാൽ പള്ളിയിലെ ഓരോ കപ്പേളയ്ക്കും 250 ക. വീതം നിശ്ചയിക്കുകയും അരണാട്ടുകരെ ചിറമേൽ വാവു തരകൻ, ഒല്ലൂർ തേറാട്ടിൽ കല്ലുക്കാരൻ അന്തോണി, പഴയന്നൂരും മാളിയേക്കൽ ചക്കളത്തി ബ. പൌലോസച്ചൻ എന്നിവർ ഓരോ കപ്പേളപ്പണി ഭരമേല്ക്കുകയുംചെയ്തു.

പള്ളിപ്പണി പൂർത്തിയാക്കുവാൻ കാലവിളംബം നേരിട്ടതുകണ്ടു് ഉദയംപേരൂരിലെ വടക്കുള്ള സുറിയാനി പള്ളികളിൽനിന്നും തന്നാണ്ടു ചിലവുനീക്കി, ബാക്കിയുള്ള ഒരാണ്ടത്തെ വരവു് എൽത്തുരുത്തു് ആശ്രമപ്പണിക്കു കൊടുക്കുവാൻ വരാപ്പുഴെ മെത്രാസനത്തിൽനിന്നും കല്പനയുണ്ടായി. ഇങ്ങനെ ലഭിച്ച സഹായംകൊണ്ടും മറ്റും 1866-ൽ പണികഠം ഒരുവിധം പൂർത്തിയായി. ഈ പള്ളി നാം ഇപ്പോൾ



എൽത്തുരുത്തു് ശുദ്ധീകരമാതാവിന്റെ ആശ്രമദേവാലയം.

കാണുന്ന പള്ളിതന്നെയാണു്. കാലാന്തരത്തിൽ അല്പാല്പം ഭേദഗതികഠം വരുത്തിയിട്ടുണ്ടെന്നു മാത്രമേയുള്ളു. ക്ലനമ്മാവിൽനിന്നു് പെ. ബ. പ്രിയോരച്ചൻ വന്നാണു് പള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചതു്. ഈ സംഭവം അദ്ദേഹം വിവരിക്കുന്നതു് ഇങ്ങനെയാണു്:—

"പുത്തൻ പള്ളി പ്രശ്നചെയ്യാനായിട്ടു് പുത്തൻ വള്ളത്തിൽ പുത്തനായിട്ടു് പെ. ബ. മൂപ്പച്ചൻ, പ്രിയോരു, ആഹ. വക്കിഅച്ചൻ, നാല നവസന്യാസികഠം, ആഹ. നിക്ലാവോസു് എന്നിവർ കന്നി 3-ാംനു- തിങ്കളാഴ്ച കാലത്തു് നാലുമണിക്കു് പുറപ്പെട്ടു. എന്നാൽ 10 മണിക്കു് നമ്മുടെ കല്ലുത്ത അച്ചൻ വക കെട്ടുവള്ളവും ഇവിടെ വരുത്തിയിരുന്ന

തിനാൽ ആഹ. ചാണ്ടിയച്ചനെ അതിന്മേൽ അയച്ചു. കൊട്ടങ്ങല്ലൂർ കഴിഞ്ഞു് മതിലകത്തു് ഞങ്ങൾ 11 മണിക്കു് ഇറങ്ങിയപ്പോൾ മുൻപു പുറപ്പെട്ട ചാണ്ടി അച്ചനും മറവും വന്നുചേർന്നു. വീണ്ടും പുറപ്പെട്ടു് ഏൽത്തുരുത്തു കൊവേന്തയിൽ 4മണിക്കു വന്നെത്തി. കണ്ടു തെളിഞ്ഞു. പിറെറ ദിവസം മുതൽ പ്രാർത്ഥനമുറി മുതലായവയൊക്കെയും, കപ്പേളയിൽ സക്രാരിവെപ്പാൻ കൊടിത്തീൻ, ജനലുകൾക്കു് മഞ്ഞ കൊടിത്തിൻകളും ഒക്കെയും പുത്തനും വെടിപ്പും, അൾത്താരകളും, പടവികളും ഒക്കെയും തീർത്തു. 8-ാംതീയതി നാലു മണിക്കു് മുന്നിലത്തെ കപ്പേളയിൽ പ്രീയോരച്ചൻ കുബ്ബാന ചൊല്ലി. 6മണിക്കു് പള്ളി രൂശ്മ തുടങ്ങി. പാതിരാമുതൽ തന്നെ ജനങ്ങൾ നിറഞ്ഞുകൂടിയതിനാൽ 7 മണിക്കു് രൂശ്മ കഴിഞ്ഞ ഉടൻ മൂപ്പച്ചൻ ഒന്നാമത്തെ കുബ്ബാന തുടങ്ങി. രണ്ടു നാലു ദിവസം കമ്പസാരിച്ചു ആസ്തമായിരുന്നവക്കെല്ലാം കുബ്ബാനയുംകൊടുത്തു. കുബ്ബാന കഴിഞ്ഞുടൻ പടാർത്ഥയും പറഞ്ഞു.''

റോക്കോസു് സ്ഥലംവിട്ടു് ഏറെക്കഴിയുംമുമ്പെ അദ്ദേഹത്തിന്റെ കീഴിൽ നിന്നിരുന്ന പള്ളികൾ ഓരോന്നായി വരാപ്പുഴെ ഭാഗത്തേക്കു ചേരാൻ തുടങ്ങി. എല്ലാവരും പോകുമെന്നു ഭയം തോന്നിയതിനാൽ ഒല്ലൂർ, അരണാട്ടുകര, തൃശ്ശൂർ മുതലായ ദിക്കുകാരും ചില വൈദികരുംകൂടി യോജിച്ചു് ശീശ്മയിൽത്തന്നെ തുടരുവാൻ നിശ്ചയിച്ചു. ചിലർ പതുവാടോ ഗവണ്ണരെ ആശ്രയിക്കുകയാൽ ഭരണസംബന്ധമായ ചില കുഴപ്പങ്ങൾ പിന്നേയും നേരിട്ടു.

ഇതുയും പ്രസ്താവിച്ചതിൽനിന്നു് എത്ര പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലാണു്— ശീശ്മകളുടെയും ഛിദ്രങ്ങളുടെയും കോളിളക്കങ്ങളിലാണു്, ഏൽത്തുരുത്തു് ആശ്രമം പാറപോലെ ഉറച്ച ഒരു നില സ്വീകരിച്ചതെന്നും, ധൈര്യവും മാർഗ്ഗനിർദ്ദേശവും നൽകിക്കൊണ്ടു് വടക്കൻ പ്രദേശങ്ങളിൽ ഒരു ദീപസ്തംഭംപോലെ പ്രശോഭിച്ചിരുന്നതെന്നും കാണുവാൻ പ്രയാസമില്ലല്ലൊ. അന്നു് ബാലദശതന്നെയും തരണംചെയ്തിട്ടില്ലായിരുന്ന ഒരു സ്ഥാപനമായിരുന്ന ഏൽത്തുരുത്തു് ആശ്രമം.

1864 വൃശ്ചികം 2-ാംതീയതി കൊല്ലം വികാരി അപ്പസ്തോലിക്ക കാർളോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അരുണാകരെ തരകന്റെ ചികിത്സക്കായി ഈ ആശ്രമത്തിൽവന്നു് പാർത്തു. ആശ്രമത്തിലെ ഒരു മുറി കപ്പേളയാക്കുകയും അവിടെ ഒരു വൈദികൻ പ്രതിദിനം കുബ്ബാന ചൊല്ലുകയും തിരുമനസ്സുകൊണ്ടു് അതിൽ ഭാഗഭാക്കാകുകയുംചെയ്തുവന്നു. ദീനം ഒന്നിനൊന്നു കൂടുന്നതല്ലാതെ സുഖപ്പെടുന്ന ലക്ഷണം കാണായ്കയാൽ ഒരു മാസത്തിനുശേഷം കൊല്ലത്തേയ്ക്കു തിരിച്ചുപോയി.

വൈദികശുശ്രൂഷകർ:— ആരംഭം മുതൽ സന്യാസികളും ആശ്രമ ദേവാലയങ്ങളിലുള്ള തിരുക്കർമ്മശുശ്രൂഷകൾക്കും പുറമെ, കുമ്പസാരം, പ്രസംഗം മുതലായവ നടത്തി ഇടവക വൈദികരെ സഹായിച്ചുകൊണ്ടാണിരുന്നതു്. കൂടാതെയും വൈദികരുടെ അഭാവം നിമിത്തവും ശീശ്മകളാൽ പ്രക്ഷുബ്ധമായ അന്തരീക്ഷം കാരണത്താലും സന്യാസപട്ടക്കാരെ പലപ്പോഴും ഇടവക വികാരിമാരായി നിയമിച്ചുവന്നു. അന്നു് ഈ സന്യാസസഭ മെത്രാന്റെ കീഴായിരുന്നുവല്ലൊ. എന്നാൽ ഏഴു് സന്യാസ വൈദികരെ, നാട്ടുമെത്രാന്മാരെ ലഭിക്കുവാൻ നടന്നിരുന്ന പരിശ്രമത്തിൽ പങ്കുചേർന്നുവെന്ന കാരണത്താൽ സഭയിൽനിന്നും വരാപ്പുഴ അധികാരികൾ തള്ളിക്കളഞ്ഞു. ഇതിനെ തുടർന്നു് കാലവിളംബംകൂടാതെ കർമ്മെലീത്താ മൂന്നാംസഭ പരിശുദ്ധ സിംഹാസനത്തിനു നേരെ കീഴിലാക്കപ്പെട്ടു. പിന്നീടു് സന്യാസപട്ടക്കാരെ ഇടവക വികാരിമാരാക്കികൊണ്ടുള്ള നിയമനങ്ങൾ പ്രായേണ വളരെ വിരളമായി.

എന്നാൽ ഇവയെക്കാളെല്ലാം പ്രധാനമായി ധ്യാനപ്രസംഗങ്ങൾ നടത്തി വിശ്വാസികളിൽ ആദ്ധ്യാത്മിക ജ്ഞാനവും ചൈതന്യവും വർദ്ധമാനമാക്കുക എന്നതാണു് ഈ സഭയ്ക്കു ശ്രുപം കൊടുത്തവർക്കുണ്ടായിരുന്ന പ്രധാന ഉദ്ദേശങ്ങളിലൊന്നു്. ഇതിനെക്കുറിച്ചു് ചരിത്രപട്ടവായ ബ. ബെർണ്ണാർദച്ചൻ രേഖപ്പെടുത്തീട്ടുള്ളതു താഴെച്ചേർക്കാം:—

"സഭ സ്ഥാപിച്ചതിനുശേഷം ഉദ്ദേശം പത്തുമാ സത്തോളം നമ്മുടെ അച്ചന്മാർ ഏകാന്തത്തിൽ ജീവിച്ചതിനു ശേഷം ഈ സഭകൊണ്ടുള്ള പ്രയോജനം ജനങ്ങളുടെ നടപടി നന്നാക്കണം എന്നുകൂടെ ആയതിനാലും അതിനു ജ്ഞാനധ്യാ നംപോലെ ഉപകരിക്കുന്ന മറെറാരു മാർഗ്ഗമില്ലാത്തതിനാലും ആദ്യമായി അവരെ മെത്രാപ്പോലീത്താച്ചൻ അതിനായി നി യമിച്ചു വിട്ടു. ഇങ്ങനെ 1856-ാം ആണ്ടിൻെറ അവസാന ത്തോടുകൂടെ മാന്നാനത്തിനു സമീപത്തുള്ള കുടമാളൂർ, കൈ പ്പുഴ, മുട്ടുചിറ, കടുത്തുരുത്തി മുതലായ പള്ളികളിൽ ജ്ഞാന ധ്യാനം കഴിപ്പിക്കുന്നതിനു മെത്രാപ്പോലീത്താഅച്ചൻ കല്പി ക്കുകയും, നമ്മുടെ അച്ചന്മാരിൽ കൊച്ചുപുരക്കൽ കുര്യച്ചൻ, കളപ്പുരക്കൽ മത്തായി അച്ചൻ, കട്ടക്കയത്തു ചാണ്ടി അച്ചൻ, അഥവാ വലിയ ചാണ്ടി അച്ചൻ കളത്തിൽ സ്ക്കറിയാച്ചൻ മുതലായവർ ധ്യാനഗുരുവായി നിയമിക്കപ്പെട്ട മർസ്സലീ നോസു് മൂപ്പച്ചനോടുകൂടെ ആ പള്ളികളിൽചെന്നു് ധ്യാനം കഴിപ്പിക്കുകയും ചെയ്തു."

ഇങ്ങനെ സംഘംസംഘമായി പോയി ധ്യാനിപ്പി ക്കുന്ന രീതിയാണു് ആദ്യസഭാപിതാക്കന്മാർ സ്വീകരിച്ചിരു ന്നതു്. ഏൽത്തുരുത്തു് ആശ്രമം സ്ഥാപിക്കുന്നതിനു് മുമ്പുത ന്നെ താദൃശ ധ്യാനസംഘങ്ങൾ വിസ്തൃതമായ വരാപ്പുഴ രൂപതയുടെ നാനാഭാഗത്തും പോയി ധ്യാനം നടത്തി യിരുന്നു.

1868 — 1888

ആശ്രമത്തിന്റെ പുരോഗതി— സെമിനാരി— മേല്മസ് ശീശ്മ.

അന്യാദൃശമായിരുന്ന ഈ കാലഘട്ടത്തിൽ ഏൽത്തുരുത്തിന്നുണ്ടായിരുന്ന നിലയും വിലയും. ഉത്തരപ്രദേശങ്ങളിലെ ആദ്ധ്യാത്മികകേന്ദ്രമായി അവർ പരിലസിച്ചു. അതിന്നുള്ള പ്രധാനഹേതു അവർ ശീശ്മകളോട് സുധീരം നടത്തിയ പോരാട്ടവും അന്ധകാരനിബിഡമായ ശീശ്മയുടെ കാലത്തു് സത്യാന്വേഷികൾക്കു് അവർ മാർഗ്ഗദീപമായിത്തീർന്നതുമാണു്. വടക്കൻ പ്രദേശങ്ങളിലെ ഏകസെമിനാരിയായിരുന്ന ഏൽത്തുരുത്തു് ആശ്രമമെന്നുള്ളതും അതിന്റെ പ്രാധാന്യം പത്തിരട്ടിയായി വർദ്ധിപ്പിച്ചു. ഇവിടെ ഒരു ആശ്രമം സ്ഥാപിക്കുവാൻ ബണ്ടർദീനോസു് മെത്രാപ്പോലീത്താച്ചൻ തീരുമാനിച്ചപ്പോൾ അതോടുകൂടി ഒരു സെമിനാരിയും വേണമെന്നു് അദ്ദേഹം നിശ്ചയിക്കയും അതിന്നുള്ള പ്ലാൻ തയ്യാറാക്കുകയും ചെയ്തിരുന്നുവെന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവിടങ്ങളിലെ കത്തോലിക്കാജനതയുടെ ഗ്രണോൽക്കർഷത്തെ മുൻനിറുത്തി വളരെ ദീർഘദൃഷ്ടിയോടുകൂടി ഏടുത്ത ഒരു തീരുമാനമായിരുന്നു അതു്. 1868—ൽ ഇവിടെ സെമിനാരി സ്ഥാപിതമായതു മുതൽ 1888—ൽ ഡാക്ടർ മെഡ്‌ലിക്കോട്ട് തൃശ്ശൂർ ത്രുപതയുടെ ആദ്ധ്യാത്മിക നേതൃതപം സ്വീകരിച്ചു് സെമിനാരി തൃശ്ശൂർക്കുമാറിയതുവരെ, വിഷമസന്ധികളിൽ ഉത്തരപ്രദേശങ്ങളിലെ കത്തോലിക്കർ ഏൽത്തുരുത്തു് ആശ്രമത്തിലേയ്ക്കാണു് തങ്ങളുടെ പ്രതീക്ഷാനേത്രങ്ങൾ തിരിച്ചിരുന്നതു്.

സെമിനാരിസ്ഥാപനം.

വി. തോമാശ്ലീഹായുടെ പരിശ്രമഫലമായി കേരളസഭ ജന്മമെടുത്ത നാൾമുതൽ ആ ശ്ലീഹായാൽ നിയമിക്കപ്പെട്ട തദ്ദേശീയ ഭരണകർത്താക്കൾ അവർക്കുണ്ടായിരുന്നുവെന്നും ദൈവകാരുണ്യത്താൽ മേല്പട്ടാധികാരം പരമ്പരാഗതമായി ഇവിടെ തുടർന്നുവന്നുവെന്നും വിശ്വസിക്കപ്പെടുന്നു. എന്നാൽ ആദ്യയുഗങ്ങളിൽത്തന്നെ ഇവിടെ നടന്ന വേദഞെരുക്കം കേരളസഭയിൽ ഏതദ്ദേശീയ മേല്പട്ടക്കാർ അന്യം നില്ക്കുന്നതിന്നിടയാക്കിയെന്നും തദ്വാരാ, സിറിയായിൽനിന്നും മെത്രാന്മാർ വരുവാൻ തുടങ്ങിയെന്നും കരുതുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. പൂർവ്വകാലം മുതൽ മല്പാന്മാരുടെ മേൽനോട്ടത്തിലായിരുന്ന ചെറിയ ചെറിയ സെമിനാരികൾ നടത്തിവന്നതു്. അനന്തരം കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ടു്, സമ്പാളൂർ, അങ്കമാലി, ആലങ്ങാട്ടു്, കടുത്തുരുത്തി, വരാപ്പുഴ എന്നീ പ്രദേശങ്ങളിൽ പ്രസിദ്ധങ്ങളായ വൈദികപഠന കേന്ദ്രങ്ങൾ — വലിയ സെമിനാരികൾ പ്രത്യക്ഷപ്പെട്ടു. എന്നാൽ 19—ം നൂറാണ്ടിന്റെ ആരംഭത്തിൽ ഈദൃശ സെമിനാരികളിൽ മിക്കതും തന്നെ നാമാവശേഷമായി. ഈ വിടവു് നികത്താനാണു് ആദ്യം മാന്നാനത്തും, പിന്നെ ഏൽത്തുരുത്തും വാഴക്കുളത്തും വൈദിക വിദ്യാലയങ്ങൾ അഥവാ സെമിനാരികൾ സ്ഥാപിച്ചതു്.

ഏൽത്തുരുത്തു് സെമിനാരിയുടെ പ്രാരംഭം എങ്ങനെയെന്നു പറയാം. മേലാർക്കോട്ടു പള്ളിഭരിക്കുന്നതിനു് ഏതദ്ദേശീയരായ വൈദികർ ഇല്ലാതായി. മറ്റു സ്ഥലത്തുള്ള വൈദികർക്കു് ശാശ്വതമായി അവിടെച്ചെന്നു് ജനങ്ങളുടെ ആവശ്യാദികൾ നടത്തിക്കൊടുക്കുവാൻ പ്രയാസവും നേരിട്ടു. ഈ വിഷമസന്ധിയെ തരണം ചെയ്യുന്നതിനു തക്ക മാർഗ്ഗങ്ങളെക്കുറിച്ചു് അന്നു വരാപ്പുഴ ശ്രുപത ഭരിച്ചിരുന്ന ഭാഗ്യസ്മരണാർഹനായ ബർണ്ണർദീനോസു് മെത്രാ

പ്പോലീത്താ പരിചിന്തനം ചെയ്തു് ആ നാട്ടുകാരായ വൈദികരുണ്ടാകുവാൻ ഏർപ്പാടുചെയ്യണമെന്നു തീർച്ചയാക്കി. തദ്ഫലമായി, മേലാർക്കോട്ടുകാരായ മൂന്നു കുട്ടികളെ തിരഞ്ഞെടുത്തു്, അവരുടെ വൈദിക പഠനം നടത്തിക്കൊടുക്കണമെന്നുള്ള കല്പനയോടുകൂടെ അവരെ ഏൽത്തുരുത്തിലേയ്ക്കയച്ചു. ആശ്രമസ്ഥാപനാവസരത്തിൽ പ്രസ്തുത മെത്രാപ്പോലീത്തയ്ക്കുണ്ടായിരുന്ന ആഗ്രഹപൂർത്തീകരണത്തിന്റെ ആദ്യത്തെ കരുനീക്കമായിരുന്നു അതു്. ഒരു മഹൽ സ്ഥാപനമായി രൂപം പ്രാപിച്ചു്, അനേകം വൈദികരെ സൃഷ്ടിക്കുവാനും ചെയ്വാനിരുന്ന ഏൽത്തുരുത്തു് സെമിനാരിയുടെ ആരംഭം ഇങ്ങനെയാണു്. ഈ സംഭവം നടന്നതു് 1868—ലാണു്. ആദ്യത്തെ റെക്ടരായി നിയമിതനായതു് ബ. ബർണ്ണർദീനോസച്ചനത്രെ.

നാല്പതുമണി ആരാധന:— വടക്കൻ പ്രദേശങ്ങളിൽ നാല്പതുമണി ആരാധന ആദ്യമായി നടത്തുവാൻ തുടങ്ങിയതു് ഏൽത്തുരുത്തു് ആശ്രമകപ്പേളയിലാണു്. ഈ ആരാധനയിൽ സംബന്ധിക്കുന്നതിനു് ഒരു കാൽ ശതാബ്ദം മുമ്പുപോലും വളരെ ദൂരദിക്കുകളിൽനിന്നു് ആളുകൾ ഏൽത്തുരുത്തു് വന്നിരുന്നു. അവർ രണ്ടു മൂന്നു ദിവസം ഏൽത്തുരുത്തിൽ തന്നെ കഴിച്ചുകൂട്ടും. അതിനിടയ്ക്കു കുമ്പസാരിച്ചു് ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചു് പലമണിക്കൂറുകൾ ദിവ്യനാഥനെ ആരാധിച്ചശേഷം കൃതകൃത്യരായി സ്വഭവനങ്ങളിലേക്കു മടങ്ങും. കുറെക്കാലമായി പല ഇടവകകളിലും കന്യകാലയങ്ങളിലും നാല്പതുമണി ആരാധന നടന്നുവരുന്നതിനാൽ അതു വലിയ ഒരു ജനപ്രവാഹം ഇന്നിവിടെ കാണുന്നില്ല. എങ്കിലും ഏൽത്തുരുത്തിലെ നാല്പതുമണി ആരാധനയ്ക്കു വലിയൊരു പ്രാധാന്യം ഇന്നുമുണ്ടു്. ഈ ആരാധന ആദ്യമായി ഇവിടെ നടത്തുവാൻ തുടങ്ങിയതു് 1868—ലാണു്. ആദ്യകാലത്തു് കന്നിമാസത്തിലാണു് ഈ ആരാധന നടത്തിപ്പോന്നതു്. എന്നാൽ പിൽക്കാലത്തു്, ആണ്ടുകുമ്പസാരത്തിന്റെ സൗകര്യം പരിഗണിച്ചു്, അതു് അമ്പതുനോമ്പിന്റെ

മദ്ധ്യത്തിലേക്കു മാററി. ശ്രേഷ്ഠതാമേലദ്ധ്യക്ഷന്റെ ഒരു ഇടയലേഖനത്തോടുകൂടിയാണു് ഏൽത്തുരുത്തിലെ 40 മണിക്കൂർ ആരാധന നാളിതുവരെ വിളംബരം ചെയ്യപ്പെട്ടുന്നതു് എന്നുള്ള വിശേഷവും ഇതിനുണ്ടു്.

ഒരു നിര്യ്യാണം:— 1868-ാം ആണ്ടിൽ മർമ്മഭേദകമായ ഒരു സംഭവമുണ്ടായി. ഏതദ്ദേശീയമായ ഒരു സന്ന്യാസസഭയ്ക്കു് അസ്ഥിവാരമിടുന്നതിനു് അത്യദ്ധ്വാനം ചെയ്ത വൈദികവരേണ്യരുടെ ആഗ്രഹനിവൃത്തിവരുത്തിയ അഭിവന്ദ്യ ബർണ്ണർദീനോസു് മെത്രാപ്പോലീത്തയുടെ ദേഹവിയോഗമായിരുന്നു അതു്. നിരവധിയാണു് അദ്ദേഹം കേരളസഭയ്ക്കും സമുദായത്തിനും ചെയ്തിട്ടുള്ള സേവനങ്ങളും കൈവരുത്തീട്ടുള്ള നേട്ടങ്ങളും. ഇദ്ദേഹമാണു് കേരളത്തിലെ കർമ്മെലീത്താ സന്ന്യാസസഭയ്ക്കു് ഒരു നിയമസംഹിത ക്രമപ്പെടുത്തിക്കൊടുത്തതു്. ഏൽത്തുരുത്തു് ആശ്രമസ്ഥാപനത്തിനു് അനുവാദം നൽകുകയും അതിന്റെ ശൈശവത്തിൽ അതിനെ പലേ പ്രകാരത്തിൽ പരിലാളിച്ചു് അഭിവൃദ്ധിപ്പെടുത്തുകയുംചെയ്ത ഈ വന്ദ്യപിതാവിന്റെ നിര്യ്യാണം ഈ ആശ്രമത്തിനു പ്രത്യേകം സങ്കടകരമായിരുന്നു. അദ്ദേഹത്തിന്റെ ആത്മവിശ്രാന്തിക്കായി ഇവിടെയും ആഘോഷമായ ശേഷക്രിയകൾ നിർവ്വഹിച്ചു.

ഒരു മെത്രാഭിഷേകം:— ഏഴു ദിവസം കഴിഞ്ഞു്— അതായതു്, കന്നിമാസം 12—ാംതീയതി പെ. ബ. ലെയോനാർദ് മിഷനറിക്കു് വരാപ്പുഴെ മെത്രാപ്പോലീത്തായായി റോമിൽനിന്നും ബുളവരികയും അടുത്ത വൃശ്ചികം 15—ാം നു- മെത്രാഭിഷേകകർമ്മം നടക്കുകയും ചെയ്തു. ഈ തിരുക്കർമ്മത്തിനായി എത്തിയിരുന്ന മൈസൂർ മെത്രാൻ ഡാക്കർ ഷർബെന്നൊ, തൃശ്ശിനാപ്പിള്ളി മെത്രാൻ ഡാക്കർ കാനോസു്, കോയമ്പത്തൂർ മെത്രാൻ ദെപ്പോമിയോ എന്നിവർ മെത്രാഭിഷേകം കഴിഞ്ഞു് 17-ാംതീയതി അസ്തമനത്തോടെ ഈ ആശ്രമത്തിൽ വന്നുചേർന്നു. അന്നവർ ഇവിടെ രാത്രി താമസിച്ചു. കാലത്തു് ഇവിടെനിന്നു വഞ്ചിക്കു് തൃശ്ശൂക്കും അവിടെനിന്നു് കാളവണ്ടിക്കു ഷൊർ

ണ്ണൂർക്കും പോയി എന്നാണു് നാളാഗമത്തിൽ കാണുന്നതു്. ഇതിൽനിന്നു് എത്ര ക്ലേശപൂർണ്ണമായ യാത്രകൾ കഴിച്ചാണു് പൂവ്വികന്മാർ മഹൽക്കായ്ങ്ങൾ സാധിച്ചതെന്നു് കാണുവാൻ പ്രയാസമില്ലല്ലൊ.

1868-ൽ മൂന്നു കുട്ടികളെക്കൊണ്ടാണു് ഇവിടെ സെമിനാരി ആരംഭിച്ചതു്. അതു വളർന്നു പുഷ്ടി പ്രാപിച്ചുകാണുവാൻ അധികൃതർ അതിയായി ആഗ്രഹിച്ചു. അക്കാലത്തു് പള്ളികളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനു് വൈദികന്മാർ കൂട്ടമായിട്ടാണല്ലൊ സഞ്ചരിച്ചിരുന്നതു്. 1869-ൽ വടക്കൻപ്രദേശത്തെ ധ്യാനപ്രസംഗങ്ങൾക്കായി ബ. വലിയ ചാണ്ടിഅച്ചൻ മറ്റു ചില വൈദികരോടുകൂടെ ഏൽത്തുരുത്തു് വരികയും അവിടെനിന്നു് രണ്ടുപേരെയും കൂട്ടി പ്രയാണം ആരംഭിക്കയും ചെയ്തു. പുതുക്കാട്ടു്, വലപ്പാട്ടു്, എടത്തുരുത്തി മുതലായ പല പള്ളികളിലും ധ്യാനപ്രസംഗങ്ങൾ നടത്തി. വൈദികപഠനത്തിനു കൊള്ളാവുന്ന കുട്ടികളെ തിരഞ്ഞെടുക്കുന്നതിനും അവർ ഈ ധ്യാനാവസരം ഉപയോഗപ്പെടുത്തി. തൽഫലമായി വളരെ കുട്ടികൾ ഏൽത്തുരുത്തു വന്നു സെമിനാരിയിൽ ചേർന്നു. അന്നവർ താമസിച്ചിരുന്നതു് ആശ്രമത്തിന്റെ പടിഞ്ഞാറെ കെട്ടിടത്തിലെ വലിയ മുറിയുടെ മേൽത്തട്ടിലാണു്. (ഇന്നതു പൊളിഞ്ഞു് പോയിരിക്കയാണു്.) ഇവരുടെ കാര്യങ്ങൾ ക. നി. മു. സ. ബ. സ്തനിസ്ലാവോസച്ചനും ക. നി. മു. സ. ബ. വറിയച്ചനും നടത്തിവന്നു. അവരെ സഹായിക്കുവാൻ ക. നി. മു. സ. ബ. ളയീസു് ശമ്മാശ്ശനുമുണ്ടായിരുന്നു. (ഇദ്ദേഹം പിന്നീടു് എണ്ണാകുളം മെത്രാനായി) അന്നു് വന്നവരിൽ സന്യസ്തജീവിതം അവലംബിച്ചവരാണു് പുതുക്കാട്ടു് ഇടവക പുളിക്കൻ ബ. ആഞ്ചെളസച്ചൻ, മണലൂർ ഇടവക കോടങ്കണ്ടത്തു് ബ. ചെലസ്തീനോസച്ചൻ, എടത്തുരുത്തി ഇടവക മുനയത്തു് ആലപ്പാട്ടു് ബ. അൽബത്തോസച്ചൻ, ഒല്ലൂർ ഇടവക അക്കര ബ. പിയൂസച്ചൻ എന്നിവർ. ഇതിനെത്തുടർന്നു് വടക്കൻ പ്രദേശങ്ങളിൽനിന്നു പ്രതിവർഷവും ഏൽത്തുരുത്തു് സെമിനാരിയിലേക്കു യുവാക്കന്മാർ വന്നുകൊണ്ടിരുന്നു.

ദൈവദാസൻ ചാവറകുറിയാക്കോസ് ഏലിയാസച്ചന്റെ നിര്യാണം.

1871 ജനുവരി 3-ാം തീയതി നടന്ന മറെറാരു മഹച്ചരമം! അതു കണ്ട കേരളസഭ വിമ്മിവിമ്മിക്കരഞ്ഞു. കാരണം അന്നവളുടെ മണിദീപം പൊലിഞ്ഞു. അരശതാബ്ദക്കാലത്തോളം മനോതീഷ്ണതക്കും ആത്മസംയമനത്തിനും കേരളീയരെ തട്ടിഉണത്തിക്കൊണ്ടിരുന്ന ആ കാഹളധ്വനി നിലച്ചു. പെ. ബ. ചാവറ കുറിയാക്കോസച്ചന്റെ ചരമം ജനുവരി മൂന്നിനെ അവിസ്മരണീയമാക്കിത്തീർത്തിരിക്കയാണ്. പൊതുസമ്മതനും കത്തോലിക്കരുടെ പ്രത്യേകിച്ച് സുറിയാനി സമുദായത്തിന്റെ മാഗ്ദീപവും അജയ്യനേതാവുമായിരുന്ന പെ. ബ. ചാവറ അച്ചൻ. ആത്മീകവും സാമൂഹ്യവുമായതെല്ലാം അദ്ദേഹം സ്പർശിച്ചു; സ്പർശിച്ചതെല്ലാം പരിഷ്കരിച്ചു, ഉൽക്കർഷോന്മുഖമാക്കി. സന്യസ്ത ജീവിതത്തിനായി മുന്നോട്ടുവന്നവരോടുകൂടെ അദ്ദേഹം യത്നിക്കയും സന്യാസസഭാശിശുവിനെ അതിന്റെ ജന്മദിനത്തിൽതന്നെ സ്വകരങ്ങളിൽ സ്വീകരിക്കയും, 16-ാം വയസ്സിൽ പിൻഗാമിയെ ഏൽപ്പിക്കയും ചെയ്തു. റോക്കോസ് ശീശ്മയെ തുടച്ചുനീക്കി അടിച്ചുകൊണ്ടിരുന്ന ചമ്മട്ടിയായിരുന്ന അദ്ദേഹം.

1861 മുതൽ അദ്ദേഹമായിരുന്ന സുറിയാനി സഭയെ വികാരിജനറാൾ എന്ന നിലയിൽ ഭരിച്ചിരുന്നതു്. അദ്ദേഹം കേരള സുറിയാനി സഭയെ നാലു് ഡിസ്ട്രിക്റ്റുകളായി വിഭജിച്ചു. വിപുലമായ അധികാരങ്ങളും നൽകി നാലു സന്യാസവൈദികരെ "ഡെപ്യൂട്ടീസ്" ആയി നിയമിച്ച നടത്തിയ വിജയപ്രദമായ ഭരണം മെത്രാപ്പോലീത്തായുടെ മുക്തകണ്ഠമായ പ്രശംസക്കു് പാത്രീഭവിക്കതന്നെചെയ്തു. വിദ്യാഭ്യാസരംഗത്തു കത്തോലിക്കാസമുദായം വളരെത്താണനിലയിലാണു് അന്നു നിലകൊണ്ടിരുന്നതു്. ഇടവകകളോരോ പള്ളിക്കൂടം സ്ഥാപിച്ചു് നടത്തിക്കൊള്ളണമെന്ന കല്പന ചാവറയച്ചൻ നൽകിയതു് 'പള്ളിക്കൂടത്തിൻ'കീഴിലാണു് എ

ന്ന വസ്തുത ചിന്താമൂതംതന്നെ. മലങ്കരസഭ വകയായി ഒരു കേന്ദ്രകോളേജു സ്ഥാപിക്കുന്നതിനുപോലും ദീർഘാവലോകന ചതുരനായ അദ്ദേഹം ആലോചനകൾ നടത്തിയതാണു്.

സർവ്വോപരിയായി പുണ്യപൂർണ്ണതാസമ്പാദനത്തി നായിരുന്ന ഇദ്ദേഹത്തിന്റെ യത്നം. സുകൃതങ്ങളുടെ വിള നിലമായി ആജീവനാന്തം പ്രശോഭിച്ച താദൃശ വ്യക്തിയു ടെ വിരഹത്തിൽ കേരളം എങ്ങനെ കരയാതിരിക്കും!! എ ന്നാൽ 1958-ൽ ചരമദിനമായ ജനുവരി മുന്നു് ആനന്ദദ്യോ തകമായ ഒരു സുദിനമായി പരിശുദ്ധസഭയ്ക്കുണ്ടായതു്. കാരണം ഈ മഹാത്മാവിനെ വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കു വാനുള്ള ഔദ്യോഗികനടപടികൾ അന്നാണല്ലൊ ആരംഭി ച്ചതു്. നമുക്കു പ്രാർത്ഥിക്കാം ജനുവരി മുന്നു് ഒരു കേരളീയ വിശുദ്ധന്റെ അനുസ്മരണാദിനമാകുവാൻ.

1871-ൽ ഒരു പുതിയ പ്രശ്നം ഉദിച്ചു. റോക്കോ സു് മെത്രാനിൽനിന്നു് ആദ്യപട്ടങ്ങൾ സ്വീകരിച്ചിരുന്ന പല രും ശീശ്മ ഉപേക്ഷിച്ചു് വരാപ്പുഴെ അധികാരത്തിനു വിധേയ രായി. അവരുടെ മുടക്കു തീർത്തു്, പഠനം പൂർത്തിയാക്കി പട്ടം കൊടുക്കുന്നതിനു വരാപ്പുഴെ മെത്രാപ്പോലീത്തായ്ക്കുവാ ദമുണ്ടായിരുന്നു. തൻമൂലം പ്രസ്തുത ശെമ്മാശ്ശന്മാരിൽ ഉത്തര പ്രദേശങ്ങളിൽനിന്നുള്ളവരെയെല്ലാം വൈദികപഠനം പൂർത്തി യാക്കുന്നതിനു ഏൽത്തുരുത്തു് ആശ്രമത്തിലേയ്ക്കു് മെത്രാപ്പോ ലീത്താ തിരുമനസ്സുകൊണ്ടു് അയച്ചു. ഇവരെ മറ്റു സെമി നാരിക്കാരോടുകൂടെ കലർത്തുന്നതു യുക്തമല്ലെന്നുകണ്ടു്, ഇന്നു സന്ദർശനമുറിയോടു ചേർന്നു കാണുന്ന കെട്ടിടം അവർക്കായി കഴിഞ്ഞു കൊടുത്തു.

1868 മുതൽ അഭിവൃദ്ധിയിൽനിന്നു് അഭിവൃദ്ധിയി ലേയ്ക്കു് പുരോഗമിച്ചുകൊണ്ടാണിരുന്നതു് ഏൽത്തുരുത്തു് സെ മിനാരി. സാക്ഷാൽ ഒരു 'മേജർ' സെമിനാരിക്കു വേണ്ട തായ വികസനവും വളർച്ചയും അതു കൈവരിച്ചുകഴിഞ്ഞുവെ ന്നു് വരാപ്പുഴെ അധികാരികൾക്കു് വേണ്ടംവണ്ണം ബോധ്യ മായി. അതുകയാൽ അതിന്റെ നേതൃത്വം ഏറ്റവും വിശുദ്ധ

ഹസ്തങ്ങളിൽ അപ്പിക്കുവാൻതന്നെ മെത്രാപ്പോലീത്താച്ചൻ തീച്ചയാക്കി. ഇങ്ങനെയാണു് 1873-ൽ പെ. ബ. കമില്ലസ് മിഷനറി അതിന്റെ റെക്ടറായി നിയമിക്കപ്പെട്ടതു്.

1874-ൽ അദ്ദേഹം സ്ഥലം വിടുകയാൽ സെമിനാരി റെക്ടറായി നിയമിതനായതു് പെ. ബ. ജരാർദ് മിഷനറിയാണു്. 1875-ൽ ഇദ്ദേഹവും പോയതുകൊണ്ടു് ആശ്രമശ്രേഷ്ഠൻ ക. നി. മൂ. സ. പെ. ബ. കാപ്പിലച്ചൻ അഥവാ മത്തായി മറിയം അച്ചൻ തന്നെയാണു് ജോലികൾ നടത്തിവന്നതു്.

റോക്കോസ്, മേലൂസ് ശീശ്മകളാണല്ലൊ പത്തൊമ്പതാം നൂറാണ്ടിലെ കേരളസഭാചരിത്രത്തെ ഏറ്റവും പ്രക്ഷുബ്ധമാക്കിയതു്. റോക്കോസ് ശീശ്മയെ തുരത്തുവാൻ ഏൽത്തുരുത്തു് ആശ്രമംചെയ്ത യത്നത്തിൽ, അവർ സഹിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചു് സംക്ഷിപ്തമായിട്ടെങ്കിലും നാം കണ്ടു കഴിഞ്ഞു. ഇനി മേലൂസ് ശീശ്മയെപ്പറ്റിയാണു് നമുക്കു് പ്രതിപാദിക്കുവാനുള്ളതു്. കേരളത്തിലെ ഏതൊരു സ്ഥാപനത്തേയും അപേക്ഷിച്ചു് മേലൂസ് സമരത്തിൽ ഏറ്റവും ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചിട്ടുള്ളതു് ഏൽത്തുരുത്താശ്രമമാണെന്നതിനു് സംശയമില്ല. മേലൂസ് പ്രഭൃതികൾ തങ്ങളുടെ കേന്ദ്രം തൃശ്ശൂർ ആക്കി പ്രവർത്തിച്ചുവന്നതിനാൽ സഭാധികാരികൾ തങ്ങളുടെ ക്യാമ്പു് ഏൽത്തുരുത്താക്കി. തൽഫലമായി മേലൂസ് സമരത്തിൽ പങ്കെടുത്ത എല്ലാ വീരയോദ്ധാക്കളുടെയും പടത്തലവന്മാരുടെയും കോട്ടയായിത്തീർന്ന ഏൽത്തുരുത്തു് ആശ്രമം. ഇതുയും മനസ്സിലാക്കിയശേഷം ഭയാനകമെങ്കിലും കേരള ചരിത്ര പഠിതാക്കൾക്കു് ഏറ്റവും രസാവഹമായ മേലൂസ് ശീശ്മയുടെ വികൃതികളിലേക്കു് നമുക്കൊന്നെത്തിനോക്കാം.

1872-ൽ ഫീലിപ്പോസു് അസൈസ് (Philip Azise) എന്ന ഒരു കൽദായ വൈദികൻ ഭിക്ഷാടനാർത്ഥം തൃശ്ശൂർവന്നു. അന്നു ചാലുവാഭോ ഭാഗത്തു നിന്നിരുന്ന തൃശ്ശൂർപള്ളി വികാരി കേരളത്തിനു് ഒരു സുറിയാനി മെത്രാനെ ലഭിക്കുവാനുള്ള

സാദ്ധ്യതകളെക്കുറിച്ച് ആഗതനുമായി സംസാരിച്ചു. ക്ലേശമായിട്ടുള്ള അപേക്ഷയും, ചിലവു വഹിക്കുവാനുള്ള സന്നദ്ധതയുമുണ്ടെങ്കിൽ കാര്യം സാധിക്കാമെന്നായി അദ്ദേഹം. തൃശ്ശൂർ, അരണാട്ടുകര എന്നീ പള്ളിവികാരിമാർ ഒത്തു പരിശ്രമിച്ച്, ആവശ്യപ്പെട്ടതുപോലെയുള്ള ഹർജിയും, ചിലവിലേക്ക് ആവശ്യമുള്ള പണവും കാലവിളംബമെന്യെ ബാബേൽ പാതിയർക്കീസിന്നയച്ചുകൊടുത്തു. മലയാളത്തിൽ കടന്നുപറ്റുവാൻ പലപ്പോഴും ചെയ്ത യത്നങ്ങളെല്ലാം വിഫലമായിരിക്കയിലാണ് ഈ ഹർജി. അദ്ദേഹം സന്തുഷ്ടനായി ആക്രായിലെ മെത്രാനായിരുന്ന മാർ ഏലിയാമേലൂസിനെ കേരളത്തിലേക്കയച്ചു. ആകയാൽ മേലൂസ് ശീശ്മയുടെ ആദ്യനീക്കം തൃശ്ശൂർ നിന്നാണെന്നു വരുന്നു.



ഡാക്ടർ മൗരീൻ.

മേലൂസ് ബോംബെയിൽ എത്തിയതറിഞ്ഞു അവിടത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന ഡാക്ടർ മൈരീൻ മേലൂസിനെക്കണ്ടു കേരളത്തിൽ കുഴപ്പമുണ്ടാക്കുവാൻ ശ്രമിക്കാതെ തിരിച്ചുപോകണമെന്നുപദേശിക്കാതിരുന്നില്ല. അദ്ദേഹമാകട്ടെ അതിനു വഴിപ്പെട്ടില്ല. മൈരീൻ വിവരം ഉടനെ വരാപ്പുഴെ അധികാരികളെ കമ്പിമൂലം

അറിയിക്കയും ജാഗ്രതയോടെ മേല്പുസിനെ തടയണമെന്നു പദേശിക്കയും ചെയ്തു. എങ്കിലും മേല്പുസ് കേരളത്തിൽ വന്നുചേർന്നു. തുശ്ശൂക്കാർ 1874 ഒക്ടോബർ 2—ാം തീയതി അദ്ദേഹത്തിനു കെങ്കേമമായ ഒരു സ്വീകരണവും നൽകി. അന്നു് ഔദ്യോഗിക സന്ദർശനാർത്ഥം കണ്ടശ്ശാങ്കടവിൽ എത്തിയിരുന്ന മെത്രാപ്പോലീത്താച്ചൻ വിവരം അറിഞ്ഞു് അവിടെ ധ്യാനപ്രസംഗം നടത്തിയിരുന്നവരിൽ പ്രമുഖനായ വലിയ ചാണ്ടി അച്ചനോടു ഇങ്ങനെ പറഞ്ഞു. "ഇതാ മേല്പുസ് അനധികൃതമായി കേരളത്തിൽ വന്നിരിക്കുന്നു. പണ്ടു നിങ്ങൾ റോക്കോസ് ശീശ്മയോടു് പോരാടിയതുപോലെ ഇതിനോടും പോരാടണം. അതിനായി ഏൽത്തുരുത്തു് താമസമാക്കണം."

കല്പനപ്രകാരം ചാണ്ടിഅച്ചനും മറ്റും സമരത്തിനൊരുങ്ങി. എന്നാൽ പോക്കളമായിത്തീർന്ന തുശ്ശൂർ പട്ടണത്തിൽ കത്തോലിക്കർക്കു കാലുകുത്തുവാൻപോലും സ്ഥലമുണ്ടായിരുന്നില്ല. അഞ്ചോ, ആറോ കുടുംബങ്ങൾ മാത്രമാണു് കത്തോലിക്കാഭാഗത്തു് ഉറച്ചുനിന്നിരുന്നതു്.—മറ്റെല്ലാം മേല്പുസ് ശീശ്മയിൽപെട്ടുപോയി. തന്മൂലം ഏൽത്തുരുത്തു് ആശ്രമശ്രേഷ്ഠൻ പല പ്രമുഖ വ്യക്തികളുമായി ആലോചിച്ചു റൊട്ടിക്കാരൻ ബാപ്പുവിന്റെ സ്ഥലം തീറുവാങ്ങി അവിടെ ഒരു കപ്പേള പണിയിച്ചു. അവിടെ വെച്ചാണു് സഭാംഗങ്ങളായ വലിയ ചാണ്ടി അച്ചൻ, പാലിക്കുന്നേൽ ചാക്കോച്ചൻ, കല്ലുക്കാരൻ പൌലോസച്ചൻ, കോടങ്കണ്ടത്തു് ചെലസ്തീനോസച്ചൻ, മുതലായവർ സ്വജീവനെ 'വിഗണിച്ചുകൊണ്ടു ശത്രുനിരയുടെ' ഉള്ളിൽ കടന്നു അടരാടിയിരുന്നതു്, സത്യകാഹളം മുഴക്കിക്കൊണ്ടിരുന്നതു്.

തെക്കൻ പ്രദേശത്തേക്കു കത്തോലിക്കർ റോക്കോസ് ശീശ്മയിൽനിന്നു പഠിച്ചുപാഠം ഓർത്തു് പൊതുവേ കരുതലോടുകൂടെ വർത്തിച്ചു. സുറിയാനിമെത്രാനെ ലഭിക്കുവാനുള്ള ആഗ്രഹവും, അതിനു സദാ വിലങ്ങുതടിയായി നിന്ന വരാപ്പുഴെ ഭരണത്തോടുള്ള വിദ്വേഷവും, മാപ്പാപ്പായുടെ കല്പനപ്രകാരമാണു് മേല്പുസ് വന്നിട്ടുള്ളതെന്നുള്ള

തൊണ്ടനാടനച്ചന്റെ . വ്യാജപ്രസ്താവനയും നിമിത്തം ഉത്തരപ്രദേശങ്ങളിൽ പലരും കബളിപ്പിക്കപ്പെട്ടു. തങ്ങളുടെ പരിശ്രമഫലമായിവന്ന മേലൂസിനെ തൃശ്ശൂക്കാർ സവ്വാത്മനാ ആദരിക്കയാണുണ്ടായതു്. കേരളത്തിൽ പൂണ്ണമായി മേലൂസു് ശീശ്മയിൽപെട്ട പന്ത്രണ്ടു പള്ളികളിൽ



പെ. ബ. വലിയ ചാണ്ടി അച്ചൻ.

പതിനൊന്നും തൃശ്ശൂർ ത്രുപതാത്തിയിൽ പെട്ടവയായിരുന്നു എന്നു പറഞ്ഞാൽ ഉത്തരപ്രദേശങ്ങളിൽ മേലൂസു് വിഷബീജം എത്ര ത്രുക്ഷതയോടെയാണു് സംക്രമിച്ചതെന്നു കാണാൻ പ്രയാസമില്ലല്ലോ.

ഒല്ലൂർ പള്ളി വികാരി ക. നി. മൂ. സ. ബ. മത്തായി ഗ്രീഗോരിയോസച്ചൻ ഇടവകക്കാരോടുകൂടി യാഥാ

ത്തും അറിയുന്നതിനു വേണ്ടി റോമ്മിലേക്കു് എഴുതി. അതിനു മറുപടിയായി ഭാഗ്യസ്മരണാർഹനായ ഒമ്പതാം പിയൂസ് മാപ്പാപ്പായിൽനിന്നു് ഒല്ലൂർ വികാരിക്കും ഇടവകക്കാക്കും ഒരു മറുപടിയും ലഭിച്ചു. അതിൽ മേലൂസു് അനധികൃതമായിട്ടാണു് കേരള പ്രവേശനം ചെയ്തിട്ടുള്ളതെന്നു് വിശദമാക്കുകയും വരാപ്പുഴെ മെത്രാപ്പോലീത്തായോടുചേർന്നു നിൽക്കുവാൻ ഉപദേശിക്കയും ചെയ്തിരുന്നു. 1875 മെയ് ഒന്നാം തീയതി എഴുതപ്പെട്ട ഈ ലേഖനത്തിൽ പരിശുദ്ധ പിതാവുതന്നെയാണു് ഒപ്പുവച്ചിട്ടുള്ളതു്. മേലൂസു് കേരളത്തിൽ പ്രവേശിച്ച അധികംനാൾ കഴിയുന്നതിനുമുമ്പു് കേരളം വിട്ടുകൊള്ളണമെന്നുള്ള പ. പിതാവിന്റെ കല്പന വരാപ്പുഴെ വഴി വന്നുചേർന്നു. അപ്രകാരം ചെയ്യാൻ വിസമ്മതിക്കുകയാൽ 1874 ഒക്ടോബർ 25-ാം തീയതി വരാപ്പുഴെനിന്നും അദ്ദേഹത്തെ മഹറോൻ ചൊല്ലി.

ഇത്തരുണത്തിൽ മേലൂസു് വഴി പാലായിലെ കത്തോലിക്കർ അപേക്ഷിച്ചിരുന്നതിൻപ്രകാരം മാർ യാക്കോബു് എന്ന ഒരു മെത്രാനംകൂടെ അനധികൃതമായി കേരളത്തിൽ വന്നു. അദ്ദേഹം വളരെ ആഘോഷപൂർവ്വം 1876 മകരം 2-ാം തീയതി കൂറവിലങ്ങാട്ടു സ്വീകരിക്കപ്പെട്ടുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

അന്നേദിവസം മാന്നാനം ആശ്രമദേവാലയത്തിൽ ഒരു പുത്തൻകുമ്പാനടന്നു. അതെ, അന്നുതന്നെയാണു് കൂറവിലങ്ങാട്ടുകാരനായ നിധിയിരിക്കൽ മാണിക്കത്തനാർ തന്റെ യൗവ്വനത്തിളപ്പിൽ നൈസർഗ്ഗികമായ തന്റെ സകല കഴിവുകളോടുംകൂടെ പ്രക്ഷുബ്ധകേന്ദ്രത്തിലേക്കു രംഗപ്രവേശം ചെയ്തതു്. വിവിധ ഭാഷകളിൽ പാണ്ഡിത്യവും അവയെ പ്രൗഢമായി കൈകാര്യംചെയ്യുന്നതിനുള്ള പ്രാപ്തിയും മാത്രമല്ല വീരോചിതമായ മനഃസ്ഥൈര്യവും കർമ്മകുശലതയും സ്വാധീനശക്തിയും ഒത്തിണങ്ങിയ ഒരു മഹാരഥനായിരുന്നു നിധിരിക്കൽ മാണിക്കത്തനാർ. മേലൂസു് സമരത്തിൽ കർമ്മലീത്താസന്യാസികൾ നല്ല പടയാളികളെപ്പോലെ അടരാടിയെങ്കിൽ ഡോക്ടർ മൗരീൻ ആയിരുന്നു പടത്തലവൻ. മാണിക്കത്തനാർ ഡാക്ടർ മൗരീന്റെ ലഫ്ട

നെൻറായിട്ടാണു് വർത്തിച്ചിരുന്നതു്. കേരളസഭയുടെ അന്നത്തെ ശോചനീയാവസ്ഥയും മാണിക്കത്തനാരുടെ സേവനങ്ങളും ചേർത്തു ചിന്തിക്കുന്നവൻറെ കാൽമുട്ടു മടങ്ങും, ശിരസ്സു് താനെ കുനിയും ദൈവകാരുണ്യത്തെ നമിക്കുവാൻ.



നിധിയിരിക്കൽ മാണിക്കത്തനാർ.

മേല്പുസ് മെത്രാൻ ബോംബെയിൽനിന്നു കേരളത്തിലേക്കു പുറപ്പെട്ട നാൾമുതൽ അവിടെ നടന്ന സംഭവങ്ങളോരോന്നും ഉൽക്കണ്ഠാപൂർവ്വം പഠിച്ചുകൊണ്ടിരുന്നവനാണു് ഡാക്ടർ മൗരീൻ. കുശാഗ്രബുദ്ധിയും കർമ്മകുശലനുമായിരുന്ന ഇദ്ദേഹം വിസിറ്റർ അപ്പസ്തോലിക്കയായി കേരളത്തിൽ എത്തിയതു 1876-ാമാണ്ടിൻറെ ആരംഭത്തിലത്രെ. അനന്യസാധാരണമായ ആഘോഷങ്ങളോടുകൂടിയാണു് അദ്ദേഹത്തെ മാന്നാനത്തു് സ്വീകരിച്ചതു്. "I have never seen anything so grand" എന്നാണു് ആ സ്വീകരണത്തെക്കുറിച്ചു് അദ്ദേഹംതന്നെ സാക്ഷിച്ചിട്ടുള്ളതു്. 1876-ം മാണ്ടു് പന്തക്കുസ്തായുടെ തലേദിവസം മാന്നാനംകൊവേന്തയിലിരുന്നു് അദ്ദേഹം രണ്ടു ലേഖനങ്ങൾ എഴുതി. കുറവിലങ്ങാട്ടു താമസിച്ചിരുന്ന മാർ യാക്കോബുമെത്രാനെ പശ്ചാത്താപത്തിനും, ക. നി. മു. സ. വൈദികരെ സമരത്തിനും

ആഹ്വാനം ചെയ്യുന്നവയായിരുന്നു പ്രസ്തുത ലേഖനങ്ങൾ. ഉടൻതന്നെ മാന്നാനത്തു വൈദികരുടേയും അൽമായ പ്രമാണികളുടേയും ഒരു യോഗം ഡാക്ടർ മൗരീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഒല്ലൂരും ഏറെതാമസിയാതെ താലൂശയോഗം അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഇവയിൽ വെച്ച് അദ്ദേഹം ശരിയായി ഗ്രഹിച്ചു, കേരളത്തിലെ ശീശ്മകളുടേയും, അന്തഃച്ഛിദ്രങ്ങളുടേയും ഒരു പ്രധാന കാരണം വരാപ്പുഴെ വൈദികമേധാവികളുടെ നയവൈകല്ല്യമാണെന്നു്. മേലൂസു് ഇതിനകം തൃശ്ശൂർ ആസ്ഥാനം ഉറപ്പിച്ചിരുന്നതിനാൽ ഒരു "വിദഗ്ധ സേനാനിയെപ്പോലെ തൃശ്ശൂരിനു ഏറ്റവും അടുത്ത ഒരു സ്ഥലം തന്റെ ആസ്ഥാനമാക്കുവാൻ ഉറച്ചുകൊണ്ടാണു് വിസിറ്റർ അപ്പസ്തോലിക്കാ ഏൽത്തുരുത്തു് ആശ്രമത്തിൽ താമസിച്ചതു്. അദ്ദേഹം പതിനാറുമാസം ശീശ്മക്കാരോടു് സുധീരം പോരാടി. ഇതിൽ ഏറിയ പങ്കും ഏൽത്തുരുത്തുതന്നെയായിരുന്നു അദ്ദേഹത്തിന്റെ താമസം. ആകയാൽ ഏൽത്തുരുത്തു് ആശ്രമം ശീശ്മയോടുള്ള സമരത്തിന്റെ പല രംഗങ്ങളും ദർശിച്ചു; യുദ്ധകോലാഹലങ്ങൾക്കു പലപ്പോഴും അവിടം മൂകസാക്ഷിയായി.

ഒല്ലൂരും ഏൽത്തുരുത്തും തൃശ്ശൂരുനിന്നുള്ള മേലൂസ് കക്ഷിക്കാർ വന്നു ഡാക്ടർ മൈരീനുമായി തക്കവാദങ്ങൾ നടത്തി. ഡാക്ടർ മൈരീൻ റോമ്മിൽനിന്നുള്ള രേഖകൾ നിരത്തിവച്ചു ശരിയായ അധികാരത്തോടെ വന്നവനല്ല മേലൂസു് എന്നു തെളിയിച്ചു. എങ്കിലും മൈരീൻ തക്കത്തിൽ തോറ്റുവെന്നു തൃശ്ശൂർക്കാർ നാടെങ്ങും പ്രചരിപ്പിച്ചുകൊണ്ടാണിരുന്നതു്. ഒരിക്കൽ തൃശ്ശൂരുനിന്നു ഇരുപതുപേർ ഏൽത്തുരുത്തു് വന്നതും കയ്യേറിപറഞ്ഞുകൊണ്ടു് ജയഭേരിമുഴക്കി സ്ഥലം വിട്ടതും, എണ്ണാകുളം മെത്രാൻ ഡാക്ടർ ളവീസു് പഴേ പറമ്പിൽ സവിസ്തരം വിവരിക്കുന്നുണ്ടു്. ഇതെല്ലാം കണ്ടപ്പോൾ ഡാക്ടർ മൈരീൻ തക്കവാദങ്ങൾകൊണ്ടു് പ്രയോജനമില്ലെന്നും കോടതി മുഖേന നീതിക്കായി വാദിക്കുന്നതായിരിക്കും വിവേകമെന്നും ഉള്ള അനുമാനത്തിലെത്തിച്ചേർന്നു.

നാട്ടരാജ്യങ്ങളിലെ നീതിന്യായസമ്പ്രദായം തനി
ക്കു നല്ല പരിചയമില്ലാതിരുന്നതിനാലാണു് ബ്രിട്ടീഷ്മല
ബാറിലായിരുന്ന ചിറ്റാട്ടുകരപള്ളിയെ ആസ്പദമാക്കി കോഴി
ക്കോട്ടു് ജില്ലാക്കോടതിയിൽ കേസ്സുകൊടുത്തതു്. മേല്പുസ്
ഒരിക്കലും കോടതിയിൽ ഹാജരാകുവാൻ ധൈര്യപ്പെട്ടില്ല.
വരാപ്പുഴെ വൈദികാധികാരികളുടെ പേർക്കായിരുന്ന അന്യാ
യം. എന്നാൽ ശീശ്മക്കാർ വാദിച്ച മേല്പുസിന്റെ വരവിനു
മുമ്പു് കേരളത്തിൽ വരാപ്പുഴെ, പതുവാടോ എന്നീ രണ്ടു വി
ഭാഗങ്ങളുണ്ടായിരുന്നുവെന്നു്. ഉടനെ പതുവാടോ അധികാ
രികളും വരാപ്പുഴെ അധികാരികളോടുചേർന്നു. ശീശ്മക്കാർക്കു
പ്രതികൂലമായിരുന്ന വിധി. എന്നുതന്നെയല്ല കത്തോലിക്ക
ക്കു് കോർട്ട ചിലവു് കൊടുപ്പാൻ അവർ നിബ്ബന്ധിതരായി.
ശീശ്മക്കാർ മദ്രാസിൽ അപ്പീൽ കൊടുത്തു. ഇങ്ങനെ കേസ്സു
നടന്നുകൊണ്ടിരിക്കുമ്പോഴാണു് ഡാക്ടർ മെരീനു ബോംബെ
യ്ക്കു പിന്തിരിവാൻ കല്പനയുണ്ടായതു്. എങ്കിലും ബ. നി
ധിയിരിക്കൽ മാണിക്കത്തനാർ വിജയപ്രദമായി കേസ്സു നട
ത്തി കോടതിചിലവും ശീശ്മക്കാരെക്കൊണ്ടു് കെട്ടിവെപ്പിച്ചു.
അവരെ പല പള്ളികളിൽനിന്നും പുറത്താക്കി.

മെരീൻ ഏൽത്തുരുത്തിൽ താമസിച്ചുകൊണ്ടിരി
ക്കുമ്പോഴാണു് ശീശ്മമെത്രാനായ, മാർ യാക്കോബിനെ മാന
സാന്തരപ്പെടുത്തിയതു്. മാന്നാനത്തുനിന്നു് ഡാക്ടർ മെരീൻ
അദ്ദേഹത്തിന്നയച്ച ലേഖനം വായിച്ചപ്പോൾതന്നെ അദ്ദേ
ഹം തന്റെ അബദ്ധം മനസ്സിലാക്കിയിരുന്നതാണു്. എങ്കി
ലും പിന്നീടു് തൃശ്ശൂർ ശീശ്മക്കാരുടെ ഇടയിൽവന്നതോടെ
എന്തു ചെയ്യേണ്ടു എന്നറിയാതെ വലിയ പരിഭ്രമത്തിലായി.
ഡാക്ടർ മെരീന്റെ കരുണയാണു് അദ്ദേഹത്തിനും ശീശ്മക്ക
ക്ഷിയെ വിടുവാൻ ധൈര്യം നൽകിയതു്. പൈതൃക വാത്സ
ല്യത്തോടെ ഡാക്ടർ മെരീൻ അദ്ദേഹത്തോടു് അവസാനം
വരെ പെരുമാറി. യാത്രച്ചിലവു കൊടുത്തുകൊണ്ടു മാത്രമല്ല,
അദ്ദേഹത്തെക്കുറിച്ചു് അധികാരസ്ഥാനങ്ങളിലേക്കു് എഴുത്തു
കളും അയച്ചും അദ്ദേഹത്തെ സഹായിക്കുകയുണ്ടായി.

ഏൽത്തുരുത്തു് ആശ്രമത്തിൽ താമസിച്ചുകൊണ്ടു്
ഡാക്ടർ മെരീൻ വിട്ടിരുന്ന പീരങ്കിയുണ്ടകളും ശീശ്മക്കോട്ട

കളെ തകർത്തുകളയുന്നുണ്ടു് എന്നതിൽ വരാപ്പുഴെ അധികൃതക്കു് സംശയം ലേശംപോലുമില്ലായിരുന്നു. എങ്കിലും ആ കുശാഗ്രബുദ്ധി സംഗതി ചൂഴിഞ്ഞറിയുവാൻ പ്രാപ്തനാണെന്നും, തങ്ങളെക്കുറിച്ചു് അനുകൂലമായ ഒരഭിപ്രായമായിരിക്ക



പാലാക്കുന്നേൽ ബ. ചാക്കോച്ചൻ.

യില്ല വിസിറ്റർ അപ്പസ്തോലിക്ക എന്ന നിലയിൽ അദ്ദേഹം റോമ്മിൽ സമർപ്പിച്ചിരിക്കുക എന്നും അവർക്കു ശങ്കയുണ്ടായി.

ആകയാൽ അവർ മഗരീനു വിരോധമായി റോമ്മിൽ ബോധിപ്പിച്ചതിന്റെ ഫലമായിട്ടാണു് ഒരു രഹസ്യ വിസിറ്റായി 1877-ൽ പെർസിക്കോ മെത്രാൻ നിയമിതനായതു്. അദ്ദേഹം വരാപ്പുഴെ ചെന്നു് മിഷനറിമാരെക്കണ്ടു് സംസാരിച്ചതിൽ പല തെറ്റിദ്ധാരണകളും വിധേയനായി. കേരളത്തിലെ സുറിയാനിക്കാരെ വിദ്യാസമ്പന്നരാക്കുവാൻ യത്നിക്കുന്നുവെന്നതിനു തെളിവായി കൊച്ചിയിലുള്ള ഒരു സ്കൂളാണു് വരാപ്പുഴെ അധികാരികളും ചൂണ്ടിക്കാണിച്ചതു്. "കൊച്ചി എവിടെ? സുറിയാനിക്കാരെവിടെ?" എന്നാണു് ളവീസു് പഴെപറമ്പിൽ തിരുമേനി ചോദിക്കുന്നതു്. എങ്കിലും അന്നു പുത്തൻപള്ളി സെമിനാരി റെക്ടർ ആയിരുന്ന മർസെലിനോസു് മിഷനറിയെ സുറിയാനിക്കാരുടെ മെത്രാനാക്കിയാൽ എല്ലാം ശുഭമാകും എന്നു് പെർസിക്കോയെ അവർ ധരിപ്പിച്ചു.

കരുനീക്കങ്ങളും സുപ്രതീക്ഷയോടെ വീക്ഷിച്ചുകൊണ്ടിരുന്ന ഡാക്ടർ മഗരീനെ ഡാക്ടർ പെർസിക്കോ ഏൽത്തുരുത്തു്വന്നു കണ്ടു് സംഭാഷണം നടത്തി. അതിനുശേഷം ഡാക്ടർ മഗരീൻ താമസിയാതെ കേരളം വിട്ടു് ബോംബയ്ക്കു് പുറപ്പെടുവാൻ കല്പനയായി. ചിറ്റാട്ടുകര പള്ളിക്കെസ്സു് മുൻസൂചിപ്പിച്ചിട്ടുള്ളതുപോലെ മാണിക്കത്തനാരെ ഏല്പിച്ചും, മദ്രാസ്സിൽപോയി ഒരു തക്ക വക്കീലിനെ ഏർപ്പെടുത്തിയുമാണു് ഡാക്ടർ മഗരീൻ, താൻ വളരെ സ്നേഹിച്ച കേരളത്തോടും, കേരളീയരോടും യാത്രചൊല്ലിപ്പിരിഞ്ഞതു്. ഡാക്ടർ മഗരീൻ ബോംബയ്ക്കു് പുറപ്പെടുന്നതിനുമുമ്പു് തങ്ങൾക്കുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾക്കു് നന്ദിപ്രകാശിപ്പിക്കുന്നതിനുവേണ്ടി ജനങ്ങളെയും വൈദികരെയും ഏൽത്തുരുത്തു് ആശ്രമശ്രേഷ്ഠൻ വിളിച്ചുകൂട്ടി. ഈ യാത്ര അയപ്പുപ്രമാണിച്ചു് പാട്ടുകുബ്ബാന, വാഴ്ച്ച, പ്രസംഗം മുതലായ ആഘോഷച്ചടങ്ങുകൾക്കുംപുറമെ ഒരു പൊതുയോഗവും ഉണ്ടായിരുന്നു. അതിൽവെച്ചു് ഡാക്ടർ മഗരീൻ തിരുമനസ്സിന്റെ നേർക്കു് നിഷ്കളങ്കവും ഹൃദയംഗവുമായ നന്ദി പ്രകാശിപ്പിക്കുകയും അദ്ദേഹത്തിനു് നന്ദിസൂചകമായി ഒരു കുരിശും മാലയും സമ്മാനിക്കുകയുംചെയ്തു. ഇതും അദ്ദേഹത്തിന്റെ ജീ

വിതത്തിലെ അവിസ്മരണീയ സംഭവങ്ങളിൽ ഒന്നായിരുന്നു. പിറെറ ദിവസം രാത്രി തോണിയിലാണു് ഇവിടെനിന്നും പുറപ്പെട്ടതു്. അച്ചന്മാരും സെമിനാരിക്കാരും വഴിനീളെ എതിരേറെറകൊണ്ടുപോയി എന്നു കാണുന്നതിൽനിന്നു് ഡാക്ടർ മൗരീൻ തൻെറ സേവനങ്ങൾവഴി ആശ്രമവാസികളെയും സെമിനാരിക്കാരേയും എത്രമാത്രം കൃതജ്ഞതാഭരിതരാക്കി എന്നു കാണാവുന്നതാണു്.

മേലൂസു് മെത്രാൻ വന്ന ഉടനെ തൊണ്ടനാട്ടു് അന്തോണി അച്ചൻ അദ്ദേഹത്തെ പിന്താങ്ങുവാൻ വേണ്ടി വ്യാജപ്രസ്താവനകളുംകൊണ്ടു് മുന്നോട്ടുവന്നുവെന്നു് മുൻപു് പ്രസ്താവിച്ചുവല്ലൊ. അദ്ദേഹം റോക്കോസു് മെത്രാൻ കേരളത്തിൽ കഴിച്ചകാലമത്രയും ആ ശീശ്മനേതാവിനെ ആരാധിക്കയും റോക്കോസു് കേരളം വിട്ടപ്പോൾ വരാപ്പുഴെ ഭാഗത്തേക്കു പിന്തിരിയുകയും മേലൂസു് മെത്രാൻെറ ആഗമനാനന്തരം വീണ്ടും ശീശ്മഭാഗത്തേക്കു് വഴുതി വീഴുകയുമാണുണ്ടായതു്. ഒരു വഷ്ത്തിനുശേഷം മേലൂസു് മെത്രാനെ ഉപേക്ഷിച്ചുകൊണ്ടു് വീണ്ടും വരാപ്പുഴെ അധികാരികളുടെ ഭാഗത്തു ചേർന്നു. എന്നാൽ മാർ യാക്കോബു് കേരളം വിട്ടപ്പോൾ മേലൂസു് മെത്രാൻ, തൊണ്ടനാട്ടച്ചനെ തുശ്രൂക്കു വിളിപ്പിച്ചു മെത്രാൻ പദം വീണ്ടെടുക്കുവാനും തെക്കൻ പള്ളികളെ ഭരിക്കുവാനും പറഞ്ഞു. അദ്ദേഹം സസന്തോഷം ആ ജോലി ഭരമേറെറ. മേലൂസു് മെത്രാൻ തൻെറ അധികാരം കേരളത്തിൽ സുസ്ഥിരമാക്കുവാൻ ആവശ്യമുള്ളതെല്ലാം ചെയ്തു. എങ്കിലും ചിറയാട്ടുകര പള്ളിക്കേസ്സിൽ പരാജയമടയുകയാൽ മേലൂസു് ഗ്രഹിച്ചു, തൻെറ ശക്തി കുറഞ്ഞു കുറഞ്ഞുവരുന്നുവെന്നു്. ആകയാൽ കേരളം കഴിവതും വേഗത്തിൽ വിടുവാൻ തന്നെ മേലൂസു് തീർച്ചയാക്കി. തന്മൂലം തൊണ്ടനാട്ടച്ചനെ വരുത്തി തനിക്കു മെസൊപ്പൊട്ടേമിയായിലേക്കു് ഉടനെ പോകേണ്ട ആവശ്യം നേരിട്ടിരിക്കുന്നുവെന്നും, തൻെറ പേക്കു പള്ളി ഭരണം നടത്തണമെന്നും പറയുകയും ആഗ്സ്തീനോസു് കോർ എപ്പിസ്കോപ്പായെ സഹായിയായി കൊടുക്കുകയും ചെയ്തു. 1882 മാർച്ചു് 5-ാംതീയതി മേലൂസു്മെത്രാൻ കേരളം വിട്ടു.

സ്വദേശത്തുചെന്നു് മാനസാന്തരപ്പെട്ടു് കത്തോലിക്കാ ഐക്യത്തിലാണു് അദ്ദേഹം ഐഹികവാസം വെടിഞ്ഞതു്. തൊണ്ടനാട്ടു് അന്തോണി അച്ചൻ മെത്രാന്റെ വേഷഭൂഷണങ്ങളോടെ തൃശ്ശൂരും ഇളന്തോട്ടത്തിലുമായി പാർത്തു്, ശീശ്മ പള്ളികളെ ഭരിച്ചു. പിന്നീടു് പലപ്പോഴും പുനരൈക്യത്തിനായി ആഗ്രഹം പ്രകടിപ്പിച്ചതല്ലാതെ പുനരൈക്യപ്പെടുകയുണ്ടായില്ല. ഈ സ്ഥിതിയിൽ 1900-മാണ്ടിൽ അദ്ദേഹം കാലയവനികക്കുള്ളിൽ മറിഞ്ഞു.

മേല്പുസു് മെത്രാൻ കേരളം വിട്ടപോയതു് ഏൽത്തുരുത്തു് ആശ്രമവാസികൾക്കു് കുറെ ആശ്വാസത്തിനു കാരണമായി. എന്തുകൊണ്ടെന്നാൽ ഈ മെത്രാൻ നിമിത്തമുണ്ടായ ശീശ്മയിൽ കൂട്ടുങ്ങാതെ ജനങ്ങളെ സംരക്ഷിക്കുന്നതിനും ശീശ്മയിൽ പെടാത്ത പള്ളികളിൽ ശീശ്മക്കാർ കയറിപ്പറ്റാതെ സൂക്ഷിക്കുന്നതിനും വൈദികർ ആവശ്യമായിരുന്നുവല്ലോ. എന്നാൽ ഇടവക വൈദികർ വിരളമായിരുന്നതിനാലും വൈദികരെക്കൂടാതെ യാതൊരു പള്ളിയും വിട്ടുവാൻ സാഹചര്യം അനുവദിക്കാഞ്ഞതിനാലും സന്യാസ വൈദികർതന്നെ ആ വിടവു നികത്തേണ്ടിവന്നു. ഈദൃശ വിഷമസന്ധിയിലുള്ള ഇടവകഭരണം നിമിത്തം സന്യാസവൈദികർ വളരെ ബുദ്ധിമുട്ടുകളും സഹിക്കുന്നതിനും വ്യവഹാരത്തിൽ ഉൾപ്പെടുന്നതിനും ഇടയായിട്ടുണ്ടു്. ഈ ശീശ്മക്കാലത്തു് പ്രത്യേകമായി സന്യാസ വൈദികർ നടത്തിപ്പോന്നവ തൃശ്ശൂർ കപ്പേളയും, ഒല്ലൂർ, മുക്കാട്ടുകര, അരിമ്പൂർ എന്നീ പള്ളികളുമായിരുന്നു. താണിക്കൽ കോടുങ്കണ്ടത്തു് ബ ചെലസ്തീനോസച്ചനായിരുന്ന മേല്പുസു് ശീശ്മയുടെ കാലമത്രയും തൃശ്ശൂർ കപ്പേളയുടെ വികാരി. ഡാക്ടർ മെഡ്‌ലിക്കോട്ടു് തിരുമനസ്സിലെ ആഗമനശേഷവും കുറെനാൾ അദ്ദേഹം വികാരിയായി ജോലിതുടർന്നു.

ഈദൃശ സാഹചര്യത്തിൽ കേരളീയർക്കു്, അവർ സന്യാസികളായാലും സെമിനാരിക്കാരായാലും വികാര രഹിതരായിരിക്കുക സാദ്ധ്യമല്ലല്ലൊ. ശീശ്മകളുടെയും ഛിദ്രങ്ങളുടെയും പ്രധാന കാരണം സുറിയാനിക്കാരെ ഭരിക്കുവാൻ സുറിയാനി മെത്രാന്മാരെ ലഭിക്കാത്തതാണെന്നു് അവരുടെ

ഇടയിൽ പൊതുവേ അഭിപ്രായമുണ്ടായിരുന്നു. എന്നാൽ അവരെ ഭരിച്ചിരുന്ന വരാപ്പുഴെ മെത്രാന്മാർ ഈ അഭിപ്രായത്തെ ഒട്ടും അനുകൂലിച്ചിരുന്നില്ല. ആകയാൽ അവർക്കെതിരായി പൊതുജനങ്ങളിൽനിന്നും ഇടവക വൈദികരിൽനിന്നും തിരുസിംഹാസനത്തിങ്കലേയ്ക്ക് ഹർജികൾ അയച്ചിരുന്നതുപോലെ ആശ്രമങ്ങളിൽനിന്നും സെമിനാരികളിൽനിന്നും തൽസംബന്ധമായി എഴുത്തുകൾ പോയിരുന്നു. ഇതു് തെറ്റായ നടപടിയായിരുന്നില്ല. എങ്കിലും വരാപ്പുഴെ



കോടങ്കണ്ടത്തു് ബ. ചെലസ്തീനോസച്ചൻ.

ഭരണാധികാരികൾക്കു് ഇതു് ഒട്ടും രസിച്ചില്ല. തൽഫലമായി ഡാക്ടർ ലൂവീസു് പഴേപറമ്പിലും ചാവറ പ്രിയോരച്ചന്റെ അനന്തിരവൻ ബ. ജോസഫ് ചാവറയും ഉൾപ്പെടെ ഏഴു് സന്യാസികൾ സഭയിൽനിന്നും നിഷ്കാസിതരായി. ഇവരെയെല്ലാം ആശ്രമങ്ങളിൽനിന്നു് ഇറക്കിയവിധം ഡാക്ടർ പഴേപറമ്പിൽ തന്റെ ഡയറിയിൽ വിവരിക്കുന്നതു് അശ്രുധാരയോടുകൂടിയല്ലാതെ വായിക്കുവാൻ പ്രയാസമാണു്. ഏൽത്തുരുത്തു് സെമിനാരിയുടെ റെക്ടറായിരുന്ന പെ. ബ. ജെരാർദ്ദു് മിഷനറിയെ

തൽസ്ഥാനത്തുനിന്നു മാറ്റിയതു് സെമിനാരിക്കാരുടെ ന്യായമായ അവകാശം വകവെച്ചുകൊടുത്തു എന്ന കാരണത്താലാണു്. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരൻ പെ. ബ. ലെയോപ്പോൾഡു് മിഷനറിയും സഹോദരഭാവേനയത്രെ ഈ പ്രശ്നങ്ങളെ വീക്ഷിച്ചിരുന്നതു്. പ്രസ്തുത മിഷനറി സഹോദരങ്ങളുടെ സന്മനോഭാവം വരാപ്പുഴെ അധികാരികൾക്കു് ഇല്ലാതെപ്പോയതു് കേരളത്തിന്റെ നിർഭാഗ്യമെന്നേ പറയേണ്ടു. അവസാനം എന്തു സംഭവിച്ചു? ഡാക്ടർ പഴേപറമ്പിൽ സഭയിൽനിന്നു് നിഷ്കാസിതനായശേഷം സംഭവങ്ങളെല്ലാം ദീർഘമായ ഒരു കേബിൾവഴി സസൂക്ഷ്മം റോമിൽ അറിയിച്ചു. മേലിൽ ഈ കാരണത്താൽ യാതൊരു സന്യാസിയേയും സഭയിൽനിന്നു തള്ളിക്കളുടെന്നു കല്പനയായതുകൂടാതെ തള്ളിക്കളയപ്പെട്ടവർക്കു് ഇഷ്ടമുണ്ടെങ്കിൽ വീണ്ടും സഭയിൽ പ്രവേശിക്കുന്നതിനു് അനുവാദം നൽകപ്പെടുകയും ചെയ്തു.

ശീശ്മയുടെ കോലാഹലങ്ങൾ പ്രചണ്ഡമായി നടന്നുകൊണ്ടിരുന്നപ്പോൾ, ഡാക്ടർ മൗരീൻ ഏൽത്തുരുത്തു് ആശ്രമക്കോട്ടയിലിരുന്നുകൊണ്ടു് ശീശ്മക്കെതിരായി ശരങ്ങൾ തൊടുത്തുവിട്ടുകൊണ്ടിരുന്നപ്പോൾ, ആശ്രമം തന്നെ കരസ്ഥമാക്കുവാനായിരുന്ന ഏതിരാളികളുടെ ശ്രമം. തൽഫലമായി 1877 മീനം 31-ാം തീയതി തൃശ്ശൂർ ജില്ലാക്കോടതിയിൽനിന്നു് ആശ്രമശ്രേഷ്ഠനും മറ്റു വൈദികർക്കുമായി ഒരു സമൻസു് വന്നു. മേല്പുസു് പാർട്ടിയിൽപ്പെട്ട അരണാട്ടുകര തേറാട്ടിൽ ബ. ഇയ്യോവച്ചനും, അരണാട്ടുകരക്കാരായ വേറെ ചില ശീശ്മക്കാരും തങ്ങൾക്കു കൊവേന്തയിന്മേലും അതിന്റെ വസ്തുക്കളിന്മേലും അവകാശമുണ്ടെന്നു കാണിച്ച ഹർജ്ജി ബോധിപ്പിച്ചിരുന്ന അന്യായത്തിന്റെ ഫലമായിരുന്നു അതു്. എറണാകുളത്തുകാരൻ ഒരു പറങ്കിയായിരുന്ന കൊവേന്തയുടെ വക്കീൽ. ആദ്യവിചാരണ 1877 കർക്കിടകം 1-ാം തീയതി നടന്നു. അതിനു് വക്കീലിനെ സഹായിക്കുവാൻ ഡാക്ടർ മൗരീന്റെ സിക്രട്ടറി ബ. ക്ലാർക്കച്ചനും നിധിയിരിക്കൽ മാണിഅച്ചനും പോയിരുന്നു. അന്നു വിധിയുണ്ടായില്ല. പലപ്പോഴും അവധിക്കുവെച്ചും വിസ്താരം നടക്കാതെ

യും കേസ്സ് അങ്ങനെ നീണ്ടു. രണ്ടു തവണയായി 300 ക. വരാപ്പുഴെനിന്നും ഇതിലേക്കായി ലഭിച്ചു. ഓരോ അവുധിക്കും മാണിക്കത്തനാർ സ്ഥലത്തെത്തി കേസ്സിന്റെ വിജയത്തിനായി ബുദ്ധിമുട്ടിക്കൊണ്ടാണിരുന്നതു്. അവസാനം 1880-ാം മാണ്ടു് മിഥുനം 1-ാം തീയതി കേസ്സു് വിചാരണയ്ക്കെടുക്കുകയും 16-ാം തീയതി വരെ പല ദിവസങ്ങളിൽ വിസ്താരം നടത്തുകയും ചെയ്തു. ആ മാസം 21-ാം തീയതി ആശ്രമത്തിന്നനുകൂലമായി വിധിയുമുണ്ടായി.

മേൽവിവരിച്ചവിധം ശീശ്മകളാലും ഛിദ്രങ്ങളാലും പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലും ഏൽത്തുരുത്തു് ആശ്രമവാസികൾ സെമിനാരി മുറകൾ നടത്തിക്കൊണ്ടുപോന്നു. ആരംഭത്തിൽ സെമിനാരി ആശ്രമത്തിന്റെ ഒരു ഭാഗമെന്നപോലെയാണു് കരുതിപ്പോന്നതു്. എന്നാൽ 1878-ൽ, അതായതു് സെമിനാരി ആരംഭിച്ചിട്ടു് 10 വർഷം കഴിഞ്ഞശേഷം, സെമിനാരി ഇപ്പോൾ പള്ളിയുടെ വടക്കുവശത്തു് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ പടിഞ്ഞാറെ വിങ്ങിലേക്കു് മാറി. ഇപ്പോൾ ഇതു് മുദ്രാലയമായി ഉപയോഗിച്ചുവരുന്നു. അന്നുമുതൽ അവരുടെ കണക്കു് ആശ്രമക്കണക്കിൽനിന്നു വേർതിരിക്കുകയും ചെയ്തു.

1883 ജൂൺമാസം 29-ാം തീയതി ശീശ്മവിട്ടു് ഇവിടെ വന്ന തൃശ്ശൂർക്കാരായ മണ്ണുക്കാടൻ ഗീവർഗ്ഗീസു്, ഒല്ലൂക്കാരൻ ഇട്ടിക്കുരു എന്നീ ആറാംപട്ടക്കാരെ ഇവിടെ സ്വീകരിച്ചു് ആശ്രമത്തോടുചേർന്ന ബംഗ്ലാവിൽ താമസിപ്പിച്ചു. വരാപ്പുഴെ അധികാരത്തിൽനിന്നുള്ള കല്പനപ്രകാരം അവരെ പള്ളിക്കുറ്റം തീർത്തെടുക്കുകയും ഇവിടെത്തന്നെ രണ്ടുവർഷം താമസിപ്പിച്ചു് ഇരുവരെയും തിരുപ്പട്ടമേല്പിക്കുകയും ചെയ്തു. നവപൂജ ഈ ആശ്രമദേവാലയത്തിൽ അപ്പിച്ചശേഷമാണു് അവർ സ്ഥലം വിട്ടതു്.

സെമിനാരി റെക്ടറായി ചിലപ്പോൾ മിഷനറി വൈദികർ നിയുക്തരായിട്ടുണ്ടു്. എങ്കിലും പലപ്പോഴും ആശ്രമശ്രേഷ്ഠൻ തന്നെയോ അദ്ദേഹത്താൽ നിയുക്ത

നായ വേറെ ഏതെങ്കിലും സന്യാസവൈദികനൊ ആണ്
റെക്ടർ ഉദ്യോഗം വഹിച്ചിരുന്നതു്. സെമിനാരിക്കാ
രുടെ പരീക്ഷ പ്രായേണ വന്ദ്യതിരുമേനി മെത്രാപ്പോലീ
ത്തായൊ അല്ലെങ്കിൽ മിഷനറി വൈദികരിൽ വല്ലവരുമൊ
നടത്തിയിരുന്നു. ഏൽത്തുരുത്തും വരാപ്പുഴെയും ചിലപ്പോ
ഴെല്ലാം ഒന്നിച്ചു് പള്ളിയിൽവെച്ചും പട്ടംകൊടുത്തുവന്നു. ചി
ലപ്പോൾ വരാപ്പുഴെ, കൊച്ചി മുതലായ സ്ഥലങ്ങളിൽ ആ
ശ്വാസാർത്ഥം സെമിനാരിക്കാരെ കൊണ്ടുപോകാറുണ്ടു്:

ഏൽത്തുരുത്തിന്റെ പ്രശാന്തഅന്തരീക്ഷസുഖം
ആസ്വദിച്ചുകൊണ്ടാണു് സെമിനാരിക്കാർ ഇവിടെ ദിനങ്ങൾ
പോക്കിയിരുന്നതു്. എങ്കിലും ഈ ശാന്തീനികേതനംതന്നെ
യും പ്രക്ഷുബ്ധമാകാറുള്ള ചുരുക്കം ചില അവസരങ്ങളും ഉണ്ടാ
യിട്ടുണ്ടു്. അവയിലൊന്നു് തൃശ്ശൂർനിന്നു് ശീശ്മക്കക്ഷികൾ
കൂട്ടമായിവന്നു് ഡാക്ടർ മൂരിനായി തർക്കവാഗ്വാദം നട
ത്തി തോറശേഷവും വിജയം നേടിച്ചു് അട്ടഹാസത്തോടെ
പിന്തിരിഞ്ഞതായിരുന്നു. സെമിനാരിക്കാരും സന്യാസ
വൈദികരും സ്വജാതി മെത്രാനെ ലഭിക്കുന്നതിനു് തിരുസ്സിം
ഹാസനത്തെ സമീപിച്ചതിനെപ്പറ്റി പ്രക്ഷുബ്ധരായ വരാ
പ്പുഴെ അധികാരികൾ ശകാരവും ഭീഷണിയുംകൊണ്ടു് സെമി
നാരിയേയും ആശ്രമത്തെയും ഇളക്കിമറിച്ചതായിരുന്ന
മറെന്നു്.

കേരളത്തിലെ അസ്വസ്ഥതയ്ക്കു തക്ക ഒരു മരുമരു
ന്നായിരുന്നില്ല സുറിയാനിക്കാർക്കായിട്ടുള്ള മർസലീനോസു്
മിഷനറിയുടെ മെത്രാഭിഷേകം. അസ്വസ്ഥത വർദ്ധമാന
മായിവരുന്നതു കണ്ടു് കേരള നേതാക്കന്മാർ തങ്ങളുടെ ആ
ശാകേന്ദ്രമായിത്തീർന്നിരുന്ന ഡാക്ടർ മൂരിനെ സമീപിച്ചു.
എങ്കിലും നമുക്കുവേണ്ടി ഒന്നും തന്നെ ചെയ്യുവാൻ സാധി
ക്കുന്ന ഒരു സാഹചര്യമായിരുന്നില്ല അന്നു് അദ്ദേഹത്തിനു
ണ്ടായിരുന്നതു്. ആണ്ടുകൾ അങ്ങനെ കടന്നുപോയി.
എന്നാൽ ദൈവാനുഗ്രഹത്താൽ അദ്ദേഹത്തിനു സന്ദർഭം
ലഭിച്ചു, കേരളീയർക്കു സഹായഹസ്തം നീട്ടിക്കൊടുക്കുവാൻ.
അതെങ്ങനെയെന്നു പറയാം:

പരിശുദ്ധ സിംഹാസനം അഭിവന്ദ്യ മോൺസി ഞ്ഞോർ അലിയാർഡിയെ ഇന്ത്യയുടെ ഡെലിഗറേറ്റ് അപ്പസ്തോലിക്കയായി നിയമിച്ചു. അദ്ദേഹം ബോംബെയിൽ വന്നുചേർന്ന അവസരത്തിൽ അദ്ദേഹവുമായി ഒരു അഭിമുഖസംഭാഷണം നടത്തുവാൻ ഡാക്ടർ മൂരിനു സാധിച്ചു. ഇതു് അദ്ദേഹം കേരളീയക്കുവേണ്ടി നന്നായി ഉപയോഗിക്കുകയും ചെയ്തു. കേരളത്തിലെ സ്ഥിതിഗതികൾ ഡാക്ടർ മൂരിനിൽനിന്നു് യഥാവിധി ഗ്രഹിച്ച ഡെലിഗറേറ്റ്, അദ്ദേഹത്തോടാവശ്യപ്പെട്ട സംഗതികൾ ഒന്നുകൂടി പരിശുദ്ധ സിംഹാസനത്തെ ബോധിപ്പിക്കുവാൻ. അദ്ദേഹം റോമിലേയ്ക്കു് എഴുതി: "കർമ്മെലീത്താ മിഷനറിമാരല്ലാത്തവരിൽനിന്നു് ഒരു മെത്രാനെ സുറിയാനിക്കാർക്കായി നിയമിക്കുന്നതായിരിക്കും ഉത്തമമെന്നു്".

ഇന്ത്യയിൽ മെത്രാന്മാരുടെ സംഘത്തിൽ, കേരളത്തെ തെക്കും വടക്കും എന്നു് രണ്ടായി ഭാഗിക്കണമെന്നും ഒന്നിന്റെ അധിപനായി ഡാക്ടർ മർസലീനോസു തിരുമേനിയെത്തന്നെ നിയമിക്കണമെന്നും മറേതിനും കർമ്മെലീത്ത മിഷനറിമാരിൽനിന്നു് തിരഞ്ഞെടുക്കുന്ന ഒരാളെ മെത്രാനായി കൊടുക്കണമെന്നുമായിരുന്നു വരാപ്പുഴെ അധികാരികളുടെ നിർദ്ദേശം. സുറിയാനിക്കാർക്കു പ്രത്യേക മെത്രാനെ കൊടുക്കേണ്ടതാണെന്നുള്ള വരാപ്പുഴെ അധികാരികളുടെ അഭിപ്രായത്തോടു് തങ്ങൾ യോജിക്കുന്നുവെന്നു് മറേ മെത്രാന്മാരും ഡെലിഗറിനെ ധരിപ്പിച്ചു. എന്നാൽ മോൺസിഞ്ഞോർ അലിയാർഡി താമസിയാതെ റോമിലേക്കു പിന്തിരിഞ്ഞു. അഭിവന്ദ്യ മോൺസിഞ്ഞോർ അയൂത്തിയാണു് തൽസ്ഥാനത്തു് നിയമിതനായതു്. ഇതിനകം പതിമൂന്നാം ലെയോ മാപ്പാപ്പാ സുറിയാനിക്കാരെ വരാപ്പുഴെ അധികാരത്തിൽനിന്നു വേർപ്പെടുത്തുന്ന ബൂള പ്രസിദ്ധീകരിച്ചിരുന്നു. സുറിയാനിക്കാരെ ഇങ്ങനെ വേർതിരിച്ചുവെന്നറിഞ്ഞ ശേഷവും പുതിയ വികാരിയാത്തുകളുടെ ഭരണം കർമ്മെലീത്താ മിഷനറിമാരെ ഏൽപിക്കണമെന്നും ഈശോസഭക്കാർക്കു അവകൊടുക്കരുതെന്നും കാണിച്ചു് ഒരു കമ്പി ഡാക്ടർ മർസലിനോസു മെത്രാനച്ചന്റെ സിക്രട്ടറി റോമിലേക്കു

യച്ചു. എങ്കിലും ഏറെത്താമസിയാതെ തന്നെ തൃശ്ശൂർ കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ 1887 മെയ് 20-ാം തീയതി സൃഷ്ടിക്കുകയും ഡാക്ടർ മെഡ്ലിക്കോട്ട്, ഡാക്ടർ ലവീഞ്ഞ് എസ്. ജെ. എന്നിവരെ ഭരണാധികാരികളായി നിയമിക്കയുമാണുണ്ടായതു്. ഈ പുതിയ നിയമനങ്ങളിൽ തൃശ്ശൂർ മിസ്സത്തിലേക്കുള്ള തിരുവെഴുത്തു് ഏൽത്തുരുത്തു് ആശ്രമത്തിന്റെ പെ. ബ. പ്രിയോരച്ചന്റെ പേക്കും, കോട്ടയം മിസ്സത്തിലേക്കുള്ളതു് മാന്നാനം ആശ്രമത്തിന്റെ പെ. ബ. പ്രിയോരച്ചന്റെ പേക്കും ഡെലിഗറും അപ്പസ്തോലിക്കാ ഉത്തരക്കമണ്ടിൽനിന്നു് അയച്ചുകൊടുത്തു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രെ. ഈ അവസരത്തിൽ ഇന്ത്യയുടെ ഡെലിഗറർ അപ്പസ്തോലിക്കാ അവർകളെ സൂറിയാനി കർമ്മെലീത്താസഭയുടെ ശ്രേഷ്ഠനായി നിയമിച്ചു. ഇതു് സഭ വിഭജിക്കപ്പെടാതിരിക്കുന്നതിനാണെന്നു കാണുന്നു.

ഉത്തരക്കമണ്ടിൽനിന്നു മാന്നാനം ഏൽത്തുരുത്തു് എന്നീ ആശ്രമശ്രേഷ്ഠന്മാർ വഴി അയച്ച തിരുവെഴുത്തുകൾ പള്ളികളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഉടനെ, പുതിയ മെത്രാന്മാരെ സ്വീകരിക്കുന്നതിനു വേണ്ടിവരുന്ന പണച്ചെലവു് മുതലായ കാര്യങ്ങളെപ്പറ്റി ആലോചിക്കുവാൻ വൈദികരെയും പൊതുജനങ്ങളെയും അതതു ആശ്രമശ്രേഷ്ഠന്മാർ വിളിച്ചുകൂട്ടി. സ്വീകരണച്ചെലവിലേക്കു് ഒരു പിരിവു നടത്തണമെന്നും, അധികച്ചെലവായി വരുന്ന സംഖ്യ പ്രസ്തുത ആശ്രമങ്ങൾ തന്നെ വഹിക്കണം എന്നും ആയിരുന്നു യോഗനിശ്ചയം. രണ്ടു വികാരി അപ്പസ്തോലിക്കാമാരുടെയും പൊതുസ്വീകരണം നടന്നതു് പ്രസ്തുത ആശ്രമങ്ങളിൽ വച്ചാണു്. ഡാക്ടർ മെഡ്ലിക്കോട്ട് 1887 ഡിസംബർ 18-ാം തീയതിയും ഡാക്ടർ ലവീഞ്ഞ് 1888 മെയ്മാസത്തിലും അതതു വികാരിയാത്തുകളിൽ വന്നു ഭരണം കയ്യേറ്റു.

ഡാക്ടർ മെഡ്ലിക്കോട്ട് ഉത്തരക്കമണ്ടിൽവച്ചു് മെത്രാഭിഷേകം സ്വീകരിച്ചു് ഭരണം കയ്യേൽക്കുവാൻ തൃശ്ശൂക്കു് വരികയാണു്. അന്നു ശീശ്മ ഭാഗത്തുനിന്നിരുന്ന വടക്കാ

ഞ്ചേരി പള്ളിക്കാർ സൂറിയാനിക്കാക്കുള്ള മെത്രാന്റെ അഭിഷേകത്തെക്കുറിച്ചുകേട്ട് അത്യധികം സന്തോഷിച്ചു. പുതിയ മെത്രാനു് വിധേയരാകുവാൻ ആഗ്രഹിച്ചു് നിധിയിരിക്കൽ മാണിക്കത്തനാരുടെ ആലോചനപ്രകാരം യാത്രമദ്ധ്യേ അദ്ദേഹത്തെ അവരുടെ പള്ളിയിലേക്കു ക്ഷണിച്ചു. തിരുമേനി അവരുടെ അപേക്ഷപ്രകാരം അവിടെചെന്നു് സ്വീകരണം കൈക്കൊള്ളുകയും അവരെ സഭയിലേക്കു സ്വീകരിക്കയും ചെയ്തു.

വരാപ്പുഴെ അധികാരത്തോടുള്ള വിരോധം നിമിത്തം ശീശ്മയിൽനിന്നിരുന്ന പല പള്ളികളും ശീശ്മ ഉപേക്ഷിച്ചു് ഡാക്ടർ മെഡ്ലിക്കോട്ടിനു വിധേയരായി. കോട്ടപ്പുടി, മറവം, വേലൂരു് എന്നിവ അവയിൽപ്പെടുന്നു. പ്രസ്തുത പള്ളി ഇടവകക്കാരായ ശമ്മാശ്ശന്മാരും മനസ്സു തിരിഞ്ഞുവന്നതിനാൽ അവരെ ഏൽത്തുരുത്തു് സെമിനാരിയിലേക്കയക്കുകയും അവരുടെ പഠനം ഇവിടെ നടത്തിക്കൊടുക്കുകയുംചെയ്തു.

1888 മേടമാസത്തിൽ കോട്ടയം വികാരി അപ്പസ്തോലിക്കയായ ഡാക്ടർ ലവീഞ്ഞിനെ ഈ ആശ്രമത്തിൽ ആഘോഷപൂർവ്വം സ്വീകരിച്ചു. ഇവിടെനിന്നു് തൃശ്ശൂരു ചെന്നു് ഡാക്ടർ മെഡ്ലിക്കോട്ട തിരുമനസ്സിലേക്കു് ഭാവുകങ്ങളും നേർന്നശേഷമാണു് അദ്ദേഹം തെക്കോട്ടു യാത്രതിരിച്ചതു്.

ഡാക്ടർ മെഡ്ലിക്കോട്ടു് തൃശ്ശൂർവന്നു് വികാരിയാത്ത ഭരണം ചാർജ്ജെടുത്തതു്, 1887 ഡിസംബർ മാസത്തിലാണല്ലൊ. അടുത്ത ആണ്ടു് അതായതു് 1888 ഡിസംബർ അവസാനത്തിൽ സെമിനാരിക്കാരെയെല്ലാം വീട്ടിലേക്കു വിടുന്നതിനു കല്പനയായി. ചെറുപ്പക്കാരും പഠനം കുറഞ്ഞവരും ഒഴികെ ബാക്കിയുള്ളവർ മടങ്ങിവരുന്നതു് തൃശ്ശൂർ പുതുതായി ഏർപ്പെടുത്തിയിരുന്ന ഹൈസ്സ്കൂളിലേക്കായിരിക്കണമെന്നായിരുന്നു കല്പന. ബാക്കിയുള്ളവരുടെ പഠനം ഇവിടെത്തന്നെ തുടരണമെന്നും കല്പിച്ചിരുന്നതിനാൽ സെമിനാരി ഒരു സ്കൂളായി രൂപാന്തരപ്പെട്ടത്തെന്നിവിടുന്നു.

ഏൽത്തുരുത്തു് സെമിനാരി മൂന്നു കുട്ടികളെക്കൊണ്ടു് തുടങ്ങി, പ്രതിവർഷവും എണ്ണത്തിലും വണ്ണത്തിലും വികസിച്ചു് ഉത്തരപ്രദേശങ്ങൾക്കാവശ്യമുള്ള ഉത്തമ വൈദികരെ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമായ ഒരു മഹൽസ്ഥാപനമായി ക്രമേണ വളർന്നു. ഗുരുതരങ്ങളായ വിവിധ വിപൽസന്ധികൾ അതു തരണം ചെയ്തിട്ടുണ്ടു്. കോൾകൊണ്ട വെമ്പനാട്ടു കായൽപോലെ ശീശ്മകളാൽ കേരളം ഇളകിമറിഞ്ഞപ്പോഴും, പരിസരപ്രദേശങ്ങളിൽ അബദ്ധധാരണകളുടെ പാറക്കെട്ടുകളിൽതട്ടി പല സ്ഥാപനങ്ങൾക്കും ആളുകൾക്കും വിനാശം സംഭവിച്ചപ്പോഴും നോഹിന്റെ പെട്ടകംപോലെ നാശത്തിൽ കുടുങ്ങാതെ ഏൽത്തുരുത്തു് സെമിനാരി നിലകൊണ്ടു. യൌവനത്തിളപ്പാർന്ന ഈ സ്ഥാപനത്തെ ഉപരിനന്മയെ ലാക്കാക്കി ഡാക്ടർ മെഡ്ലിക്കോട്ടു് 1888 ന്റെ അവസാനത്തിൽ തൃശ്ശിവപേരൂർക്കു പറിച്ചു് നട്ടു. ഇങ്ങനെയാണു് ഇരുപതു് വർഷത്തെ പ്രശസ്തസേവനത്തിനുശേഷം ഏൽത്തുരുത്തു് സെമിനാരി നിറുത്തലാക്കപ്പെട്ടതു്.

വിരസേവനം

ഡാക്ടർ മെഡ്ലിക്കോട്ടും ഡാക്ടർ ലവീഞ്ഞും കേരളത്തിൽ വന്നുചേർന്നതുവരെ ഉദ്ദേശം 40 വർഷക്കാലത്തേയ്ക്കു് ശീശ്മകളുടേയും വഴക്കുകളുടേയും കൊടുങ്കാറ്റിനാൽ ഭയാനകമാംവണ്ണം ഇളകിമറിഞ്ഞിരുന്ന ഒരു വൻകടലായിരുന്നുവല്ലൊ കേരളം. ഇക്കാലയളവിൽ ശീശ്മയിൽപ്പെടാതെ പള്ളികളേയും വിശ്വാസം കളയാതെ കത്തോലിക്കരെയും സംരക്ഷിക്കുവാൻ സഭാധികാരികൾക്കുണ്ടായിരുന്ന ഏകമാർഗ്ഗം ധ്യാനപ്രസംഗങ്ങളായിരുന്നു. അപകടങ്ങളെയോ, കായക്ലേശങ്ങളെയോ വകവെയ്ക്കാതെ ഈ സേവനം അതിന്റെ പരമാവധി സാധിച്ചുവെന്നു് മാന്നാനം കുന്നിന്മേൽ മുളയെടുത്ത കർമ്മെലീത്താ സന്യാസസമൂഹത്തിനു് അഭിമാനിക്കുവാൻ കഴിയും.

മുൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഒരു ധ്യാനഗുരുവിന്റെ കീഴിൽ സംഘംചേർന്നാണു് കർമ്മെലീത്താക്കാർ

ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നതു്. അന്നു് വൈദികമേ ലദ്ധ്യക്ഷന്മാരുടെ ഔദ്യോഗിക സന്ദർശനം പ്രമാണിച്ചാണു് ധ്യാനങ്ങൾ നടത്തുക. ധ്യാനസംഘങ്ങൾക്കു് അഞ്ചാറു വർഷംകൊണ്ടു മാത്രമേ എല്ലാ പള്ളികളിലും എത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. ആകയാൽ വളരെ പ്രധാനപ്പെട്ട പള്ളികളിൽക്കൂടെയും അഞ്ചോ ആറോ വർഷത്തിനകം നടക്കുന്ന ഒരു സംഭവമായിരുന്നു ധ്യാനം. അക്കാലത്തു് മറ്റു് ആശ്രമങ്ങളിൽനിന്നു് ബ. വൈദികർ ഈ ആശ്രമത്തിൽനിന്നുള്ളവരോടു ചേർന്നും, ഇവിടെയുള്ളവർതന്നെ സംഘടിച്ചും ധ്യാനിപ്പിക്കുവാൻ പോവുക പതിവായിരുന്നു.

ബ. ചാണ്ടി അച്ചന്റെ നേതൃത്വത്തിൽ ഒല്ലൂരു് നടന്ന ഒരു ധ്യാനം ഇവിടത്തെ നാളാഗമത്തിൽ സവിസ്തരം രേഖപ്പെടുത്തിക്കാണുന്നുണ്ടു്. മേലൂസിന്റെ ആഗമനത്തിന്നടുത്തുതന്നെയായിരുന്നു ഈ ധ്യാനം. മേലൂസു് കക്ഷിക്കാരും വരാപ്പുഴെ കക്ഷിക്കാരും ഉഗ്രസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. ക. നി. മൂ. സ. ബ. വലിയ ചാണ്ടിയച്ചൻ, ക. നി. മൂ. സ. ബ. മർസലീനോസച്ചൻ, മിഷനറി മൂപ്പച്ചൻ എന്നിവർക്കുപുറമെ പല സന്ന്യാസവൈദികരുംചേർന്നു് നടത്തിയതായിരുന്നു ഇതു്. പ്രാശ്ചിത്തപ്രദക്ഷിണത്തിനായി വന്നിരുന്ന വമ്പിച്ച ജനാവലിയുടെ മുമ്പിൽ ബ. മർസലീനോസച്ചൻ ഒരു തലയോട്ടം, മൂപ്പച്ചൻ ഭാരമുള്ള ഒരു കുരിശുരൂപവും വഹിച്ചു കാണപ്പെട്ടു. ബ. ചാണ്ടിയച്ചൻ സ്വരമുയർത്തി ദൈവകോപത്തെക്കുറിച്ചു് ഒരു ലഘുപ്രസംഗം ചെയ്തശേഷം "പ്രാശ്ചിത്തം പ്രാശ്ചിത്തം" എന്നു് ഉറച്ച സ്വരത്തിൽ പറഞ്ഞുകൊണ്ടു് എല്ലാവരെയും പ്രാശ്ചിത്തത്തിന്നു് ആഹ്വാനം ചെയ്തപ്പോൾ ജനാവലി ഇളകി വാവിട്ടു നിലവിളിച്ചുപോയി. അനേകായിരങ്ങൾ ശീഘ്രയിൽ വഴുതി വീഴാതിരിക്കുവാൻ ഈ ധ്യാനം കാരണമായി എന്നു നമുക്കു അനുമാനിക്കാം. ബ. വലിയ ചാണ്ടി അച്ചൻ അര നൂറ്റാണ്ടു കാലത്തേയ്ക്കു് ഇങ്ങനെയുള്ള ധ്യാനസംഘങ്ങളെ നയിച്ചു് കേരളമെങ്ങും പലവട്ടം സഞ്ചരിച്ചിട്ടുണ്ടു്. ബ. പാലാക്കുന്നേൽ ചാക്കോ അച്ചനും അന്നത്തെ ഒരു വലിയ ധ്യാനഗുരുവായിരുന്നു.

IV

1888—1923

സ്ക്കൂൾ- വി. തോമ്മാ ശ്ലീഹായുടെ ആശ്രമം പാവർട്ടി- മുദ്രാലയം- യോഗാർത്ഥിമന്ദിരം.

സുദീർഘമായ കൊടുങ്കാറ്റിനും കോളിളക്കത്തിനും ശേഷം ഉണ്ടാകുന്ന ശാന്തതപോലെ, മൂന്നു ശതാബ്ദകാലത്തെ മുറവിളികൾക്കും, പരിശ്രമങ്ങൾക്കും, മൽപിടുത്തങ്ങൾക്കും ശേഷം കേരളസഭ ശാന്തമായി. അവകൾക്ക് ആഗ്രഹനിവർത്തി കൈവന്നു. പ്രസ്തുത സമരം അത്യുഗ്രമായിത്തീർന്ന ഘട്ടത്തിൽ-സഹയോദ്ധാക്കൾക്കൂടെയും ആയുധംവെച്ചു കീഴടങ്ങുകയിൽ - എൽത്തുരുത്ത് ആശ്രമം എങ്ങനെ അടരാടി വിജയംവരിച്ചുവെന്ന് നാം ഇതിനകം കണ്ടുവല്ലൊ. ആകയാൽ അവൾ അഭിമാനംകൊണ്ടു, ഡാക്ടർ മെഡ്ലിക്കോട്ട്, ഡാക്ടർ ലവീഞ്ഞ് എന്നീ രണ്ടുമെത്രാന്മാർ സുറിയാനിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാനുള്ള രണ്ടു വികാരി അപ്പസ്തോലിക്കാമാരായി നിയമിക്കപ്പെട്ടപ്പോൾ. കാരണം, പ്രസ്തുത നിയമനം അവൾ എന്തിനായി ത്യാഗങ്ങൾ വരിച്ചുവോ ആ കാര്യം-സ്വജാതി മെത്രാന്മാരുടെ ലബ്ധി— സഫലമാകുന്നതിനുള്ള ആദ്യകാൽവെപ്പാണെന്ന് പതിമൂന്നാംലെയോൻ മാർപ്പാപ്പാ സൂചിപ്പിച്ചിരുന്നു. ആകയാൽ സമാധാനകാലത്തേയ്ക്കു പറ്റിയ സമുദായസേവനങ്ങളിലേയ്ക്കാണ് എൽത്തുരുത്ത് ആശ്രമം അവളുടെ അനന്തരശ്രദ്ധ പതിച്ചതു. താദ്ദേശസംഭവങ്ങളിൽ ഒന്നാണ് സ്കൂൾ സ്ഥാപനം.

• സ്ക്കൂൾ- സെൻറ് അലോഷ്യസ് ഹൈസ്കൂൾ എന്ന പേരിലാണ് ഈ സ്ഥാപനം ഇന്നു അറിയപ്പെടുന്നതു. പട്ടണത്തിൽനിന്നു വിദൂരമല്ലെങ്കിലും പട്ടണത്തി

ന്റെ ബഹളങ്ങൾ അല്പമെങ്കിലും ഈ സ്ഥലത്തെ സ്പർശിക്കയില്ല. യുവാക്കന്മാരുടെ കായികാഭ്യാസത്തിൽ അധികതർ എന്നും പ്രദർശിപ്പിച്ചുവന്ന ശ്രദ്ധയ്ക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് നീണ്ടുകിടക്കുന്ന ഒരു ഫുട്ബോൾഗ്രൗണ്ട് സ്കൂളിന്റെ പരിസരത്തു കാണാം. അനേകം കായികമത്സരങ്ങൾ പ്രദർശിച്ചിട്ടുള്ളതാണ് ഈ സ്ഥലം. ഈ വിദ്യാലയത്തിന്റെ താല്പര്യ സാഹചര്യങ്ങൾ വിദ്യാഭ്യാസാധികൃതരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും ചിരകാലങ്ങളായി പാത്രീഭവിച്ചിട്ടുള്ളതാണ്.

പ്രൈമറി, ലോവർസെക്കണ്ടറി, സെക്കണ്ടറി എന്നീ മൂന്നുവിഭാഗങ്ങളാണ് അന്ന് ഈ സ്ഥാപനത്തിനുണ്ടായിരുന്നത്. അഞ്ച് പ്രയ്മറി ക്ലാസ്സുകളും ആറ് ഫാറങ്ങളും. ഇന്നാവട്ടെ ആകെ പത്തു സ്റ്റാൻഡേർഡുകളാണുള്ളത്. ആദ്യത്തെ നാലു സ്റ്റാൻഡേർഡുകൾ ലോവർ പ്രൈമറിയിലും, അഞ്ചും, ആറും, ഏഴും, സ്റ്റാൻഡേർഡുകൾ അപ്പർ പ്രൈമറിയിലും ശേഷമുള്ളവ ഹൈസ്കൂളിലും ഉൾപ്പെടുന്നു. ഇപ്പോൾ ലോവർ പ്രൈമറിയിൽ 332 കുട്ടികളും, അപ്പർ പ്രൈമറിയിൽ 352 കുട്ടികളും, ഹൈസ്കൂളിൽ 269 കുട്ടികളും ഉണ്ട്. ആകെ 37 അദ്ധ്യാപകരാണ് ഇന്നിവിടെയുള്ളത്. ഫാദർ സാംസൻ സി. എം. ഐ., ബി. എസ്സ്. സി., ബി. ടി. യാണ് പ്രധാന അദ്ധ്യാപകൻ. സ്ഥലം ആശ്രമശ്രേഷ്ഠൻ ഇതിന്റെ മാനേജരുമാണ്. ഇന്ന് സെൻറ് അലോഷ്യസ് ബോർഡിംഗ് നിവാസികളായി 154 കുട്ടികളുണ്ട്. ബ. സക്കേവൂസ് സി. എം. ഐ. ആണ് അതിന്റെ റക്ടർ. ഇതെല്ലാം പൊതുവായി പ്രസ്താവിച്ചു. ഇനി ഈ അഭികാമ്യാവസ്ഥയിലേയ്ക്കു പടിപടിയായുള്ള ഈ സ്കൂളിന്റെ പുരോഗതിയേയും, അതിനു യത്നിച്ചിട്ടുള്ള പ്രമുഖവ്യക്തികളേയും, അതിനോടനുബന്ധമായി നില്ക്കുന്ന സംഭവങ്ങളേയും സന്ദർഭോചിതമായി വിവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ 1888-ൽ ഏൽത്തുരുത്ത് സെമിനാരി തൃശ്ശൂർക്ക് സ്ഥലം മാറുകയും സെ

മിനാരിക്കാരിൽ കുറെ പ്രായംകുറഞ്ഞവരുടെ അദ്ധ്യയനം ഇവിടെത്തന്നെ നടത്തിക്കൊടുക്കണമെന്നു് ഡാക്ടർ മെഡ്ലിക്കോട്ട തിരുമനസ്സുകൊണ്ടു് കല്പിക്കയും ചെയ്തപ്പോൾ ഈ സ്കൂൾ ആരംഭിച്ചുവെന്നു പറയാം. ഈ സ്ഥാപനത്തിന്റെ സ്വാഗ്രീയ മദ്ധ്യസ്ഥനത്രെ വി. ലൂയീസു്. പ്രസ്തുത സെമിനാരിക്കുട്ടികൾ തന്നെയായിരുന്നു ഇവിടത്തെ ആദ്യ ബോർഡിംഗു് നിവാസികൾ. കണ്ണമ്പിള്ളി ക. നി. മു. സ. പെ. ബ. ജരാർദച്ചനായിരുന്നു അന്നു് ആശ്രമശ്രേഷ്ഠൻ. ആശ്രമശ്രേഷ്ഠനായി നിയമിക്കപ്പെട്ടു് ഒരു വർഷം കഴിഞ്ഞു്, അതായതു് 1890-ൽ അദ്ദേഹം രോഗബാധിതനായി. ചികിത്സാർത്ഥം മദ്രാസിനുപോയെങ്കിലും വലിയ പ്രയോജനമില്ലാതെ മടങ്ങിവന്നു് 1891 മേയ് 14-ാം തീയതി പരലോകപ്രാപ്തനാകയാണുണ്ടായതു്.

ജരാർദച്ചൻ വളരെ പ്രാപ്തനും വിദ്യാഭ്യാസവിഷയത്തിൽ പലതും ചെയ്യാൻ വലിയ ആഗ്രഹവും കഴിവുമുള്ളവനുമായിരുന്നു. എങ്കിലും സ്കൂൾ മുളയെടുക്കുന്നതിനുമുമ്പു് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞതിനാൽ അതിനൊരു പ്രചോദനം കൊടുക്കുക എന്നതിൽക്കവിഞ്ഞു് യാതൊന്നുംചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ക. നി. മു. സ. ബ. അക്കരെ പിയൂസച്ചൻ 1880-ൽ ഗ്രൂപ്പട്ടം സ്വീകരിച്ചു. അന്നുമുതൽ 1888-ൽ ഇവിടെ സെമിനാരി നിറുത്തലാക്കിയതുവരെ, വൈദികവിദ്യാർത്ഥികളുടെ അദ്ധ്യയനം നടത്തിക്കൊണ്ടുവരികയായിരുന്നു. കൂടാതെയും വിദ്യാഭ്യാസവിഷയത്തിൽ വലിയ താല്പര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. പെ. ബ. ജരാർദച്ചന്റെ മരണാനന്തരം അത്യന്നത ഉലഗാദ് അപ്പസ്തോലിക്കാ അദ്ദേഹത്തെ ശ്രേഷ്ഠനായി നിശ്ചയിക്കയും 1894-ൽ വീണ്ടും ഇവിടത്തെ ശ്രേഷ്ഠനായി തിരിഞ്ഞെടുക്കുകയും 1897 വരെ അദ്ദേഹം ഈ ആശ്രമം ഭരിക്കുകയും ചെയ്തു. ഇങ്ങനെ പിയൂസച്ചന്റെ പൈതൃകലാളനയിലത്രെ ഈ സ്ഥാപനം വളർന്നുവന്നതു്. പിന്നീടു് ഇദ്ദേഹത്തിൽനിന്നു പല സേവനങ്ങളും ലഭിപ്പാനുള്ള ഭാഗ്യം ഈ സ്ഥാപനത്തിനുണ്ടായി. വാസ്തവത്തിൽ ഏൽത്തുരുത്തു് സ്കൂൾ അതിന്റെ ആരംഭം മുതൽ വിദ്യാർത്ഥികളിൽ

പരിരക്ഷിച്ചുപോന്ന നല്ല ശിക്ഷണത്തിനും, കൈവരിച്ച രാജ്യവ്യാപകമായ പ്രശസ്തിക്കും പ്രധാന ഹേതുഭൂതൻ അക്കര, ബ. പീയൂസച്ചനാണെന്നു് നിസ്സംശയം പറയാം.



അക്കര ബ. പീയൂസച്ചൻ.

രണ്ടു് പ്രൈമറി ക്ലാസ്സുകൾകൊണ്ടാണു് ഈ സ്ഥാപനം ആരംഭിച്ചതു്. ആദ്യ ഇംഗ്ലീഷ് അദ്ധ്യാപകനായി ഇതിൽ ജോലിചെയ്തിട്ടുള്ളതു് എറണാകുളത്തുകാരൻ ശ്രീ. വളവി ജോസഫ് മാസ്റ്ററാണു്. 1891 ജൂൺ മാസത്തിൽ 17ക. പ്രതിമാസം ഗ്രാന്റു് അനുവദിച്ചുകൊണ്ടു് ഇതിനെ സർക്കാർ എയിഡഡ് സ്കൂളുകളിൽ ചേർത്തു. 1895-ൽ മദ്രാസു് ലോവർസെക്കണ്ടറി സ്കൂൾ ആയിട്ടംഗീകരിക്കയും, തന്നാണ്ടിൽതന്നെ കുട്ടികളെ ഗവർമ്മെണ്ടു പരീക്ഷയ്ക്കയക്കുകയും ചെയ്തു. പീയൂസച്ചന്റെ ആദ്യവർഷത്തെ ശ്രേഷ്ഠസ്ഥാനം അവസാനിപ്പിക്കുന്നതിനുമുമ്പു് ചില സ്കൂൾ കെട്ടിടങ്ങൾ ഉയർന്നു വന്നു. ബോർഡിംഗ് വിദ്യാർത്ഥികളുടെ എണ്ണവും പ്രതിവർഷം വർദ്ധിച്ചുവന്നിരുന്നു. അന്നു് വളരെ വിരളമായിരുന്ന സ്കൂളുകളുടെ ഇടയിൽ എൽത്തുരുത്തു് സ്കൂൾ അദ്വിതീയമായ ഒരു സ്ഥാനം സമാർജ്ജിക്കയും ഗവർമ്മേണ്ടിൽനിന്നു് ഗണ്യമായ തുക ഗ്രാന്റായി അതിനു ലഭിച്ചുതുടങ്ങുകയും ചെയ്തു.

പാവർട്ടി വി. തോമ്മാശ്ലീഹായുടെ ആശ്രമം

ഏൽത്തുരുത്തു് ആശ്രമത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കപ്പെട്ടിട്ടു് 32 വർഷം കടന്നുപോയി. അപ്പോഴാണു് ഇതിന്റെ ഒരു അരുമസന്താനം എന്ന നിലയിൽ പാവർട്ടി വി. തോമ്മാശ്ലീഹായുടെ ആശ്രമസ്ഥാപനത്തിനുള്ള നടപടികൾ ആരംഭിച്ചതു്. എങ്ങനെയെന്നാൽ, വടക്കൻ പ്രദേശക്കാരുടെ താല്പര്യമാണു് ഏൽത്തുരുത്തും അമ്പഴക്കാട്ടും ആശ്രമങ്ങൾ മുളയെടുക്കുന്നതിനു കാരണം. അങ്ങനെയൊരാശ്രമം പാലയൂരിനടുത്തും ഉണ്ടായിക്കാണുവാൻ പാലയൂക്കാരും അയൽനാട്ടുകാരും ആഗ്രഹിച്ചു. കാരണം, പാലയൂരിനെ ശീശ്മകൾ ആട്ടിയുലച്ച സംഭവം അവരുടെ സ്മൃതിപഥത്തിൽ അപ്പോഴും തെളിഞ്ഞു നിന്നിരുന്നു. മാത്രമല്ല, ഡാക്ടർ മെഡ്ലിക്കോട്ടിന്റെ ആഗമനശേഷവും പാലയൂർ വീണ്ടും ശീശ്മയിൽ വീഴുമോയെന്നു സംശയിക്കത്തക്ക സാഹചര്യങ്ങൾ ഉണ്ടായി. തന്മൂലം അവർ തങ്ങളുടെ ആഗ്രഹം അന്നു് ഏൽത്തുരുത്തു് ആശ്രമനിവാസികളായ കല്ലൂക്കാരൻ ബ. വാവണ്ണിഅച്ചനേയും കണ്ണമ്പുള്ളി ബ. ജെരാർദച്ചനേയും ധരിപ്പിച്ചു. അവർ ആശ്രമസംഘത്തിന്റെ പൂർണ്ണസമ്മതത്തോടുകൂടെ അന്നു സഭയുടെ ജനറാളായിരുന്ന അത്യുന്നത ഡെലിഗറർ അന്തയോസു് അയ്യത്തിയെ ആശ്രമക്കാര്യം അറിയിക്കുകയും അവിടുന്നു സന്തോഷപൂർവ്വം ആശ്രമ സ്ഥാപനത്തിനു അനുമതിനൽകുകയും ചെയ്തു.

സ്ഥലം അന്വേഷിക്കുകയായി. പാലയൂരിനടുത്ത ഇടങ്ങൾ പലതും ആലോചിച്ചു. ഒന്നും ശരിപ്പെടാതെ പാവർട്ടിയിൽവന്നു. അന്നവിടത്തെ വികാരിയായിരുന്ന ഒല്ലൂർ പള്ളി ഇടവകക്കാരൻ എരിഞ്ഞേരി ഇഗ്നേഷ്യസ് അച്ചൻ. അദ്ദേഹം ആശ്രമക്കാര്യത്തിൽ വളരെ താല്പര്യമുള്ളവനായിരുന്നു. അതുകൊണ്ടു് തക്കതായ ഒരു സ്ഥലം കണ്ടുപിടിക്കുന്നതുമതല അദ്ദേഹത്തെ ഏല്പിച്ചുകൊണ്ടു് അവരിരുവരും ആശ്രമത്തിലേയ്ക്കു തിരിച്ചുപോന്നു. ഇടവകപ്പള്ളിക്കു സമീപം കൈനിമംഗലംമനപ്പറമ്പാണു് ഇതിനു തക്കതായി അദ്ദേഹം കണ്ടതു്. വളരെ കഷ്ടപ്പെട്ടു് വസ്തുവാങ്ങിച്ചു. ഒരു പെറിയ

കപ്പേളയും, മുറിയും ഉണ്ടാക്കുന്നതിനു് ശ്രമിച്ചുവന്ന ബ. വാവുണ്ണി അച്ചനു് സുഖമില്ലാതെ വന്നതിനാൽ അദ്ദേഹം മടങ്ങിപ്പോന്നു.

പുതുക്കാട്ടു് പള്ളിക്കൽ ക. നി. മൂ. സ. ബ. ആഞ്ചേലൂസച്ചനാണു് പിന്നെ പാവർട്ടിക്കുപോയി യത്നങ്ങൾ തുടർന്നതു്. ധർമ്മം പിരിച്ചും ഇടവക ജനങ്ങളുടെ സഹായസഹകരണങ്ങൾകൊണ്ടും പനമ്പുകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു കപ്പേളയും മുറിയും പണികഴിപ്പിച്ചു. 1890 ഏപ്രിൽ 6-ാം തീയതി പുതുഞായറാഴ്ചകാലത്തു് തൃശ്ശൂർ രൂപതയുടെ വികാരിജനറാൾ മാമ്പുള്ളി പെ. ബ. ഗീവർഗ്ഗീസച്ചൻ സ്ഥലത്തുവന്നു് പനമ്പുകൊണ്ടുകെട്ടിയുണ്ടാക്കിയ കപ്പേള വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞു, അദ്ദേഹംതന്നെ വി. തോമ്മാശ്ലീഹായുടെ നാമത്തിൽ ആശ്രമത്തിൻറെയും പള്ളിയുടെയും ശിലാസ്ഥാപനം നിർവ്വഹിച്ചു മടങ്ങിപ്പോയി.

അരണാട്ടുകര ചിറമേൽ തരകന്മാർ- ഈ കുടുംബം അതിപുരാതനവും പ്രശസ്തിയുമുള്ള ഒന്നാണു്. മാന്യതയും സത്യസന്ധതയും പ്രകീർത്തിതനായിരുന്ന അന്തപ്പൻ തരകൻ എന്ന വലിയ കാരണവർ. മാത്തുത്തരകനും തൻറെ കുടുംബപ്രശസ്തി അന്യൂനം കാത്തുവെന്നുമാത്രമല്ല ഒരു നല്ല വൈദ്യൻ എന്ന നിലയിലും എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിക്കുകയും ചെയ്തു. അദ്ദേഹം ഈ ആശ്രമത്തോടു വളരെ ബഹുമാനമുള്ളവനായിരുന്നു. ഇതിനു വളരെ സഹായങ്ങൾ പല സന്ദർഭങ്ങളിലുമായി ചെയ്തിട്ടുണ്ടു്. ശീശ്മക്കാരുടെ ശല്യം ഒന്നിനൊന്നു വർദ്ധിച്ചുവന്ന കാലത്തു് ആശ്രമത്തിനു വലിയ ഒരു താങ്ങും തണലുമായിരുന്ന മാത്തുത്തരകൻ. ഇദ്ദേഹത്തിൻറെ രണ്ടു മക്കളിൽ മൂത്തവനായ ഇനാശുത്തരകൻറെ പ്രകൃതി തരകൻ കുടുംബത്തിൻറെ പാരമ്പര്യത്തിനു യോജിച്ചതായിരുന്നില്ല. ഇദ്ദേഹം 1890-ൽ പെ. ബ. പ്രിയോരച്ചൻ ചികിത്സാർത്ഥം മദ്രാസ്സിൽ പോയിരിക്കയിൽ ആശ്രമത്തിനു പതിവുള്ള വസ്തുവിന്മേൽ അന്യായം കൊടുത്തു. ആശ്രമവാസികൾ വളരെ പണനഷ്ടം സഹിക്കേണ്ടതായും വന്നു. എങ്കിലും 1900-ാമാണ്ടിൽ ആശ്രമത്തിനു് അനുകൂലമായ വിധിയുണ്ടായി.

1893-ൽ റോമിൽനിന്നും നമ്മുടെ ന്യായപ്രമാണം അംഗീകരിച്ചവരികയും പെ. ബ. ബണ്ണാർട്ടു് മിഷ്യനറിയെ (വരാപ്പുഴെ മെത്രാപ്പോലീത്ത) സഭയുടെ പൊതു ശ്രേഷ്ഠനായി പ്രോപ്പഗാന്താസംഘം നിയമിക്കുകയുംചെയ്തു.

മുദ്രാലയം—1556-ൽ പോത്തുഗീസ്സുകാർ ഗോവയിൽ സ്ഥാപിച്ചതാണു് ഭാരതത്തിലെ പ്രഥമമുദ്രാലയം. പിൻക്കാലങ്ങളിൽ കൊടുങ്ങല്ലൂരിന്നടുത്തു് വൈപ്പിക്കോട്ടെന്ന സ്ഥലത്താണു് കേരളത്തിലെ ആദ്യമുദ്രാലയം പ്രത്യക്ഷപ്പെട്ടതെന്നു പറയപ്പെടുന്നു. എങ്കിലും അതു് കാലാന്തരത്തിൽ നാമാവശേഷമായി. കഴിഞ്ഞ നൂറാണ്ടിന്റെ ആദ്യഘട്ടത്തിൽ കേരളക്കരയിൽ രണ്ടു പ്രസ്സുകൾ മാത്രമാണുണ്ടായിരുന്നതു്. അതിൽ ഒന്നു് തിരുവനന്തപുരത്തെ ഗവർമ്മെണ്ടു് പ്രസ്സും, മറ്റതു് സി. എം. എസ്സു്. കാരുടെ വകയായി കോട്ടയത്തുണ്ടായിരുന്ന പ്രസ്സും. കേരളത്തിലെ മൂന്നാമത്തെ പ്രസ്സു് മാന്നാനത്തേതാണു്. അതിനായിട്ടുള്ള പരിശ്രമങ്ങൾ സമാരംഭിച്ചതു് 1844-ലാണു്.

ഏൽത്തുരുത്താശ്രമത്തോടു് അനുബന്ധമായി ഒരു അച്ചുകൂടം ആരംഭിക്കുന്നതിനുള്ള ആലോചനകൾ 1890-ൽ തുടങ്ങി. അതിന്നുവേണ്ട അനുവാദങ്ങൾ സഭയുടെ പൊതു ശ്രേഷ്ഠൻ അത്യുന്നത ഡെലഗററു് അപ്പസ്തോലിക്കായിൽനിന്നും വാങ്ങിക്കുകയും ചെയ്തു. എന്നാൽ അന്നു് വിവിധ പ്രതിബന്ധങ്ങൾനിമിത്തം ഒന്നുംതന്നെ ചെയ്യാൻ സാധിക്കാതെ പോയി. നാലുവർഷം കഴിഞ്ഞു. 1894 ൽ ഒരു പ്രസ്സു് വരുത്തി. 1895 മകരം ഒന്നാം തീയതിയാണു് അച്ചടിജോലി മുറയ്ക്കു് ആരംഭിച്ചതു്. പിന്നീടു് സെൻറു് അലോഷ്യസു് സ്കൂളിന്റെ കരകൌശലവിഭാഗമായിത്തീർന്ന ഈ മുദ്രാലയം.

ഒരു വിപൽസംഭവം- 1896 കർക്കിടകം 25-ാം തീയതി! പ്രാർത്ഥനമുറിയിൽ വൈദികർ സപ്ര (പ്രഭാതകാനോനികജപങ്ങൾ) ജപിച്ചുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നൊരു ഭയാനകശബ്ദം! അതിവർഷത്താൽ ജീർണ്ണിച്ച

മണിമാളികയുടെ രണ്ടാംനിലയ്ക്കു മുകളിലുള്ള ഭാഗം നിലം പതിച്ചു. പ്രാർത്ഥന മുറിയുടെ പകുതിയോളം തകർത്തു കൊണ്ടായിരുന്നു ഈ വീഴ്ച. എന്നാൽ ആർക്കും യാതൊരു പകടവും ഉണ്ടാകാതെപോയതു് ദൈവകാരുണ്യത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനു് അവസരം നൽകി. അതിനോടുകൂടി പള്ളിക്കും കേടുവന്നിരിക്കാം എന്ന ഭയം നിമിത്തം പള്ളിയിൽ പ്രവേശിക്കാതെ അടച്ചിട്ടുകയും പടിഞ്ഞാറെക്കെട്ടിൽ വലിയ മുറിയിലും ജനങ്ങൾക്കുവേണ്ടി ചെറിയ സ്കൂളിലും കുർബ്ബാന ചൊല്ലിവരികയും ചെയ്തു. കമ്പിയിട്ടു് പള്ളിക്കെട്ടിടത്തെ കുറെക്കൂടെ ഭദ്രമാക്കിയശേഷമാണു് അതിൽ തിരുക്കർമ്മങ്ങൾ വീണ്ടും അനുഷ്ഠിക്കുവാൻ തുടങ്ങിയതു്.

വിദേശിയരായാലും വിരോധമില്ല, സുറിയാനി മെത്രാന്മാരെ കിട്ടിയിരുന്നുവെങ്കിൽ എന്നു് അഭിലഷിച്ചിരുന്ന കേരളം 1896-ൽ ദർശിച്ച സ്വപ്നസന്താനങ്ങൾതന്നെ തന്റെ ഭരണകർത്താക്കളായി അവരോധിതരാകുന്ന ഹൃദയാവർജ്ജകമായ കാഴ്ച. ഡാക്ടർ മെഡ്ലിക്കോട്ടും ഡാക്ടർ ലവീഞ്ഞും കേരളസഭാവകാശങ്ങൾക്കായി പത്തുവർഷം സമരം നടത്തി. ശീശ്മയിൽനിന്നും അനേകരെ സത്യസഭയിലേയ്ക്കു് ആനയിച്ചു. തൃശ്ശൂരും ചങ്ങനാശ്ശേരിയും രണ്ടു മെത്രാസനങ്ങൾക്കു് അടിത്തറയിട്ടു് പണി തുടർന്നുവരികയായിരുന്നു. അപ്പോൾ പരിശുദ്ധ സിംഹാസനത്തിനു ബോദ്ധ്യമായി കേരളീയരെത്തന്നെ കേരളസഭാഭരണം ഏല്പിക്കുകയായിരിക്കും, നല്ലതെന്നു്. തദ്ദേശാ, തൃശ്ശൂർ, കോട്ടയം എന്നീ മിസ്സങ്ങൾ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്ന മൂന്നു മിസ്സങ്ങളായി വിഭജിച്ചു് അവകൾക്കു മൂന്നു സുറിയാനിമെത്രാന്മാരെയും കൊടുത്തു. അവർ മേനാശ്ശേരി മാർ യോഹന്നാൻ മെത്രാൻ (തൃശ്ശൂർ), പഴേ പറമ്പിൽ മാർ ലൂയീസ് മെത്രാൻ (എറണാകുളം), മാക്കിൽ മാർ മത്തായി മെത്രാൻ (ചങ്ങനാശ്ശേരി) എന്നിവരത്രെ. അവർ മൂവരും കാണ്ടിയിൽപോയി തുലാമാസം 25-ാം തീയതി ഡെലിഗറേറ് അപ്പസ്തോലിക്കയിൽനിന്നു് മെത്രാഭിഷേകവും സ്വീകരിച്ചു മടങ്ങി.

അഭിവന്ദ്യ ലൂയീസ് മെത്രാൻ തിരുമേനി ഏൽത്തുരുത്തു് വന്ന ശേഷമാണു് എറണാകുളത്തേയ്ക്കു തിരിച്ചതു്. ഡാക്ടർ മൗരീന്റെ കാലത്തു് ഏൽത്തുരുത്തു് ആശ്രമത്തിൽ വെച്ചു് ശീശ്മക്കാരുമായി നടന്ന വാഗ്വാദ ഗ്രന്ഥികൾക്കും വഴക്കുകൾക്കും ദൃക്സാക്ഷിയായിരുന്ന അദ്ദേഹം, ഈ ആശ്രമം പുത്തൻസാഹചര്യത്തിൽ എങ്ങനെ സന്ദർശിക്കാതിരിക്കും? മേനാശ്ശേരി മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് തൃശ്ശൂർ വന്നശേഷം ഏൽത്തുരുത്തു് സന്ദർശിച്ചു് ആശ്രമവാസികളെ ആനന്ദതുന്നിലരാക്കി. അവർ തിരുമനസ്സിലേക്കു് കൈക്കേമമായ ഒരു സ്വീകരണം നൽകുകയും ചെയ്തു.

യോഗാത്മി മന്ദിരം:— യോഗാത്മികളുടെ ചരിത്രം ഏൽത്തുരുത്തു് ആശ്രമചരിത്രത്തോടു് നന്നായി അലിഞ്ഞു ചേർന്നാണു് കിടക്കുന്നതു്. എങ്കിലും ആ ചരിത്രത്തിലേയ്ക്കു് പ്രവേശിക്കുന്നതിനു മുമ്പു് യോഗാത്മികളും, യോഗികളും അഥവാ സന്യാസികളും തമ്മിലുള്ള ഗാഢബന്ധത്തെക്കുറിച്ചു് അല്പം ചിന്തിക്കാം. കാരണം, ഈ ബന്ധമാണു് യോഗാത്മിമന്ദിരങ്ങൾ സ്ഥാപിതമാകുന്നതിനു വഴിതുറന്നതു്. പ്രവൃത്തിയുടെ പിതാവാണാഗ്രഹമെന്നുണ്ടല്ലൊ? യോഗം അത്മിക്കുന്നവനേ യോഗിയാവൂ. എന്നാൽ യോഗിയുടെ ജീവിതം ത്യാഗപൂർണ്ണമാണു്; ത്യാഗമാവട്ടെ, ലോകാരുചിക്കു് കടകവിരുദ്ധവുമാണു്. ആകയാൽ ബാലികാബാലന്മാരിൽ പ്രത്യക്ഷപ്പെടുന്ന സന്യസ്തജീവിതത്തിനുള്ള ആഗ്രഹം വളർന്നു വികസിക്കേണ്ടതിനു പറ്റിയതല്ലല്ലൊ ലോകാന്തരീക്ഷം. ആശ്രമാങ്കണങ്ങളിലാകട്ടെ അതിനു പറ്റിയ അന്തരീക്ഷം പ്രതീക്ഷിക്കയും ചെയ്യാം. ഇതാണു് മറ്റു സഭകളെ അനുകരിച്ചു ഈ സഭയിലും ആശ്രമങ്ങളോടു് അനുബന്ധമായി യോഗാത്മിമന്ദിരങ്ങൾ പ്രത്യക്ഷപ്പെടുവാൻ കാരണം.

നിയമാവലി:— കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ഡാക്ടർ ലവീഞ്ഞു മെത്രാൻ തിരുമനസ്സുകൊണ്ടാണു് നമ്മുടെ യോഗാത്മികൾക്കായി ഒരു നിയമ

സംഹിത തയ്യാറാക്കിയതു്. ഇതിനു് 1893—ൽ റോമിൽ നിന്നുള്ള അംഗീകരണവും ലഭിച്ചു.

പ്രഥമ യോഗാർത്ഥി ഭവനം:— കർമ്മെലീത്താ സഭയുടെ ന വ സ ന്യാ സ. ഭ വ നമായിരുന്ന ക്ലനമ്മാവു്, വി. പ്ലമേനായുടെ ആശ്രമവും പള്ളിയും വസ്തുക്കളും തിരു സിംഹാസനത്തിലെ തീരുമാനപ്രകാരം 1889-ൽ ലത്തീൻ സമുദായക്കാർക്കു് വിട്ടുകൊടുത്തപ്പോൾ സുറിയാനിക്കാരായ സന്യാസികളുടെ പതുമേനി വക വസ്തുക്കളുടെ ഭരണം നട ത്തുവാൻ ഒന്നു രണ്ടു് വൈദികർ അവിടെ താമസിക്കേണ്ടി വന്നു. കൂടാതെയും ഇതിനകം അവിടെ സ്ഥാപിതമായി രുന്ന സുറിയാനി കർമ്മെലീത്താ കന്യാസ്ത്രീമഠത്തിന്റെ കപ്പോൾ ജോലിയും നോക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു വി. യൗസേപ്പിന്റെ നാമത്തിൽ പ്രസ്തുത വൈദികരുടെ താമ സത്തിന്നായി ഒരു താല്ക്കാലികഭവനം പണിചെയ്യുണ്ടായി. ഈ ഭവനത്തെയത്രെ അന്നു് സഭയുടെ ജനറാളായിരുന്ന പെ. ബ. ബർണ്ണാർദ് മിഷ്യനറി ആദ്യയോഗാർത്ഥിമന്ദിരമാ യി 1894-ൽ നിശ്ചയിച്ചതു്.

അന്നു് അമ്പഴക്കാട്ടു് ആശ്രമത്തിൽ താമസിച്ചി രുന്ന ആറ യോഗാർത്ഥികളെ ക്ലനമ്മാവിൽ നവമായി ജന്മ മെടുത്ത യോഗാർത്ഥി മന്ദിരത്തിലേക്കു് 1894-ൽ സ്ഥലം മാറി. അടുത്ത സ്കൂൾവർഷം മുതൽ അവർ വി. പ്ലമേന യുടെ ഇംഗ്ലീഷ് സ്കൂളിൽപോയി പഠനം തുടരുകയും ചെയ്തു. വർഷം മൂന്നു കഴിഞ്ഞു. യോഗാർത്ഥികളുടെ എണ്ണം 21 ആ യി വർദ്ധിച്ചു. അപ്പോഴേ പ്രസ്തുത ഇംഗ്ലീഷ് സ്കൂൾ എറണാ കുളത്തേയ്ക്കു മാറുകയാൽ നമ്മുടെ യോഗാർത്ഥികളെ മാന്നാ നത്തേയ്ക്കും ഏൽത്തുരുത്തിലേയ്ക്കും അയച്ചു. അന്നു് രണ്ടിട ത്തും ലോവർസെക്കണ്ടറി സ്കൂൾ ഉണ്ടായിരുന്നു. ഇങ്ങനെ ക്ലനമ്മാവിൽനിന്നുവന്ന ആറ യോഗാർത്ഥികളെക്കൊണ്ടാണു് 1897-ൽ ഏൽത്തുരുത്തു് യോഗാർത്ഥിമന്ദിരം ആരംഭിച്ചതു്. അവർ അന്നു് താമസിച്ചിരുന്നതു് മണിമുറിയുടെ രണ്ടാം നി ലയിലായിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസാർത്ഥം 1902 മുതൽ മാന്നാനത്തേയ്ക്കും, പിന്നീട് പാവർട്ടിക്കും ആണ് വടക്കൻ പ്രദേശങ്ങളിൽനിന്നുള്ള യോഗാർത്ഥികളെ അയച്ചിരുന്നത്. 1909-ൽ ഏൽത്തുരുത്ത് സ്കൂൾ കെട്ടിടത്തിന്റെ തെക്കു ഭാഗത്തു് പണി പൂർത്തിയാക്കി യോഗാർത്ഥികളെ അതിലേയ്ക്കു മാറ്റിത്താമസിപ്പിച്ചു. പാവർട്ടിയിലും ഏൽത്തുരുത്തിലും യോഗാർത്ഥിമന്ദിരങ്ങൾ ഉണ്ടാകേണ്ട ആവശ്യമില്ലെന്നും അത്യന്തന ഡെലിഗേറ്റ് അപ്പസ്തോലിക്ക മോൺ. സലേസ്കി അഭിപ്രായപ്പെട്ടതനുസരിച്ച് ഇവിടെ യോഗാർത്ഥിഗൃഹം നിറുത്തലാക്കി കുട്ടികളെ എല്ലാം പാവർട്ടി യോഗാർത്ഥി മന്ദിരത്തിലേക്കു് വിട്ടു. ഇതു് 1914-ലാണ്.

സ്ക്കൂൾ:— അക്കരെ പെ. ബ. പിയൂസച്ചൻ പാലൂട്ടി വളർത്തി വന്ന സ്കൂൾശിശുവിനെ 1898 മുതൽ 1902 വരെ പരിരക്ഷിച്ചതു് കോടങ്കണ്ടത്തു് ക. നി. മൂ. സ. ബ. ചെലസ്തീനോസച്ചനാണ്. അന്നു് അദ്ദേഹമായിരുന്നു സ്കൂൾ മാനേജർ. കുട്ടികളുടെ എണ്ണം വളരെ വർദ്ധിച്ചതിനാൽ കെട്ടിടങ്ങൾ ഒരു തരത്തിലും മതിയാകാതെ വന്നു. ആകയാൽ 2000ക. ചിലവു ചെയ്തു് സ്കൂൾ കെട്ടിടങ്ങൾ വിപുലമാക്കി. ഈ തുക തമ്പുച്ചെട്ടി, മോർഗൻ സായ്പ് മുതലായ സഹൃദയരെ ആശ്രയിച്ചാണ് അദ്ദേഹം ശേഖരിച്ചതു്.

കൊച്ചി മഹാരാജാവു് ഏൽത്തുരുത്തു് സന്ദർശിക്കുന്നു — കൊച്ചി മഹാരാജാവും് ശ്രീ രാമവർമ്മ തിരുമനസ്സിലെ ഒരു ആത്മമിത്രമായിരുന്ന ബ. ചെലസ്തീനോസച്ചൻ. 1899 ജൂൺ 6-ാംതീയതി മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഇവിടെവന്നും ആശ്രമവും സ്കൂളുമറവും സന്ദർശിക്കയുണ്ടായി. തിരുമേനിയോടുകൂടെ അന്നത്തെ ദിവാൻ സർ പി. രാജഗോപാലാചാരിയും ഉണ്ടായിരുന്നു.

1913 ഡിസംബർ 12-ാംതീയതി ബ. ചെലസ്തീനോസച്ചന്റെ ആഗ്രഹാനുസരണം മഹാരാജാവു തിരുമനസ്സുകൊണ്ടു് വീണ്ടും ഇവിടെ ആഗതനായി. ഇത്തവണ തിരുമനസ്സിലെ ഷഷ്ടിപൂർത്തി സ്മാരകമായി പണികഴിക്കുവാനുദ്ദേ

ശിച്ചിരുന്ന സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കാനായിരുന്നു വന്നതു്. തദവസരത്തിൽ തിരുമനസ്സുകൊണ്ടു് സ്കൂൾ വാർഷികച്ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു് സമ്മാനദാനവും നടത്തി. അന്നു് തിരുമനസ്സുകൊണ്ടു് ആംഗ്ലേയഭാഷയിൽ കല്പിച്ചു നൽകിയ മറുപടി പ്രസംഗത്തിന്റെ ചില ഭാഗം തർജ്ജമ ചെയ്തു് താഴെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വൈദികരെ, മഹതികളെ, മഹാന്മാരെ,

ഈ സ്ഥാപനം മൂന്നാവർത്തി ഞാൻ സന്ദർശിച്ചിട്ടുണ്ടു്. ഇതു് രണ്ടാമത്തെ സന്ദർശനമാണു്. രണ്ടു സന്ദർശനങ്ങൾക്കും ഇടയിൽ പത്തു വർഷത്തിലധികം കടന്നുപോയിട്ടുണ്ടെന്നു് ഞാൻ കരുതുന്നു. ഈ കാലഘട്ടത്തിനിടയ്ക്കു് ഈ സ്കൂളിൽ വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയെല്ലാം ഈ സ്ഥാപനത്തിന്റെ പ്രവർത്തനവും നിലയും മേന്മപ്പെടുത്തുവാൻ തക്കതാണെന്നു് കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ഇപ്പോൾ സമർപ്പിച്ചതായ റിപ്പോർട്ടിൽനിന്നും ഈ സ്കൂൾ എത്ര പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം സംതൃപ്തിയോടുകൂടി നിങ്ങൾ കേട്ടിരിക്കുമല്ലൊ. നാനാമുഖേന അതു് അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നും, ബഹുമാനപ്പെട്ട വൈദികരുടെ പൈതൃകമായ ശ്രദ്ധ ഈ സ്കൂളിനു ലഭിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം അതിന്റെ ഭാവിയെപ്പറ്റി യാതൊരു ആശങ്കയ്ക്കും അവകാശമില്ലെന്നും എനിക്കു വിശ്വാസമുണ്ടു്.

സ്കൂളിനോടു് അനുബന്ധമായി നടത്തിവരുന്ന ഹോസ്റ്റലും (ബോർഡിംഗ്) ഒരു യഥാർത്ഥ ആവശ്യം തന്നെയാണു് നിറവേറ്റിട്ടുള്ളതു്. അതു് കൂടുതൽക്കൂടുതൽ പ്രചാരം പ്രാപിച്ചുവരികയാണെന്നു കാണുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അതിലെ നിവാസികൾക്കു് സദാചാരപരമായ പെരുമാറ്റമുണ്ടാകുന്നതിനു മാനേജരു

ടെ സൂക്ഷ്മമായ ശ്രദ്ധ പതിയുന്നുണ്ടെന്നു കാണുന്നതിലും ഞാൻ സന്തോഷിക്കുന്നു. വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണിതു്. ഹോസ്റ്റൽ സമ്പ്രദായം വേണ്ടതു ശ്രദ്ധയോടെ നടത്തപ്പെട്ടില്ലെങ്കിൽ അതു്, ഗുണത്തേക്കാൾ അധികം ദ്രോഹം ചെയ്യുമെന്നതിനു സംശയമില്ല.

നിങ്ങളുടെ എല്ലാവിധ ആശംസകൾക്കും ഏറ്റവും ഹൃദയംഗമമായി നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. രാമവർമ്മതിരുമനസ്സുകൊണ്ടു്, ബ. ചെലസ്ലീനോസച്ചനു് രണ്ടു അവസരത്തിൽ ഓരോ സ്വർണ്ണമെഡൽ സമ്മാനിയ്ക്കുണ്ടായി. അവയിൽ ഒന്നിന്റെ സാക്ഷിപത്രം ഭാഷാന്തരം ചെയ്തു താഴെ ചേർക്കുന്നു:—


സാക്ഷിപത്രം.

ബ. ചെലസ്ലീനോസച്ചൻ ഏൽത്തുരുത്തു് ആശ്രമത്തിൽ ചെയ്തുവരുന്ന സേവനങ്ങളും നാം വീക്ഷിക്കുവാൻ തുടങ്ങിയിട്ടു് വർഷങ്ങളും പലതുകഴിഞ്ഞു. അദ്ദേഹത്തിന്റെ അദ്ധ്യാനരംഗം സന്ദർശിച്ചു് കൃതാർത്ഥനാകുവാൻ ഇതിനകം നമുക്കു് സാധിച്ചിട്ടുണ്ടു്. പൊതുഗുണകാംക്ഷിയും പരോപകാരതല്പരനുമാണു് ബ. ചെലസ്ലീനോസച്ചനെന്നു് നമുക്കു് ബോദ്ധ്യമായിരിക്കുന്നു. ഏൽത്തുരുത്തു് സ്കൂൾ ഒന്നിനൊന്നു തഴച്ചുവളരുവാൻ ഇടയായിട്ടുള്ളതു് അദ്ദേഹത്തിന്റെ നിസ്വാർത്ഥസേവനഫലമായിട്ടത്രെ. ഈ പ്രദേശങ്ങളിൽ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ദേഹം ചെയ്തിട്ടുള്ള യത്നം കുറച്ചൊന്നുമല്ല. പൊതുവും സാങ്കേതികവുമായ വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി ബ. ചെലസ്ലീനോസച്ചൻ ചെയ്തിട്ടുള്ള സേവനങ്ങളിൽ നാം തൃപ്തനായിരിക്കുന്നുവെന്നതിന്റെ രേഖയായിട്ടാണു് ഈ സ്വർണ്ണമെഡൽ നാം അദ്ദേഹത്തിനു് സമ്മാനിക്കുന്നതു്.

കോവിലകം, തൃശ്ശൂർ.
28. 11. 1914.

രാമവർമ്മ
കൊച്ചിമഹാരാജാവു്.

കൊച്ചി മഹാരാജാവു് ശ്രീ രാമവർമ്മതിരുമനസ്സു കൊണ്ടു്, അവിടത്തെ ഷഷ്ടിപൂർത്തി സ്മാരകമായി ശിലാസ്ഥാപനം നിർവ്വഹിച്ച സ്ത്രീകെട്ടിടം അത്യുദ്ധാനംചെയ്തു



ഷഷ്ടിപൂർത്തിസ്മാരകം.

പണിതു തീർത്തതു് ക. നി. മു. സ. ബ. ലെയോപ്പോൾഡച്ചനാണു്. ഇദ്ദേഹം പ്രിയോരായിരുന്ന കാലത്താണു് (1924) ഏൽത്തുരുത്തിൽ ഇന്നു നാം കാണുന്ന ആശ്രമ കെട്ടിടത്തിന്റെ പണിയാരംഭിച്ചതു്.

വേദപ്രചാരം:- വി. തോമാശ്ലീഹായിൽനിന്നു തന്നെ നമുക്കും വിശ്വാസനിധിലഭിച്ചുവെന്നു നാം അഭിമാനം കൊള്ളുന്നു. എന്നാൽ കഴിഞ്ഞ നൂറാണ്ടുവരെ ഈ വിശ്വാസനിധിയിൽ മറവുള്ളവരേയും ഓഹരിക്കാരാക്കുന്നതിനു ഒന്നും തന്നെ നാം ചെയ്തിട്ടില്ലെന്നുള്ളതു ഒരു യാഥാർത്ഥ്യം മാത്രമാണു്. വിശുദ്ധ ഫ്രാൻസീസ് സേവിയറിന്റെ ദൃഷ്ടാന്തവും കേരളീയരുടെ ചിന്താഗതിക്കു വലിയ

മാറ്റമൊന്നും വരുത്തിയില്ല. എങ്കിലും മാന്നാനം കുന്നിന്മേൽ ഒരു സന്യാസസമൂഹം രൂപം പ്രാപിച്ചതോടെ കാര്യം മാറിവീണു. പല ആശ്രമങ്ങളും കേന്ദ്രമാക്കി വേദപ്രചാരജോലി പ്രത്യേകിച്ചു പിന്നോക്ക സമുദായക്കാരുടെ ഇടയിൽ നടത്തുവാൻ തുടങ്ങി. ഏൽത്തുരുത്തു് വേദപ്രചാരജോലിയിൽ ജാഗ്രതാപൂർവ്വം പ്രവേശിച്ചതു് 1902 ധനുമാസത്തിലാണു്. ഇങ്ങനെ നല്ല ഇടയന്റെ പുതുക്രൈസ്തവപാഠശാല ജന്മമെടുത്തു.

1903 കർക്കിടകം 20-ാം തീയതി 13-ാം ലെയോൻ മാർപ്പാപ്പ 25 കൊല്ലത്തിലധികം തിരുസ്സഭയെ ഭരിച്ചശേഷം തന്റെ 94-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി.

(1) ഈ പിതാവിന്റെ കാലത്താണു് ഇന്ത്യയിൽ ഒരു ഡെലഗേറ്റ് അപ്പസ്തോലിക്കായെ നിയമിച്ചതും ഇന്ത്യയിലുണ്ടായിരുന്ന മിസ്സങ്ങളെ രൂപതകളാക്കിയതും.

(2) നമ്മുടെ സുറിയാനി റീത്തുകാരെ 300 വർഷത്തോളം അവരുടെ ഭരണകർത്താക്കളായിരുന്ന ലത്തീൻ റീത്തു് മേൽപ്പട്ടക്കാരിൽനിന്നും വരാപ്പുഴ അധികാരത്തിൽനിന്നും വേർപ്പെടുത്തി തൃശ്ശൂർ, കോട്ടയം എന്നീ മിസ്സങ്ങൾ സുറിയാനിക്കാർക്കായി ഏർപ്പെടുത്തിയതും അവർക്കു വരാപ്പുഴയോടു ബന്ധമില്ലാത്ത ഭരണകർത്താക്കളെ നൽകിയതും ഈ പിതാവാണു്. ഈ പിതാവുതന്നെയാണു് പിന്നീടു് 1896-ൽ തൃശ്ശൂർ, കോട്ടയം എന്നീ മിസ്സങ്ങളെ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ മൂന്നു മിസ്സങ്ങളാക്കി ഇദ്ദേശിയരായ സുറിയാനി മേലദ്ധ്യക്ഷന്മാരെ ഏല്പിച്ചതു്.

ഈ മഹാത്മാവു് ലോകം മുഴുവനിലും ഒരു സമാധാനസൂര്യനായി വിളങ്ങി. ക്രൈസ്തവരുടെ മാത്രമല്ല, അക്രൈസ്തവരാജാക്കന്മാരുടേയും ചക്രവർത്തിമാരുടേയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായി.

R. I. P.

തൃശ്ശൂർ ആശ്രമക്കാര്യം- തൃശ്ശൂർ മെത്രാൻ ഡാക്ടർ മേനാശ്ശേരി തിരുമനസ്സുകൊണ്ടും അത്യന്നത ഡെല ഗെററ് സലേസ്സ്യീ തിരുമനസ്സുകൊണ്ടും വളരെയധികം ആഗ്ര ഹിച്ച ഒന്നാണ് തൃശ്ശൂർ ആശ്രമക്കാര്യം. ശീശ്മകളുടെ കാല ത്തു് തങ്ങളുടെ അടർക്കളമായ തൃശ്ശൂർ, സമാധാനകാലത്തു് തങ്ങളുടെ സേവനരംഗമായിക്കാണുവാൻ സഭാംഗങ്ങളും അഭി ലഷിച്ചു. എല്ലാവരും ആത്മാർത്ഥമായി യത്നിക്കയും ചെയ്തു വെങ്കിലും സംഗതി നടന്നില്ല. ദൈവഹിതത്തെ നമുക്കാ രാധിക്കാം.

•

ഇതെങ്ങനെ സംഭവിച്ചു? തൃശ്ശൂർ ഒരു ആശ്രമ മുണ്ടായിക്കാണണമെന്നു് അഭിവന്ദ്യ മേനാശ്ശേരി മെത്രാന ച്ചൻ തിരുമനസ്സുകൊണ്ടു വളരെ നാളായി ആഗ്രഹി ക്കയും ഇപ്പോൾ തൃശ്ശൂർ ഭദ്രാസനദേവാലയത്തിന്റെ തെക്കു് കിടക്കുന്ന മിസ്സംവക തോപ്പു് എന്ന സ്ഥലം അതിനു കൊള്ളാമെന്നു് തീരുമാനിക്കയും ചെയ്തിരുന്നു. ഇങ്ങനെ ഇരിക്കയിലാണു് 1903-ൽ അത്യന്നത ഡെലഗററ് അപ്പ സ്തോലിക്കാതിരുമനസ്സുകൊണ്ടു് ഏഷ്യത്തുരുത്തു് ആശ്രമം സന്ദർശിക്കുന്നതിനു വന്നതു്. ആ അവസരത്തിൽ സ്ഥല ത്തുവന്നിരുന്ന മെത്രാനച്ചൻ തിരുമനസ്സിലേയും അടുത്ത ആശ്രമങ്ങളിലെ ശ്രേഷ്ഠന്മാരെയും കണ്ടു് തൃശ്ശൂർ ഒരു ആശ്രമം സ്ഥാപിക്കണമെന്നും അതുകൊണ്ടു് വളരെ പ്രയോജനമുണ്ടാ കുമെന്നും കല്പിക്കയുണ്ടായി. ഇക്കാര്യം പണ്ടേതന്നെ തന്റെ ആലോചനാവിഷയമാണെന്നും സ്ഥലവും നിർണ്ണയിച്ചിട്ടു ണ്ടെന്നും മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചു. പിറേറദിവസം അഭിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊ ണ്ടു് അത്യന്നത ഡെലഗററ് അപ്പസ്തോലിക്കാ തിരുമേനി യെ തൃശ്ശൂർക്കു കൊണ്ടുപോയി സ്ഥലം കാണിച്ചുകൊടുത്തു. തീവണ്ടിയാപ്പീസിൽ അത്യന്നത ഡെലഗററ് അപ്പസ്തോ ലിക്കായോടു് യാത്ര പറയുവാൻചെന്ന നമ്മുടെ ബ. വൈദിക രോടു് അദ്ദേഹം ഇങ്ങനെ പറഞ്ഞു. "നിങ്ങളുടെ ആശ്രമ ത്തിനുള്ള സ്ഥലം ഞാൻ കണ്ടു. വളരെ നല്ലതാണു്. താമസം കൂടാതെ നിങ്ങളവിടെ ആശ്രമം സ്ഥാപിക്കണം."

1904ജനുവരി 1-ാംതീയതി തൃശ്ശൂർ ആശ്രമത്തിനു ഉദ്ദേശിച്ചിരുന്ന സ്ഥലത്തു് അഭിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടതന്നെ ഒരു ചെറുകപ്പേള പണികഴിപ്പിച്ചു. ഏൽത്തുരുത്തു് ആശ്രമത്തിലെ യോഗാർത്ഥിക്കപ്പേളയിൽ ഉണ്ടായിരുന്ന പ്രേഷ്ണിയുടെ രൂപം ലൂർദ്ദ്പള്ളിയിൽനിന്നു ആഘോഷപ്പൂർവ്വക്ഷിണമായി കൊണ്ടുപോയി സ്ഥാപിക്കയും ആശ്രമസ്ഥാപനത്തെ പുരസ്കരിച്ചു് ഒരു പ്രസംഗം പറയുകയും ചെയ്തു. ഈ അവസരത്തിൽ പല കർമ്മലീത്താ വൈദികരും തുണസഹോദരന്മാരും യോഗാർത്ഥികളും സന്നിഹിതരായിരുന്നു.

1904 മേടമാസത്തിൽ തോപ്പു് കർമ്മലീത്താസഭക്കു് വിട്ടുകൊടുക്കുവാനുള്ള അനുവാദത്തിന്നായി മെത്രാനച്ചൻ തിരുമേനി റോമ്മിലേക്കു അയച്ചിരുന്ന അപേക്ഷയ്ക്കനുകൂലമായി മറുപടി വന്നു. അതു് ഡെലിഗറ്റു് വഴിയാണു് വന്നുചേർന്നതു്. അതിൽ പല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. അവയിൽ പലതും പ്രാവർത്തികമാക്കുക അത്ര എളുപ്പമായിരുന്നില്ല. ആയതുകൊണ്ടു് എന്തുചെയ്യണമെന്നറിയാതെ വിഷമിക്കയായി സഭാശ്രേഷ്ഠന്മാർ. മാസങ്ങൾ പലതും അങ്ങനെ കടന്നുപോയി. 1904 കർക്കിടകം 16-ാംതീയതി ആശ്രമത്തിനു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ശിലാസ്ഥാപനം നടത്തി. സഭയുടെ മുറപ്രകാരമുള്ള അനുമതി ഇനിയും ഈ സ്ഥാപനത്തിനു ലഭിച്ചിരുന്നില്ല. 1905 ജനുവരിയിൽ ആശ്രമം തുടങ്ങുവാൻ ഉദ്ദേശിച്ചുകൊണ്ടു് മെത്രാനച്ചൻ ജാഗ്രതയോടെ പണി തീർത്തു. എന്നാൽ നിയമാനുസരണമുള്ള ആലോചന കൂടാതെ ജനറാളച്ചൻ എന്തുചെയ്യും? എങ്കിലും കാര്യം ഉടനെ സാധിക്കാതെ വന്നതിൽ മെത്രാനച്ചൻ തിരുമേനിക്കു് അതൃപ്തിയായി. കാറ്റു മാറി വീണു. അവസാനരംഗം താഴെ പറയും പ്രകാരമായിരുന്നു.

1905 മിഥുനം 2-ാംതീയതി ഏൽത്തുരുത്തു് പ്രിയോർ പെ. ബ. ശെമെക്കാൻസ്തോക്കച്ചനും പ്രിയോർ ജനറാൾ വലിയ ചാണ്ടി അച്ചനും മെത്രാസന അരമനയിൽ ചെന്നിരിക്കയാണു്, യോഗാർത്ഥികളിൽ ചിലരുടെ സംഗതിയെ സംബന്ധിച്ചു് സംസാരിക്കുവാൻ. അതെല്ലാം പറഞ്ഞവസാനിപ്പിച്ചു.

വീണ്ടും പ്രീയോർജനറാളച്ചന്റെ പക്കലേക്ക തിരുമേനി തിരിഞ്ഞു: "ഇനി അച്ചനു് ഒന്നും പറയുവാനി ല്ലെങ്കിൽ എനിക്കു് ഒരു കാര്യംകൂടെ പറയുവാനുണ്ടു്" എന്നു പറഞ്ഞുകൊണ്ടു് ഇങ്ങനെ തുടർന്നു. "തൃശ്ശൂർ കൊവേന്ത സ്ഥാപനത്തെപ്പറ്റി നിങ്ങൾക്കു് ഒരു ജാഗ്രതയും കാണാ ത്തതുകൊണ്ടും, നിങ്ങൾക്കു് അച്ചന്മാരില്ലെന്നു പറയുന്നതു കൊണ്ടും നാം വേറെ വിധത്തിൽ തീരുമാനിച്ചു. നമ്മുടെ കീഴിൽതന്നെയായി ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനാ യിട്ടാണു് ഇപ്പോൾ ഏർപ്പാടുചെയ്തുവരുന്നതു്. നമ്മുടെ കീഴള്ള പട്ടക്കാരിൽ മനസ്സുള്ളവരെയും നിങ്ങളുടെ കൂട്ട ത്തിൽനിന്നു് ഇതിൽ ചേരുവാൻ മനസ്സായിരിക്കുന്നവരെയും ഇതിൽ ചേർക്കും. ഈ സഭ നിങ്ങളുടെ സഭ മുൻപു് മെത്രാ



പെ. ബ. ശെമഓൻസ്ലോക്കച്ചൻ.

ന്റെ കീഴായിരുന്നതുപോലെത്തന്നെ മെത്രാന്റെ കീഴിലാ യിട്ടാണു് സ്ഥാപിക്കുന്നതു്. എങ്കിലേ മിസ്സത്തിനു് ഉപ കാരം വരികയുള്ള എറിയകൂറും നിങ്ങളുടെ ഉടപ്പോട്ടം വേഷ ത്തോടുംകൂടെ കർമ്മലീത്താ സഭയായിട്ടാണു് നാം ഇപ്പോൾ സ്ഥാപിക്കാൻ കരുതിയിരിക്കുന്നതു്. ഇതിനുവേണ്ടുന്ന അനു വാദങ്ങളെല്ലാം നമുക്കു റോമിൽനിന്നുതന്നെ കിട്ടിയിട്ടുണ്ടു്. അച്ചനു് എന്തു തോന്നുന്നു?" എന്നു ചോദിച്ചു. അതിനു് പ്രീയോർജനറാളച്ചൻ, "കൊള്ളാം, നല്ല കാര്യം. എല്ലാ

വീധത്തിലെങ്കിലും ആത്മാവുകളുടെ രക്ഷയ്ക്കുപകരിക്കട്ടെ'' എന്നു പറഞ്ഞു് ജനറാളച്ചനും പ്രിയോരച്ചനും അവിടെ നിന്നും ആശ്രമത്തിലേക്കു തിരിച്ചുപോന്നു.

ശീശ്മയിൽനിന്നും മനസ്സുതിരിഞ്ഞു വന്ന ഏഴ് കശീശമാർ:— 1904 കുംഭം 18-ാംതീയതി തൃശ്ശൂർ ശീശ്മയിൽനിന്നും ഏഴു അച്ചന്മാർ മനസ്സുതിരിഞ്ഞു ഏൽത്തു രുത്തു് ആശ്രമത്തിൽവന്നു. അന്നു് തൃശ്ശൂർ മെത്രാസന അരമനയിൽ താമസിച്ചുവന്ന ബ. മാമ്പുള്ളി വറിയതു് അച്ചന്റെ പരിശ്രമഫലമായിരുന്നു ഇവരുടെ മാനസാന്തരം. ഇവരെ എങ്ങനെ സ്വീകരിക്കണമെന്നും മറ്റും മെത്രാനച്ചൻ തിരുമേനിയുമായി ആലോചിച്ചുവെച്ചിരുന്നു. ആകയാൽ യോഗാത്ഥികളെ ആശ്രമത്തിന്റെ വലിയ ഇടനാഴിയിലേക്കു മാറ്റി യോഗാത്ഥിമന്ദിരം അവക്കായി വിട്ടുകൊടുത്തു. ധ്യാനം മുതലായതു് കഴിപ്പിച്ചു മെത്രാനച്ചന്റെ അനുവാദപ്രകാരം മഹറോൻ മുതലായതും പോക്കി. ഇതിൽ മേല്പുസു് മെത്രാനിൽനിന്നു പട്ടമേറ്റ ഒരാൾ ഒഴികെ ശേഷം ആറുപേരും അഹ്സ്താൻ കശീശയിൽനിന്നും പട്ടമേറ്റവരായിരുന്നു. ആകയാൽ മേല്പുസു് മെത്രാനിൽനിന്നും പട്ടമേറ്റ പല്ലാട്ടു് അന്തോണി അച്ചനുമാത്രം ദിവ്യബലി അർപ്പിക്കാൻ മെത്രാനച്ചൻ തിരുമേനി അനുവദിച്ചു. ശേഷം പേർക്കു ശ്ലൂർപ്പേശു് ധരിച്ചു് കുബ്ബാന കൈക്കൊള്ളുന്നതിനും ഊറാല കൂടാതെ അഞ്ചാം പട്ടക്കാരനായി തിരുക്കർമ്മങ്ങളിൽ സഹായിക്കുന്നതിനും അനുവദിച്ചു. പതിനഞ്ചു് ദിവസത്തോളം അവർ അവിടെ താമസിച്ചു. ഇവരിൽ അരണാട്ടുകര കുനൻ ഇയ്യോവച്ചൻ വീണ്ടും ശീശ്മയിലേക്കുതന്നെപോയി.

പ്രാചീനതാരക: (1904—1915)- വടക്കൻ പ്രദേശങ്ങളിൽ അന്നു് യാതൊരു കത്തോലിക്കാപത്രവും ഇല്ലാതിരിക്കുന്ന ശോചനീയാവസ്ഥ അക്കരെ ക. നി. മു. സ. ബ. പിയൂസച്ചനെ വല്ലാതെ വ്യസനിപ്പിച്ചു. അന്നു് അദ്ദേഹം മുദ്രാലയത്തിന്റെയും സ്കൂളിന്റെയും കാര്യങ്ങൾ അന്വേഷിച്ചുവരികയായിരുന്നു. ബ. ശെമശാൻസ്തോക്കച്ചനായിരുന്ന ആശ്രമശ്രേഷ്ഠൻ. ഒരു പ്രതിമാസ പത്രമെങ്കിലുമുണ്ടാകട്ടെ


എന്നു വെച്ചാണു് 1904-ൽ 'പ്രാചീനതാരക' ആരംഭിച്ചതു്. പൊങ്ങിയും താണും അതങ്ങനെ ജീവിച്ചു കുറെക്കാലത്തേയ്ക്കു്. എന്നാൽ പ്രതിമാസം തളർന്നു വന്നിരുന്ന അതിന്റെ കോശസ്ഥിതിയെ താങ്ങുവാൻ ശേഷിയില്ലെന്നുകണ്ടു് 1915 മകരത്തോടെ അതു നിറുത്തലാക്കി. ഇങ്ങനെ 1904-ൽ ഉദിച്ച 'പ്രാചീനതാരക' 1915-ൽ അസ്തമിക്കയാണുണ്ടായതു്.

അഞ്ചൽ ആഫീസു്— 1905-ാം വർഷം മിഥുനമാസത്തിലാണു് മണിപ്പുറിയുടെ അടുത്തുള്ള മുറിയിൽ അഞ്ചൽ ആഫീസു് ആരംഭിച്ചതു്.

മച്ചാൻ പ്രഞ്ചു— 1905 ചിങ്ങമാസം 4-ാംതീയതി അരണാട്ടുകരെ വെള്ളാട്ടുങ്കൽ മച്ചാൻ പ്രഞ്ചു എന്നയാൾ ചരമമടഞ്ഞു. ഇയാൾ ധർമ്മത്തിനായിട്ടും കർണ്ണാന്യായിട്ടും ആണ്ടുതോറും തിരുപ്പടയത്തിനുന്നാൾ ഘോഷിക്കുന്നതിനായിട്ടും എല്ലാംകൂടെ 2000-ത്തിൽ താഴെ രൂപയുടെ സ്വത്തുക്കൾ ഈ ആശ്രമത്തിനു് വെച്ചിട്ടുണ്ടു്. നമ്മുടെ പള്ളിയുടെ മുന്നു് വാതിലിന്റെയും കരിങ്കല്ലുകൊണ്ടുള്ള ചേറുപടികളും കിഴക്കേടവാരത്തുള്ള കരിങ്കൽക്കുരിശും ഇയ്യാളുടെ ദാനമാണു്.


1909 കർക്കിടകം 28-ാംതീയതി ചങ്ങനാശ്ശേരി മെത്രാൻ ഡാക്ടർ മാക്കിൽ മത്തായി തിരുമനസ്സിലെ ഒരു എഴുത്തു് പെ ബ ക. നി. മൂ. സ. ചെലസ്തീനോസച്ചന്റെ പേർക്കു വന്നു. കിടങ്ങൂർ, മാതാവിന്റെ നാമത്തിൽ ഒരു പള്ളി പണിയുന്നതിനു് ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങിക്കൊടുക്കണമെന്നായിരുന്നു അതിലെ നിർദ്ദേശം. അന്നു് തിരുവിതാംകൂർ ദിവാനായിരുന്ന ശ്രീ. രാജഗോപാലാചാരി ചെലസ്തീനോസച്ചന്റെ ഒരു ഉറ്റ മിത്രമായിരുന്നു. ഇതാണു് ഇങ്ങനെ എഴുതുവാൻ കാരണം. കിടങ്ങൂർ പള്ളി ഹിന്ദുക്കൾ പൊളിച്ചുകളഞ്ഞ വിഷമസന്ധിയായിരുന്നു അതു്. എങ്കിലും ചെലസ്തീനോസച്ചൻ തിരുവനന്തപുരത്തു പോയി ദിവാൻജിയെ കണ്ടു് കാര്യം സാധിച്ചു.

ഇൻഡസ്ട്രിയൽ സ്കൂൾ- നമ്മുടെ സ്കൂളിനോട് അനുബന്ധമായി നടത്തിവന്നിരുന്ന കരകൌശലശാല ഒന്നിനൊന്നു് അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരുന്നതു്. പെ. ബ. ചെലസ്റ്റീനോസച്ചന്റെ തുടർച്ചയായുള്ള ആറു വർഷത്തെ ഭരണകാലത്തു് അതു് അസൂയാർഹമായ ഒരു നിലയെ പ്രാപിച്ചിരുന്നു. രാജശ്രീ. രാമവർമ്മ മഹാരാജാവിന്റെ പ്രശംസയ്ക്കു് അതു് എങ്ങനെ ഒന്നിലധികം പ്രാവശ്യം പാത്രീഭവിച്ചുവെന്നു് നാം കണ്ടുകഴിഞ്ഞു. 1910-ൽ തൃശ്ശൂർ ഒരു പ്രദർശനം നടന്നു.



പ്ലസ്സ് കെട്ടിടം.

അതിലേക്കു് ഇവിടത്തെ വർക്ക്ഷാപ്പിൽ വിശേഷവിധിയായി പണിത്തീർത്തിരുന്ന ഒരു കസേരയും വിശേഷ കസവുപണികളോടുകൂടെ നെയ്യുണ്ടാക്കിയിരുന്ന ഒരു തൊപ്പിയും കൊണ്ടുപോയി. ഈ തൊപ്പിക്കു് രണ്ടുപ്രാവശ്യം സമ്മാനം ലഭിച്ചിട്ടുണ്ടു്. വർക്ക്ഷാപ്പിലേക്കു് ഒരു മെഡലും ലഭിച്ചു.



സിലണ്ടർ മെഷീൻ

1910-ൽ വേറൊരു പ്രദർശനമുണ്ടായി. അതിലേക്കു സാമാനങ്ങൾ കൊണ്ടുചെല്ലുവാൻ ഇൻഡസ്ട്രയൽ സ്കൂളിലേക്കും, പെ. ബ. ചെലസ്റ്റീനോസച്ചന്റെ പേർക്കും ദിവാൻപേഷ്കാരുടെ അറിയിപ്പുണ്ടായിരുന്നു. ഇവിടെനിന്നും പല പണികളും കൊണ്ടുപോയി. മഹാരാജാവുതന്നെ പെ.

ബ. ചെലസ്ഥീനോസച്ചനു വെള്ളികൊണ്ടുള്ള ഒരു മെഡലും കുറെ രൂപയും കൊടുത്തു. ഇതിനും പുറമെ ചെമ്പുകൊണ്ടുള്ള ഒരു മെഡൽ അയച്ചുതരികയും ചെയ്തു.

അഞ്ചുമുറിക്കെട്ടിടം:- നല്ല ഇടയന്റെ പുതു ക്രൈസ്തവപാഠശാല 1902-ൽ പ്രവർത്തനം ആരംഭിച്ചു. വളരെ മാനസാന്തരങ്ങളും സാധിച്ചുവന്നു. എങ്കിലും മാനസാന്തരത്തിനുവരുന്നവർക്കു തല്ക്കാലം താമസിക്കുന്നതിനോ പഠനം നടത്തുന്നതിനോ തക്ക സ്ഥലമൊന്നുമില്ലായിരുന്നു. ഈ കുറവു് പരിഹരിക്കപ്പെട്ടതു് പെ. ബ. ചെലസ്ഥീനോസച്ചന്റെ പ്രിയോരാത്തു കാലത്താണു്. പുതുക്രൈസ്തവരുടെ പഠനംനടത്തുവാൻ 15 കോൽ നീളമുള്ള ഒരു സ്സ്ഥലം അവക്കു് താമസിക്കുവാൻ 25 കോൽ നീളവും 5 മുറികളോടുകൂടിയതുമായ ഒരു കെട്ടിടവും പണികഴിപ്പിച്ചു.

തൃശ്ശൂർ, കൊട്ടിലിലെ കൃഷ്ണമാരാരു് ആക്ടിംഗു് ദിവാനായി ജോലി നോക്കിവരികയിൽ 1912 കന്നി 13-ാംതീയതി പേഷ്ക്കാർ മുതലായ ഉദ്യോഗസ്ഥന്മാരോടുകൂടെ ഇവിടെ വന്നു. തദവസരത്തിൽ അദ്ദേഹത്തിനു് വളരെ ആഘോഷമായ ഒരു സ്വീകരണം നൽകുകയും അദ്ദേഹത്തിൽനിന്നു് ആശ്രമത്തിനു ലഭിച്ചിട്ടുള്ള ഉപകാരങ്ങളെ പ്രത്യേകം എടുത്തു കാണിച്ചുകൊണ്ടു് ഒരു മംഗളപത്രം സമർപ്പിക്കയുമുണ്ടായി.

1913- മാർച്ചു് മാസത്തിൽ സ്ഥാനമൊഴിഞ്ഞ കൊച്ചി മഹാരാജാവു് രാമവർമ്മ തിരുമനസ്സുകൊണ്ടു് അയ്യന്തോളിനു സമീപം കാനാട്ടുകരെ കുന്നത്തു് ഒരു കൊട്ടാരം പണികഴിപ്പിച്ചു. എന്നാൽ കുളം കുഴിപ്പിക്കുന്നതിനു് തക്ക സ്ഥലം കാണായ്കയാൽ നമ്മുടെ ആശ്രമംവക ഭൂമി കുറെ ആവശ്യപ്പെട്ടു. നാം സന്തോഷപൂർവ്വം വിട്ടുകൊടുത്തു. എങ്കിലും ആ ഭൂമി 25ക. പ്രതിഫലം തന്നുകൊണ്ടാണു് തിരുമനസ്സു് സ്വീകരിച്ചതു്.

1917 കർക്കിടകം 17-ാംതീയതി അഭിവന്ദ്യ മാർ യോഹന്നാൻ മെത്രാനച്ചന്റെ 60-ാംവയസ്സു് തികയുന്ന

ഷഷ്ടിപൂർത്തി ആഘോഷത്തിൽ സംബന്ധിക്കുന്നതിനായി ഇവിടത്തെ പെ. ബ. പ്രിയോരച്ചൻ അമ്പഴക്കാട്ട്, പാവർട്ടി എന്നീ കൊവേന്തകളുടെ പ്രിയോരച്ചന്മാർ ഒന്നിച്ച് തൃശ്ശൂർ അരമനയിലേക്കു പോയി. ഈ അസാമാന്യ അവസരത്തിന്റെ നിത്യസ്മാരകമായി മുൻപറഞ്ഞ മൂന്നു ആശ്രമങ്ങളുടെയും ചിലവിൽ വിശേഷതരത്തിൽ പണിതീർത്തിരുന്ന ഒരു ഈട്ടിക്കസേര മെത്രാനച്ചൻ തിരുമനസ്സിലേക്കു സമ്മാനിച്ചു.

1918 തുലാമാസം 8-ാംതീയതി കൊച്ചി മഹാരാജാവിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ച് ഏൽത്തുരുത്തു, അമ്പഴക്കാട്ട്, തേവര എന്നീ ആശ്രമശ്രേഷ്ഠന്മാർ എറണാകുളത്തുചെന്നു തിരുമനസ്സിലേക്കു ഒരു മംഗളപത്രം സമർപ്പിക്കയുണ്ടായി. ഒരു വെള്ളി കാസ്കറിലാണു അതു അടക്കം ചെയ്തിരുന്നതു. കഴലിന്മേൽ ഏൽത്തുരുത്തു, അമ്പഴക്കാട്ട്, തേവര എന്നീ ആശ്രമങ്ങളുടെ പേരുകളും മഹാരാജാവിന്റെ പേരും കൊത്തിയിരുന്നു.

മഹാരാജാവു തിരുമനസ്സിലെ മറുപടിപ്രസംഗം ഭാഷാന്തരംചെയ്തു താഴെ ചേർക്കുന്നു.

ബ. വൈദികരെ,

ഈ ശുഭാവസരത്തിൽ നിങ്ങൾ സമർപ്പിച്ച അനുമോദനമംഗളപത്രം സ്വീകരിക്കുന്നതിൽ നമുക്കു അതിയായ സന്തോഷമുണ്ടു. നിങ്ങളുടെ മംഗളപത്രത്തിൽ തെളിഞ്ഞുകാണുന്ന ഹൃദയംഗമമായ സ്നേഹാദരങ്ങളും നന്ദിപ്രകാശങ്ങളും രാജഭക്തിപ്രകടനങ്ങളും നമ്മെ നന്നായി സ്പർശിച്ചിട്ടുണ്ടെന്നു പറയാതെ തരമില്ല. അവയ്ക്കെല്ലാം എല്ലാവരോടും നന്ദിപറഞ്ഞുകൊള്ളുന്നു. നിങ്ങളുടെ സഭാംഗങ്ങൾ സജീവപരസേവനങ്ങൾക്കും ത്യാഗജീവിതത്തിനും പണ്ടേ പേരെടുത്തിട്ടുള്ളവരാണല്ലൊ. അതുകൊണ്ടു നിങ്ങൾ ന്യായമായി അർഹിക്കുന്ന പ്രോത്സാഹനം നിങ്ങൾക്കു ലഭിച്ചുവെന്നു മാത്രമേ പറയേണ്ടതുള്ളൂ. ചരിത്രത്തിന്റെ ഏടുകളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള നാനാമുഖങ്ങളായ നിങ്ങളുടെ സേവനങ്ങളെ

ഇപ്പോൾ സവിസ്തരം പ്രതിപാദിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല. ആകയാൽ വാചാലതപം തുളുമ്പുന്ന നിങ്ങളുടെ മംഗളപത്രത്തിനു് ഒന്നുകൂടെ നന്ദി പറഞ്ഞുകൊണ്ടു് നിവൃത്തനാം.

ഒക്ടോബർ 8, 1918. രാമവർമ്മ.

മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് 1896 മുതൽ 23 വർഷത്തേയ്ക്കു് തൃശ്ശൂർ വികാരിയാത്തു ഭരിച്ചശേഷം 1919-ൽ ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി 1921-ലാണു് മാർ ഫ്രാൻസീസു് വാഴപ്പിള്ളി തിരുമേനി നിയമിതനായതു്. പുതിയ മെത്രാൻ ചാർജ്ജെടുക്കുന്നതിനുമുമ്പു് പരിയാരം ഇടവക മോൺസിഞ്ഞോർ പുത്തൂരി അന്തോണി അച്ചനായിരുന്ന അഡ്മിനിസ്ട്രേറ്റർ.

1921 മേടം 27-ാം തീയതി, ഉയിർപ്പുഞായറാഴ്ച വാഴപ്പിള്ളി പെ. ബ. ഫ്രാൻസീസച്ചൻ തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നു് കമ്പീസന്ദേശം ലഭിച്ചു. മിഥുനം 24-ാം തീയതി അദ്ദേഹം മെത്രാഭിഷേകത്തിനുമുമ്പുള്ള ധ്യാനം കഴിക്കുന്നതിനു് ഈ ആശ്രമത്തിൽ വന്നു. അഭിഷേകച്ചടങ്ങിൽ പങ്കുകൊള്ളുവാൻ പോകുന്നതിനു് ബ. അച്ചന്മാർക്കു് സൌകര്യമുണ്ടാകുവാൻ വേണ്ടി ആണ്ടുധ്യാനം ഈ തീയതിയിൽ ആരംഭിച്ചു. പെ. ബ. ഫ്രാൻസീസച്ചനും അച്ചന്മാരൊന്നിച്ചു ധ്യാനത്തിൽ പങ്കുകൊണ്ടു.

1921 കർക്കിടകം 6-ാം തീയതിയാണു് മെത്രാഭിഷേകം നടന്നതു്. ഈ ചടങ്ങിനു് അത്യന്ത ഡെലഗറേറ്റു് അപ്പസ്തോലിക്കയും മറ്റു് ഏഴു മെത്രാന്മാരും, മറ്റു മിസ്സങ്ങളിൽനിന്നു് അനേകം വൈദികരും വന്നിരുന്നു. പ്രിയോർ ജനറാളും പെ. ബ. കൊച്ചുചാണ്ടി അച്ചനും പല ആശ്രമശ്രേഷ്ഠന്മാരും സന്യാസവൈദികരും ഇവിടെനിന്നു് എല്ലാ

വൈദികരും സ്ഥാനികളും മെത്രാഭിഷേക മഹാമഹത്തിൽ ഭാഗഭാക്കുകളാകുവാൻ തൃശ്ശൂർക്കു പോയി.

ഇവിടത്തെ പ്രിയോർ പെ. ബ. ഗ്രിഗോരിയോസച്ചനു സ്ഥലം പിടിക്കായ്കയാൽ സ്ഥലം മാറിക്കിട്ടണമെന്നപേക്ഷിച്ചതനുസരിച്ച് അദ്ദേഹത്തെ പുളിങ്കുന്നിലേയും, പുളിങ്കുന്നു പ്രിയോർ പെ. ബ. ആഞ്ചെലൂസച്ചനെ ഇവിടത്തേയും പ്രിയോർമാരായി സ്ഥലം മാറി. 1922 കുംഭം 13-ാം തീയതിയാണു് പെ. ബ. ആഞ്ചെലൂസച്ചൻ ഇവിടെ വന്നു് ചാർജ്ജെടുത്തതു്.

ഹയരാർക്കി 21-12-1923

1923 ഡിസംബർ 21-ാം തീയതി ഹൈരാർക്കി സ്ഥാപനം നടന്നു. നാട്ടുമെത്രാന്മാരെ കേരളീയർക്കു് കല്പിച്ചനുവദിച്ചിട്ടു് 27 വർഷം കഴിഞ്ഞു. ഈ കാലയളവിൽ അത്ഭുതപൂർവ്വമായ പുരോഗതി കേരളസഭയിൽ സർവ്വത്ര പ്രത്യക്ഷപ്പെട്ടു. ഇതു് പരിശുദ്ധ സിംഹാസനത്തിനു ബോദ്ധ്യമാവുകയും ചെയ്തു. "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളുടെ ഹസ്തങ്ങളിൽ" എന്നുള്ള ഭാഗ്യസ്മരണാർഹനായ 13-ാം ലെയോ മാർപ്പാപ്പായുടെ പ്രവചനം അനുവർത്തമാകേണ്ട സമയം ആസന്നമായെന്നും, അതിനുള്ള യത്നത്തിൽ സിംഹഭാഗം വഹിക്കുവാനുള്ള കഴിവുകൾ കേരളസുറിയാനിസഭയിൽ നിക്ഷിപ്തമായിട്ടുണ്ടെന്നും 11-ാം പീയൂസു് മാർപ്പാപ്പ മനസ്സിലാക്കി. ആകയാൽ അതിനു ഹൈരാർക്കി അഥവാ പവിത്രാധിപത്യം കല്പിച്ചനുൽകി. "പരിശുദ്ധകന്യകമറിയത്തോടു് അവർക്കുള്ള അന്യാദൃശമായി ഭക്തിനിമിത്തവും വൈദികരോടും വൈദികാദ്ധ്യക്ഷന്മാരോടും വിശിഷ്യാ ഈ അപ്പസ്തോലിക്കാ സിംഹാസനത്തോടും അവർ കാണിച്ചിട്ടുള്ള ദൃഢതരമായ ഭക്തിബഹുമാനങ്ങൾ ഹേതുവായും ഇവർ സർവ്വപ്രകാരേണയും ഇതർഹിച്ചിട്ടുള്ളതാണു്." എന്നതെ ഹയരാർക്കി പ്രഖ്യാപനംചെയ്തുകൊണ്ടുള്ള ബൂളയിൽ 11-ാം പീയൂസു് പ്രസ്താവിച്ചിട്ടുള്ളതു്.

ഈ പ്രഖ്യാപനത്താൽ 1923 ഡിസംബർ 21-൦൦ തീയതി കേരളസഭാചരിത്രത്തിൽ സ്വർണ്ണലിപികളാൽ ഉല്ലേഖനം ചെയ്യേണ്ടതായ ഒരു സുദിനമായി. ഈ പ്രഖ്യാപനംവഴിയായി എറണാകുളം അതിരൂപതയായും, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ രൂപതകളായും ജന്മമെടുത്തു. ഇങ്ങനെ കണ്ടത്തിൽ മാർ അഗ്രസ്തീനോസ് തിരുമേനി എറണാകുളം മെത്രാപ്പോലീത്തയായും, മാർ ഫ്രാൻസീസ് വാഴപ്പിള്ളി, മാർ തോമ്മാ കുര്യാളശ്ശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ എന്നീ തിരുമേനിമാർ യഥാക്രമം തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകളുടെ മെത്രാന്മാരുമായി ആരോഹണംചെയ്തു.

ധ്യാനം— പൊതുധ്യാനരീതിയിൽ കാലാന്തരത്തിൽ വന്ന പരിവർത്തനത്തെക്കുറിച്ച് രണ്ടു വാക്ക് പറഞ്ഞു് ഈ ഭാഗം അവസാനിപ്പിക്കാം. ധ്യാനഗുരുക്കൾ സംഘമായിട്ടാണ് ധ്യാനം നടത്തിയിരുന്നതെന്നു് മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ ക്രമേണ ഈ രീതിക്കു് ഒരു പരിവർത്തനം സംഭവിച്ചു. എങ്ങനെയെന്നാൽ രൂപതകളും പള്ളികളും വർദ്ധിച്ചപ്പോൾ സംഘാതധ്യാനങ്ങളുടെ സാദ്ധ്യതകുറഞ്ഞു. മാത്രമല്ല, ധ്യാനങ്ങൾ അടുത്തടുത്തും കഴിയുമെങ്കിൽ പ്രതിവർഷവും വേണമെന്നായി. ഇങ്ങനെയാണ് ഒന്നോ രണ്ടോ വൈദികർ മാത്രം പോയി ധ്യാനിപ്പിക്കുന്ന പതിവുണ്ടായതു്. ഇക്കാലത്തു് വടക്കൻ പ്രദേശങ്ങളിൽ ധ്യാനഗുരുക്കന്മാരായി പ്രശോഭിച്ചിരുന്നവരിൽ ചിലരാണു്: 1) ബ. അൽബർത്തോസച്ചൻ, (2) ബ. ചെലസ്തീനോസച്ചൻ, (3) ബ. ആഞ്ചെളൂസച്ചൻ, (4) ബ. പത്രോസച്ചൻ മുതലായവർ. ബ. അൽബർത്തോസച്ചനും ബ. പത്രോസച്ചനും നടത്തിട്ടുള്ള ധ്യാനങ്ങൾ നിരവധിയാണു്.

V.

1923 — 1962

തലോർ ആശ്രമം- പുല്ലൂർ സ്ഥാപനം- നവസന്ന്യാസ ഭവനം- ഹൈസ്കൂൾ- ദേവമാതാ പ്രോവിൻസ്- ദൈവദാസൻ ചാവറ കുര്യാക്കോസച്ചൻ. കൊട്ടങ്ങല്ലൂർ തീർത്ഥാലയം.

ഈ കാലഘട്ടത്തിലും ഏൽത്തുരുത്തു് ആശ്രമം പ്രശസ്തമായ പല സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ടു്. നാം ഇന്നു് ദർശിക്കുന്ന തലോർ ആശ്രമവും, പുല്ലൂർ സ്ഥാപനവും ഏൽത്തുരുത്തു് ആശ്രമത്തിന്റെ അരുമസന്താനങ്ങളായി ഈ ഘട്ടത്തിൽ ജന്മമെടുത്തു. അവയുടെ ആരംഭത്തിനും പുരോഗതിക്കും ഏൽത്തുരുത്തു് ആശ്രമം കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളതു്. 26 വർഷത്തോളം ഈ ആശ്രമത്തിലായിരുന്നു തുണസഹോദരന്മാരുടെ പരിശീലനകളരിയും നവസന്യാസഭവനവും. ഇക്കാലത്തു സെന്റർ അലോഷ്യസു് ഒരു ഹൈസ്കൂളായി രൂപം പ്രാപിച്ചതു് അവിടം കണ്ടു. വടക്കൻ പ്രദേശങ്ങളിലെ പ്രഥമവും പ്രധാനവുമായ ആശ്രമമെന്ന നിലയിൽ സഭ മൂന്നു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടപ്പോഴും, മാർത്തോമ്മാ തീർത്ഥാലയം കൊട്ടങ്ങല്ലൂരിൽ ഉയർന്നുവന്നപ്പോഴും ഏൽത്തുരുത്തു് ഗണ്യമായ പല സേവനങ്ങളും നിർവ്വഹിക്കയുണ്ടായി. ഈദൃശ വിഷയങ്ങളെക്കുറിച്ചു് അതതു സമയത്തു സംക്ഷിപ്തമായി പ്രതിപാദിക്കുന്നതാണു്.

തലോർ ആശ്രമം.

ഇന്നു് ഒരു ഗണനീയ സ്ഥാപനമായി കാണുന്ന ഇതിന്റെ മാതൃസ്ഥാനം വഹിക്കുന്നതു് ഏൽത്തുരുത്താശ്രമമാണു്. ഇതിന്റെ നിസ്സഹായ ശിശുപ്രായത്തിലും ബാല്യ

ശേയിലും എൽത്തുരുത്തു് ആശ്രമംതന്നെയായിരുന്ന അതിനു് താങ്ങും തണലും. ഈ ആശ്രമത്തിന്റെ ആരംഭം ഇങ്ങനെയാണു്.

ഒല്ലൂർ ഒരു ആശ്രമം ഉണ്ടായിക്കാണുവാൻ പല പ്രാവശ്യം പരിശ്രമിച്ചിട്ടും നടക്കാതെയിരിക്കയിൽ ഒല്ലൂർ ഇടവക തലോർ ഇട്ടത്തൻ പൌലോസു് മകൻ അന്തോണി എന്നയാൾ ഒല്ലൂരിനും പുതുക്കാടിനും മദ്ധ്യേ തലോർ എന്ന സ്ഥലത്തു് തന്റെ വക ഏട്ടു് ഏക്കർ സ്ഥലം ദാനംചെയ്തുയും തല്ക്കാലം പാർക്കുന്നതിനുവേണ്ട കെട്ടിടങ്ങളും മറ്റും പണിയിച്ചു് തരാമെന്നു സമ്മതിക്കയും ചെയ്തുകൊണ്ടു് എൽത്തുരുത്തു് ആശ്രമശ്രേഷ്ഠനെ സമീപിച്ചു. അദ്ദേഹം ബ. അത്തനാസിയൂസച്ചനുമൊരുമിച്ചുപോയി സ്ഥലം കാണുകയും ആലോചിച്ചു് തീർച്ചയാക്കാമെന്നു പറഞ്ഞു് മടങ്ങിപ്പോരുകയും ചെയ്തു.

പ്രസ്തുത സംഗതികൾ അഭിവന്ദ്യ മാർ ഫ്രാൻസീസു് വാഴപ്പിള്ളി തിരുമേനിയെ അറിയിച്ചു. അവിടുന്നു് സസന്തോഷം അനുമതി നൽകിയതുകൊണ്ടു് വിവരങ്ങളെല്ലാം നമ്മുടെ പ്രിയോർ ജനറാൾ പെ. ബ. ലൂയീസു് മറിയംഅച്ചനെ ബോധിപ്പിക്കുകയും തല്ക്കാലം ഒരു മിഷൻ ഭവനമായി തുടങ്ങുവാൻ അനുമതി നല്കുകയും ചെയ്തു. വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു് എൽത്തുരുത്തു് ആശ്രമശ്രേഷ്ഠനു് കല്പനകൊടുത്തു. ദാനമായി ലഭിച്ച സ്ഥലത്തുണ്ടായിരുന്ന ഒരു വീടു് കപ്പേളയായി രൂപാന്തരപ്പെടുത്തി അഭിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സിലെ അനുമതിയോടെ 1925 ജനുവരി 1-ാം തീയതി നസ്രായൻ ഉണ്ണീശോയുടെ നാമത്തിൽ കപ്പേള വെഞ്ചരിച്ചു് ആഘോഷമായി സ്തുപസ്തുകർബ്ബാന ചൊല്ലി.

തുണസഹോദരന്മാരുടെ നവസന്ന്യാസഭവനം

രക്ഷകന്റെ രഹസ്യജീവിതം, വനാന്തരങ്ങളിലും സന്ന്യാസഭവനങ്ങളിലും തങ്ങളുടെ കഴിവുകളെ ഗോപനം

ചെയ്യുവാനും സ്വാതന്ത്ര്യത്തെ സ്വതന്ത്രമായി ഹോമിച്ചു് ഒരു ശ്രേഷ്ഠനു് കീഴ്വഴങ്ങി ജീവിക്കുവാനും അനേകർക്കു പ്രേരണയും മനഃശക്തിയും പ്രദാനംചെയ്യു. സന്യാസത്തിൽ തന്നെയും തുണസഹോദരന്മാരുടെ ജീവിതസ്ഥിതിയാണു് വൈദികരുടേതിനെ അപേക്ഷിച്ചു് സ്നേഹനാഥന്റെ രഹസ്യജീവിതത്തോടു് കൂടുതൽ സാമ്യം വഹിക്കുന്നതെന്നു് പറയാതെ തരമില്ല.

തുണസഹോദരന്മാർ! കേരളത്തിലെ കർമ്മലീത്ത വൈദികർക്കു് ലോകോത്തരങ്ങളായ സേവനങ്ങൾ– തിരുസ്സിംഹാസനത്തിന്റെയും തിരുസ്സഭാധ്യക്ഷന്മാരുടെയും ജനസാമാന്യത്തിന്റെയും പ്രശംസക്കു് അവരെ അർഹരാക്കിയ സേവനങ്ങൾ– അനുഷ്ഠിക്കുവാൻ കഴിഞ്ഞുവെങ്കിൽ അതു് പ്രസ്തുത തുണസഹോദരന്മാരുടെ പിന്തുണനിമിത്തമത്രെ. വൈദികരൊടൊപ്പം തപശ്ചര്യകളനുഷ്ഠിക്കുന്നവരാണിവർ. വൈദികരുടെ പ്രസംഗങ്ങളെ പ്രാർത്ഥനകളാലും തപസ്സിനാലും ഇവർ ഫലപുഷ്ടമാക്കുന്നു. വൈദികർക്കു് വൈദികവൃത്തികളിൽ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ പ്രസ്തുത സഹോദരന്മാരുടെ പ്രയത്നം വളരെയധികം സഹായിക്കുന്നു. ആശ്രമവസ്തുക്കളുടെ കാര്യം കാര്യക്ഷമമായി നടത്തിവരുന്നതു മിക്കവാറും പ്രസ്തുത സഹോദരന്മാരത്രെ. ആപൽസന്ധിയിൽ വൈദികരോടൊപ്പം വീരിമാവു കാണിക്കുവാൻ സന്നദ്ധരാണിവർ.

ഈ സഭയുടെ ആരംഭം മുതൽ സന്യാസവൈദികരൊടൊപ്പം തുണസഹോദരന്മാരും പ്രത്യക്ഷപ്പെട്ടുന്നതു കാണാം. എന്നാൽ അവർക്കു കൂട്ടമായിട്ടു പരിശീലനക്കളരിയോ നവസന്യാസഭവനമോ ഉണ്ടായിരുന്നില്ല. ആശ്രമത്തിന്റെ ആവശ്യംപോലെ തുണസഹോദരന്മാരുടെ ജീവിതക്രമത്തിലേക്കു അംഗങ്ങളെ സ്വീകരിക്കും. അവർ എവിടെ സ്വീകരിക്കപ്പെട്ടുന്നുവോ ആ ആശ്രമത്തിലെ പ്രായവും പക്വതയുമുള്ള ഒരു തുണസഹോദരൻ അവരെ വേണ്ടവണ്ണം പഠിപ്പിക്കും. സ്വഭാവശുദ്ധാനവും വ്രതവാശുദ്ധാനവും യഥാക്രമം നടക്കും. ഈ സമ്പ്രദായം അവരുടെ സ്വഭാവശുദ്ധവൽക്കര

ണത്തിനു് തികച്ചും പര്യാപ്തമല്ലെന്നു മനസ്സിലാക്കിയതി നാൽ തൂണസഹോദരന്മാരുടെ പരിശീലനം കൂട്ടമായി നട ത്തണമെന്നു പൊതുസംഘം തീർച്ചയാക്കുകയും, ഈ ആശ്രമം തൂണസഹോദരങ്ങളുടെ പരിശീലനകളരിയായി തിരഞ്ഞെ ടുത്തു നിശ്ചയിക്കുകയും ചെയ്തു. 1927 മെയ്മാസാരംഭത്തിൽ നമ്മുടെ സ്കൂളിന്റെ തെക്കുവശത്തുള്ള പഴയ കെട്ടിടത്തിൽ അവരുടെ നവസന്യാസ പരിശീലനം മുറയ്ക്കാരംഭിച്ചു. പെ. ബ. ദെഫ്നി. സിൽവസ്ത്രോസച്ചനായിരുന്നു തൂണസ ഹോദരന്മാരുടെ ആദ്യഗുരു.

സെൻറ് അലോഷ്യസ്
പൂർണ്ണവളർച്ച പ്രാപിക്കുന്നു.

ഈ സ്ഥാപനത്തിന്റെ ആരംഭത്തേയും പുരോഗ തിയേയുംകുറിച്ചു് നാം ഇതിനകം അല്പമായിട്ടെങ്കിലും കണ്ടു കഴിഞ്ഞു. ഒരു ലോവർസെക്കണ്ടറിസ്കൂൾ എന്ന നിലയിൽ ഈ സ്ഥാപനത്തിനു് കൊച്ചിസംസ്ഥാനത്തിൽ അസൂയാർ ഹമായ ഒരു സ്ഥാനമാണല്ലോ ഉണ്ടായിരുന്നതു്. എന്നാൽ കാലചക്രം ചുററിക്കറങ്ങി. ഹൈസ്കൂളുകൾ വലിയ പട്ടണ ങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും ഉയരുവാൻ തുടങ്ങി. ഈ സ്ഥാപനത്തെ സാരമായി സ്പർശിച്ചു ഈ വ്യതിയാനം. ഒരു ഹൈസ്കൂളായി ഉയർത്തുകയല്ലാതെ പ്രശസ്തമായ ഇതിന്റെ പൂർവ്വസ്ഥിതിയിൽ ഇതിനെ പുനഃസ്ഥാപിക്കുവാൻ വേറെ മാർഗ്ഗമില്ലെന്നായി.

ഇതിനകം വളരെ കാലത്തേയ്ക്കു ഇതിന്റെ പ്രധാന അദ്ധ്യാപകനായി സേവനം നടത്തിയിരുന്ന അരണാട്ടുകരെ പള്ളി ഇടവക ശ്രീമാൻ സി. എൽ. ജോസഫ് അവർ കൾ ജോലിയിൽനിന്നു വിരമിച്ചു. പിന്നീടു് ബ. പങ്കരാ സിയൂസച്ചനാണു് ഇതിന്റെ പ്രധാന സാരഥ്യം വഹിച്ചതു്. അതു് 1927 ജൂൺ മാസത്തിലത്രെ. അന്നു മുതൽ ഇതൊരു ഹൈസ്കൂളായിക്കാണുവാൻ നാം വളരെ ആഗ്രഹിക്കയും അതി ന്നായിട്ടുള്ള കരുനീക്കങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇക്കാര്യ സാദ്ധ്യാർത്ഥം ആദ്യമായി വിദ്യാഭ്യാസ സയറക്ടർ,

റാവുബഹദൂർ സി. മത്തായിയെ സമീപിച്ചു് യാഥാർത്ഥ്യങ്ങളും വിവരിച്ചു പറഞ്ഞു. അദ്ദേഹം വലിയ അനുഭാവം പ്രകടിപ്പിച്ചുവെങ്കിലും ചില നിബന്ധനകളോടുകൂടിയാണു് അനുവദിക്കാമെന്നു സമ്മതിച്ചതു്. അവയാകട്ടെ നമ്മുടെ




ബ. പങ്കരാസിയൂസച്ചൻ സി. എം. ഐ.

സാഹചര്യത്തിന്നൊത്തുങ്ങിയവയായിരുന്നില്ല. അതിനാൽ ഹൈസ്കൂൾ കാര്യം തല്ക്കാലം നിർജ്ജീവമായിക്കിടന്നു. എന്നാൽ 1931-ൽ ശ്രീ. ഐ. എൻ. മേനോൻ വിദ്യാഭ്യാസ ഡയറക്ടറായി ചാർജ്ജെടുത്തു. പുതിയ ഒരു പ്രതീക്ഷാരശ്മി വിദ്യാലയാന്തരീക്ഷത്തിൽ വീണ്ടും പ്രകാശിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ വത്സലപിതാവു് വാത്സല്യപൂവ്വം പരിരക്ഷിച്ചുവന്ന ഈ സ്ഥാപനത്തിന്റെ സുസ്ഥിതിക്കും പുരോഗതിക്കും വേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധനായിക്കാണപ്പെട്ട ശ്രീ. ഐ. എൻ. മേനോൻ.

1932-ൽ പെ. ബ. സെറാഫിയോനച്ചൻ ആ

ശ്രമശ്രേഷ്ഠനായി സ്ഥലത്തെത്തി ചാർജ്ജെടുത്തു. ജാഗ്രതയോടെ ഹൈസ്കൂളാക്കുന്നതിനുള്ള സംരംഭങ്ങൾ വീണ്ടും തുടർന്നു. എന്നാൽ ഇതിനു പ്രതികൂലമായി യത്നിച്ചിരുന്ന ചില പ്രമുഖവ്യക്തികളും രംഗപ്രവേശനം ചെയ്തുകഴിഞ്ഞിരുന്നു. തന്മൂലം ആശിച്ചും ആശയറവു തളർന്നും നാളുകളും മാസങ്ങളും കടത്തി വിടുവാൻ നിർബ്ബന്ധിതയായി സെൻറ് അലോഷ്യസ് സ്കൂൾ. എങ്കിലും ദൈവകാരുണ്യത്താൽ 1933-ൽ ഇതിനെ ഹൈസ്കൂളാക്കുവാൻ ഗവൺമെണ്ടു് ഉത്തരവായി. ഈ ഉത്തരവാകട്ടെ, ഗവർമ്മെണ്ടു് എയ്ഡ് തരികയില്ലെന്നുള്ള നിബന്ധനയോടുകൂടിയായിരുന്നുതാനും. പ്രസ്തുത ആണ്ടിൽ തന്നെ നാലാം ഫാറം തുടങ്ങി. പുതിയ ഉത്തരവു് ഈ സ്ഥാപനത്തിനു ഒരു നവജീവൻ പ്രദാനം ചെയ്തുവെന്നു പറയാം. ബോർഡിംഗ്കുട്ടികളുടെ എണ്ണം ഗണ്യമായ തോതിൽ വർദ്ധിച്ചുവന്നു. 200 കുട്ടികൾക്കാവശ്യമുള്ള ഡെസ്ക്കും ബെഞ്ചും ഉടനെയുണ്ടാക്കുവാൻ അധികൃതർ നിർബ്ബന്ധിതരായിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.



ഹൈസ്കൂൾ തോട്ടം

കളികളിലും സെൻറ് അലോഷ്യസ് ഒട്ടും തന്നെ പിന്നോക്കമായിരുന്നില്ല. ടൂർണ്ണമെൻറുകളിൽനിന്നു് കപ്പുകളും മെഡലുകളും നേടാതെ സെൻറ് അലോഷ്യസ് കുട്ടികൾ പിന്തിരിയാറില്ല. കളികളിലും കായികാഭ്യാസങ്ങളിലും

ഭാരവാഹികൾ കൂട്ടികൾക്ക കൊടുത്തുവന്നിരുന്ന പ്രോത്സാഹനം, നല്ല ശിക്ഷണവും അദ്ധ്യയനവും പോലെത്തന്നെ ക്ലൂട്ടതൽ ക്ലൂട്ടതലായി കൂട്ടികളെ ഏൽത്തുരുത്തിലേക്കാകഷ്ടിക്കുവാൻ തുടങ്ങി.

തുണസഹോദരന്മാരുടെ നവസന്യാസ ഭവനം സ്കൂളിന്റെ തെക്കുവശത്തുള്ള കെട്ടിടത്തിലാണല്ലൊ നടത്തിയിരുന്നതു്. എന്നാൽ അഞ്ചാംഫാറം തുടങ്ങുവാൻ സ്ഥലമില്ലാതെ വന്നപ്പോൾ പ്രസ്തുത കെട്ടിടം സ്കൂളിനു വിട്ടുകൊടുത്തുകൊണ്ടു് പഴയ ആശ്രമക്കെട്ടിടത്തിന്റെ പടിഞ്ഞാറെ അറ്റത്തെ മുറികളിലേക്കു് നവസന്യാസ ഭവനം മാറ്റിയതു് 1934 മെയ് 1-ാം തീയതിയായിരുന്നു.

തലോർ ആശ്രമത്തിന്റെ ആരംഭം 1925-ലാണല്ലൊ. അന്നുമുതൽ പതിമൂന്നു വർഷത്തേയ്ക്കു പ്രസ്തുത സ്ഥാപനത്തിന്റെ കാര്യങ്ങളെല്ലാം ഈ ആശ്രമത്തിൽനിന്നുതന്നെ നടത്തിവന്നതു്. അവസാനം ഒരു വികാരിയുടെ ഭരണത്തിൻകീഴുള്ള ആശ്രമമായി രൂപം പ്രാപിച്ചു്, ഈ ആശ്രമത്തിൽനിന്നും അതു് വേർതിരിക്കപ്പെട്ടതു് 1938 ജനുവരി 9-ാംനു-യത്രെ. ബ. ഏവുസേബിയൂസച്ചനാണു് അതിന്റെ ആദ്യവികാരി.

കൊടുങ്കാറ്റു്:— 1941 മേയ് 26-ാംതീയതി സന്ധ്യയോടുകൂടെ ശക്തിയായി കാറ്റടുവാൻ തുടങ്ങി. എട്ടുമണിയായപ്പോഴേക്കു് അതു് ഭീകരചണ്ഡാനിലനായി പരിണമിച്ചു. പെരുമഴയും. പ്രചണ്ഡമാരുതന്റെ ഘോരാട്ടഹാസത്തിൽ വീടുകൾ ഇടിഞ്ഞു വീഴുന്നതൊ, വൃക്ഷങ്ങൾ കടപുഴങ്ങിയും ഒടിഞ്ഞും വീഴുന്നതോ കേൾക്കാനില്ലായിരുന്നു. കവുങ്ങിൻതോപ്പുകൾ ഒന്നായി നിലംപതിച്ചു. വളരെയേറെ തെങ്ങുകൾ ഒടിഞ്ഞും പൊഴങ്ങിവീണും നശിച്ചു. ബാക്കിയുള്ളവയിന്മേൽ ഇലകളാകട്ടെ കുലകളാകട്ടെ ശേഷിച്ചില്ല. വൃക്ഷങ്ങൾ വഴിനീളെ വീണുകിടന്നിരുന്നതിനാൽ ഗതാഗതം നിലച്ചു. കോഴിക്കോട്ടു മുതൽ ആലുവാ വരെയുള്ള സ്ഥലങ്ങ

ളിലാണ് ഇതിന്റെ ഭയങ്കരത്വം ഏറ്റവുമധികം അനുഭവപ്പെട്ടതു്. 76 മൈൽ വേഗത്തിൽ കാറ്റടിച്ചുവെന്നാണ് പറയപ്പെടുന്നതു്. ഒരു പാക്കപ്പൽ കാറ്റിൽപ്പെട്ടു മറിഞ്ഞു തകർന്നു ചാവക്കാട്ടിനു സമീപത്തുള്ള കടലോരത്തിൽ വന്നടിഞ്ഞു. ഈ കൊടുങ്കാറ്റും പേമാരിയുംമൂലം ഉണ്ടായ കഷ്ടനഷ്ടങ്ങൾ ഊഹാതീതമെന്നു് പറയാനെ തരമുള്ളൂ.

നമ്മുടെ പള്ളിയുടെയും ആശ്രമത്തിന്റെയും സ്കൂളിന്റെയും മറ്റും ഓടുകൾ വളരെയധികം വീണുപോയി. അകത്തു വെള്ളം കയറി നിറഞ്ഞു. പറമ്പിലെ മാവു്, പ്ലാവു്, റബ്ബർ മുതലായവയും പള്ളിനടയ്ക്കിരുവശവുമുണ്ടായിരുന്ന മൂളിവൃക്ഷങ്ങളും മിക്കതും വീണു് പറമ്പു മുഴുവൻ ഒരു കാടായികിടക്കുന്ന കാഴ്ചയാണു് സൂര്യോദയത്തിൽ ദൃശ്യമായതു്. ഇത്ര ഭയങ്കരവും, ഇത്ര ദീർഘിച്ചതും, ഇത്ര വിനാശഹേതുകവുമായ ഒരു കൊടുങ്കാറ്റു് ദർശിക്കയോ അങ്ങിനെ ഒന്നിനെക്കുറിച്ചു കേൾക്കുകയോ ചെയ്തിട്ടില്ലെന്നാണു് അന്നു ജീവിച്ചിരുന്ന വയോവൃദ്ധന്മാരുടെ സാക്ഷി.

1941 മേയ്മാസത്തിൽ ഉണ്ടായതുപോലെ ഒരു പ്രകൃതിക്ഷോഭം- ശക്തമായ കൊടുങ്കാറ്റു്- 1942മേയ്മാസത്തിലുമുണ്ടായി. എന്നാൽ അതത്ര വ്യാപകമോ, ദീർഘിച്ചതോ ആയിരുന്നില്ല. ഈ അവസരത്തിലാണു് പള്ളിനടയിലുള്ള കൽക്കുരിശു് വീണു പൊട്ടിപ്പോയതു്. വേറെ കൽക്കുരിശുണ്ടാക്കി നവമ്പർ മാസത്തിൽ പുനഃസ്ഥാപിച്ചു.

1942 മേയ് 11-ാം തീയതി അഭിവന്ദ്യ വാഴപ്പിള്ളി മെത്രാനച്ചൻ തിരുമേനി കണ്ടശ്ശാങ്കടവു പള്ളിയിലേക്കു് പോകുംവഴി അരിമ്പൂർവെച്ചു് കാർ മറിഞ്ഞതിനാൽ അവിടുത്തേക്കു് ഗുരുതരമായ പരിക്കുകൾ ഏറ്റു. ഉടനെ ബോധം പോയില്ലെങ്കിലും തൃശ്ശൂർ മെത്രാസന അരമനയിലെത്തി നേരം സന്ധ്യയായതോടെ ബോധവും നഷ്ടപ്പെട്ടു. ഡാക്ടർ സി. എൽ. ജോസഫും മറ്റു പല ഡോക്ടർമാരും മാറി മാറി യത്നിച്ചു. യാതൊരു ഗുണവും ഉണ്ടായില്ലെന്നു മാത്രമല്ല, 12-ാംതീയതി കാലത്തു ഏഴു മണിക്കു് ആ വന്ദ്യതിരുമേനി കാലയവനികക്കുള്ളിൽ മറയുകയുംചെയ്തു. R. I. P.

മെത്രാഭിഷേകം.

അഭിവന്ദ്യ ഫ്രാൻസീസു് വാഴപ്പിള്ളി തിരുമേനിയുടെ നിര്യാണത്താൽ സംതപ്തയായ തൃശ്ശൂർ രൂപതയെ ആനന്ദത്തിന്റെ അലയാഴിയിൽ ആറാടിച്ച ഒരു മഹാ സംഭവമാണു് 1944 മേയു് 1-ാം തീയതി നടന്നതു്. ഈ സുദിനത്തിൽ അഭിനവമെത്രാൻ മാർ ജോജ്ജു് ആലപ്പാട്ടു് തിരുമേനിയുടെ മെത്രാഭിഷേകം വ്യാകുലമാതാവിന്റെ പുത്തൻപള്ളിയിൽവെച്ചു് അത്യാഡംബരപൂർവ്വം നടത്തപ്പെട്ടു. തിരുമനസ്സുകൊണ്ടു് അന്നുതന്നെ രൂപതാഭരണം കയ്യേൽക്കുകയും ചെയ്തു. ഈ ശുഭാവസരത്തിന്റെ സ്മാരകമായി ഈ രൂപതയിലുള്ള നാലു് ആശ്രമങ്ങളുംചേർന്നു് തങ്കപ്പണിയോടുകൂടിയ ഒരു വിശേഷ തക്സാ (Missal) തിരുമേനിക്കു് സമർപ്പിക്കയുണ്ടായി. ഇതു് മേയു് 2-ാംതീയതി അരമനയിൽവെച്ചാണു് നടന്നതു്. തദവസരത്തിൽ സഭയുടെ വകയായി ഒരു മംഗളപത്രവും തിരുമനസ്സിലേക്കു് സമർപ്പിച്ചു.

യോഗാർത്ഥിഭവനമാറ്റം:

യോഗാർത്ഥിഭവനം 1914-ൽ ഇവിടെനിന്നും പാവർട്ടിയിലേക്കു് മാറ്റുകയുണ്ടായല്ലൊ. അന്നിവിടെ ഹൈസ്കൂൾ ഇല്ലായിരുന്നു. എന്നാൽ ഇന്നിവിടെ ഹൈസ്കൂൾ ഉള്ളതുകൊണ്ടും പാവർട്ടിയെ അപേക്ഷിച്ചു് ഈ സ്ഥലം കുട്ടികളുടെ ശരീരസുഖത്തിനു കുറേക്കൂടി പറ്റിയതാകകൊണ്ടും 1946 ജൂൺ മാസത്തിൽ യോഗാർത്ഥികളെ വീണ്ടും ഇവിടേയ്ക്കുതന്നെ സ്ഥലം മാറ്റി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയവരെ ലത്തീൻ പഠനത്തിന്നായി തേവര, മാന്നാനം ആശ്രമങ്ങളിലേക്കാണു് വിട്ടുകൊണ്ടിരുന്നതു്. എന്നാൽ 1953-ൽ പ്രോവിൻസു് തിരിഞ്ഞശേഷം ലത്തീൻ പഠനക്കാരെ തലോർ ആശ്രമത്തിലേക്കയച്ചു. ഒരു വർഷം കഴിഞ്ഞു. ഇതിനകം വരന്തരപ്പിള്ളി ആശ്രമം അസ്സിതപ്രാപിച്ചുകഴിഞ്ഞതോടെ അവരെ അവിടേയ്ക്കു് സ്ഥലം മാറ്റി. അന്നുമുതൽ രണ്ടു വർഷത്തെ ലത്തീൻ പഠനവും വരന്തരപ്പിള്ളി ആശ്രമത്തിൽവെച്ചുതന്നെയാണു് നടത്തിവരുന്നതു്.




RT. REV. DR. A. E. MEDLYCOT,

1887 — 1896.



RT. REV. DR. JOHN MENACHERY,


1896—1919.



RT. REV. DR. FRANCIS VAZHAPILLY,

1921 — 1942.

സ്കൂൾകാര്യം:- ഇന്നത്തെ പാഠ്യപദ്ധതിയിൽ താത്പര്യകഭാഗത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കുകയും പ്രായോഗികവശം അവഗണിക്കപ്പെടുകയും ചെയ്യുന്നുവെന്നതു് പൊതുവായ ഒരു പരാതിയാണല്ലൊ. സെൻറ് അലോഷ്യസ് ആരംഭംമുതൽ ഇക്കാര്യത്തിൽ ശ്രദ്ധപതിക്കയും പലതും പ്രവർത്തിക്കയും ചെയ്തുവെന്നു നാം കണ്ടു. എന്നാൽ കാലക്രമത്തിൽ ഒരു ഹൈസ്കൂളിൻെറ നിലയിലേക്കു് അതു്



ഇൻഡസ്ട്രിയൽ സ്കൂൾ.

നീങ്ങി. പാഠ്യപദ്ധതിയിലെ പ്രാവർത്തികവശത്തിൻെറ കുറവു പരിഹരിക്കുവാനുള്ള യത്നമായിരുന്നു 1947 ജൂലൈ മാസത്തിൽ നടന്ന ''ഇൻഡസ്ട്രിയൽ സ്കൂൾ' സ്ഥാപനം. ഇതു് രണ്ടുവർഷം മാത്രമേ ഇവിടെ പ്രവർത്തിച്ചുള്ളുവെങ്കിലും ഈ സംരംഭം ഒരു പാഴ്വേലയായില്ല. കാരണം ഇതു കുന്നംകുളത്തേയ്ക്കു മാറുവാനും അവിടെ ഒരു വലിയ സ്ഥാപനമായി വികസിക്കുവാനും ഇടവന്നു. ഇന്നും അതവിടെ പ്രശസ്ത സേവനം അനുഷ്ഠിച്ചുകൊണ്ടാണു് വരുന്നതു്.

പ്രൈമറിക്ലാസ്സുകളിലെ പെൺകുട്ടികൾ:- ആശ്രമംവക സ്കൂളുകളിൽ സാധാരണ പെൺകുട്ടികളെ ചേർക്കാറില്ല. ഇവിടെയും ആ പാരമ്പര്യം പുലർത്തിക്കൊണ്ടാണിരുന്നതു്. എന്നാൽ അടുത്തെങ്ങും വേറെ പ്രൈമറി

സ്ഥലം ഇല്ലാതിരുന്നതുകൊണ്ടു് കൊച്ചുപെൺകുട്ടികൾക്കു സ്കൂളിൽ പോകുവാൻ നിവൃത്തിയില്ലാതായി. രണ്ടോ മൂന്നോ നാഴിക നടന്നു സ്കൂളിൽ പോയി പഠിക്കുക അഞ്ചോ ആറൊ മാത്രം വയസ്സുപ്രായമുള്ള കുട്ടികൾക്കു സാദ്ധ്യമല്ലല്ലൊ. അതിനാൽ അവർ ഒരു സ്കൂളിലും പോകാതെ കഴിക്കുവാൻ നിർബ്ബന്ധിതരായി. ഈ ദുരവസ്ഥക്കു അന്തംവരുത്തുവാൻ ഇവിടെയുള്ള പ്രൈമറി സ്കൂളിൽ പെൺകുട്ടികളെ ചേർക്കണമെന്നു് ഇദ്ദേശക്കാർ പലപ്പോഴും അപേക്ഷിച്ചുവന്നു. സാഹചര്യങ്ങൾ പരിചിന്തനം ചെയ്തു അങ്ങനെ ചെയ്യുന്നതിനു പെ. ബ. ജനറാളച്ചൻ അനുമതിയും നൽകി വിദ്യാഭ്യാസവകുപ്പിൽനിന്നു് അനുവാദവും വാങ്ങിച്ചു് 1950-'51-ൽ കുട്ടികളെ ചേർക്കുവാൻ തുടങ്ങി. എന്നാൽ പ്രതിക്കൂലികളുടെ വാക്കു് വിശ്വസിച്ചു തക്ക അന്വേഷണം നടത്താതെ ഗവർമ്മെണ്ടധികൃതർ ഓർഡർ പിൻ വലിച്ചതിനാൽ വലിയ വിഷമത്തിന്നിടയായി. കല്പനപ്രകാരം ചേർത്ത കുട്ടികളുടെ പഠനം തുടർന്നു നടത്തുന്നതിനുള്ള അനുമതിക്കായിത്തന്നെ വളരെ ക്ലേശിക്കേണ്ടിവന്നു. രക്ഷകർത്താക്കന്മാർ വിട്ടുകൊടുത്തില്ല. അവരുടെ അവകാശങ്ങൾക്കായി അവർ വാദിച്ചു. അവസാനം 1954-'55-ൽ ഗവർമ്മെണ്ടിൽനിന്നും കല്പനയുണ്ടായി ഇവിടത്തെ പ്രൈമറിക്ലാസ്സുകളിൽ പെൺകുട്ടികളെ ചേർത്തു പഠിപ്പിക്കുവാൻ.

പ്രധാന അദ്ധ്യാപകന്മാർ:— സ്കൂളിന്റെ അതിപ്രധാനമായ ഒരു ഘടകമാണല്ലൊ പ്രധാന അദ്ധ്യാപകൻ. വിദ്യാലയത്തിന്റെ ഉയർച്ചയും താഴ്ചയും അദ്ദേഹത്തെ ആശ്രയിച്ചിരിക്കുന്നു എന്നു വേണം പറയുവാൻ. എന്നാൽ ഒന്നോ രണ്ടോ വർഷംകൊണ്ടു് ചില പദ്ധതികൾ ആസൂത്രണം ചെയ്യാമെന്നല്ലാതെ സ്കൂളിനു വേണ്ടി കാര്യമായി ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞുവെന്നുവരികയില്ല. അതിനു കൂടുതൽ കാലാവധിവേണം. ഇങ്ങനെ നോക്കുമ്പോൾ ശ്രീ. സി. എൽ. ജോസഫാണു് ആദ്യമായി പ്രധാന അദ്ധ്യാപകൻ എന്ന നിലയിൽ ഈ സ്കൂളിനു് ഒരു രൂപം കൊടുത്തിട്ടുള്ളതു്. അദ്ദേഹം ഇവിടെ 40 വർഷം അദ്ധ്യാപകനായിരുന്നു. ഇതിൽ ഇരുപത്തും അതായതു് 1907 മുതൽ 1927 വരെ

പ്രധാന അദ്ധ്യാപകൻ എന്ന നിലയിലാണ് സേവനം അനുഷ്ഠിച്ചിട്ടുള്ളത്. ക. നി. മൂ. സ. ബ. പങ്കരാസീസച്ചൻ 1927—ൽ പ്രധാന അദ്ധ്യാപകനായപ്പോൾ ഇത് ഒരു ലോവർ സെക്കണ്ടറിസ്കൂൾമാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇത് ഒരു ഹൈസ്കൂളായി ഉയർന്നു. ഇൻറസ് റ്റ്റിയൽ സ്കൂൾ അനുബന്ധമായി സ്ഥാപിച്ചു. അദ്ദേഹത്തിന്റെ മുൻഗാമിയെപ്പോലെത്തന്നെ 20 വർഷം സേവനം അനുഷ്ഠിച്ചശേഷമാണ് 1947—ൽ ബ. ഡൊരെത്തേവൂസച്ചനെ ചാർജ്ജേല്പിച്ചത്. 1953—ൽ പെ. ബ. ഡൊരെത്തേവൂസച്ചൻ ഹെഡ്നിത്തോരായി സ്ഥലം വിട്ടപ്പോൾ ബ. ലാസറച്ചൻ സ്കൂൾഭരണം കയ്യേറ്റു. മൂന്നുവർഷത്തിനുശേഷം അദ്ദേഹം പ്രായംനിമിത്തം സ്കൂൾജോലിയിൽനിന്നും വിരമിക്കേണ്ടിവന്നു. ഇന്നു ബ. സാംസൺ അച്ചൻ സി.എം.ഐ. പ്രധാന അദ്ധ്യാപകനായി സ്കൂൾഭരണം നടത്തി വരുന്നു.

ഫ്രൻസിസ്കൻ മൂന്നാംസഭ (1947—1957)

അൽമായരുടെ ജീവിതരീതി അവലംബിച്ചുകൊണ്ട് ത്യാഗത്തിന്റെയും മിതവ്യയത്തിന്റെയും ആത്മീയോദ്ധാരണത്തിന്റെയും ചൈതന്യം ലോകത്തിൽ പ്രചരിപ്പിക്കുവാൻ തക്ക മാർഗ്ഗമെന്തെന്നു അസ്സീസിയിലെ യോഗീശ്വരൻ ഉറച്ചിന്തിച്ചു. ദിവ്യവെളിവിന്നായി വളരെയധികം പ്രാർത്ഥിച്ചു. പ്രായശ്ചിത്തങ്ങളും അനുഷ്ഠിച്ചു. അകത്തോലിക്കർക്കും അൽമായരുമായിട്ടാണല്ലൊ ഇടപെടുവാൻ കൂടുതൽ അവസരമുള്ളത്. ആകയാൽ അൽമായരുടെ നീതിബോധവും, സത്യസന്ധതയും, ഔദാര്യമനസ്ഥിതിയും, സന്മാർഗ്ഗികനടപകളുംകണ്ടു ഇതരർ കത്തോലിക്കാസ്സഭയെക്കുറിച്ചു വിധിയെഴുതുന്നു. ഈ യാഥാർത്ഥ്യം ഫ്രാൻസീസ് ശരിക്കും മനസ്സിലാക്കി, ചന്തസ്ഥലങ്ങളിലും, പൊതുനിരത്തുകളിലും, രാജകൊട്ടാരങ്ങളിലുംനിന്നു ഒരു സന്യാസസമൂഹത്തെ കെട്ടിപ്പടുത്തു. ഇതാണ് ഫ്രൻസിസ്കൻ മൂന്നാംസഭ.

താഴ്ശ പ്രസ്ഥാനം നാടിന്റെ ആദ്ധ്യാത്മിക മണ്ഡലം ഉയർത്തുന്നതിനു വളരെ പ്രയോജകീഭവിക്കും

എന്ന ചിന്തയാണ് പ്രസ്തുത മൂന്നാംസഭ ഇവിടെ സമാരംഭിക്കുവാൻ കാരണം. ഈ ആശയം പല അത്മായർക്കും ഹൃദ്യമായിതോന്നി. അതിന്റെ അംഗത്വം യാചിച്ചുകൊണ്ട് പലരും മുന്നോട്ടുവന്നു. 1947 ഫെബ്രുരി 2-ാംതീയതിയാണ് ഈ സംഘടന ഔദ്യോഗികമായി ഇവിടെ സ്ഥാപിതമായതു്. അതിവിടെ പ്രവർത്തിച്ച കാലമത്രയും പ്രതിമാസ ധ്യാനവും മറ്റു സഭാനിർദ്ദേശങ്ങളും സാമാന്യം നന്നായിത്തന്നെയാണ് നടത്തിവന്നതു്. എന്നാൽ ഈ ആശ്രമത്തിൽനിന്നു് വളരെ ദൂരമല്ലാത്ത തൃശ്ശൂരിന്നടുത്തുള്ള പൂത്തോൾ എന്ന സ്ഥലത്തു് ഒരു കുഷ്ഠച്ചിൻ ആശ്രമം രൂപം പ്രാപിച്ചപ്പോൾ ഈ പ്രസ്ഥാനം അവിടേയ്ക്കു മാറ്റുന്നതു് ഇതിന്റെ അഭിവൃദ്ധിക്കു കൂടുതൽ ഉപകരിക്കുമെന്നു തോന്നി. തൻമൂലം 1957-ൽ ഇതു് പൂത്തോളിലേക്കു് മാറ്റി സ്ഥാപിച്ചു.

തിരുഉത്തരീയത്തിന്റെ ഏഴാം ശതാബ്ദ ജൂബിലി.

ഈ ജൂബിലി പ്രമാണിച്ചു് ഈ ആശ്രമത്തിൽനിന്നു് 23 പള്ളികളിൽ പ്രസംഗം നടത്തുകയും 1860 പേരെ ഉത്തരീയ സഭയിൽ ചേർക്കുകയും 4046ഉത്തരീയവും 11408 ഉത്തരീയ കാശ്ശുരുപവും വിതരണം ചെയ്യുകയുണ്ടായി. ഈ കാര്യത്തിൽ ഇടവക വികാരിമാരുടെ ഉള്ളഴിഞ്ഞ സഹകരണവും ജനങ്ങളുടെ പ്രത്യേക താല്പര്യവും സർവ്വത്ര പ്രത്യക്ഷപ്പെട്ടിരുന്നുവെന്നതു് നമ്മുടെ ജനങ്ങൾക്കു മൈവജനനിയോടുള്ള ഭക്തിയുടെ ഉത്തമലക്ഷ്യംതന്നെ. ഈ ആശ്രമത്തിൽ ഈ ജൂബിലി ആഡംബരപൂർവ്വം ഘോഷിക്കപ്പെട്ടു.

ഏൽത്തുരുത്ത് ആശ്രമത്തിന്റെ വേറൊരു സന്താനം— പുല്ലൂർ സ്ഥാപനം (1952)

ഇരിങ്ങാലക്കുടക്കാർ തങ്ങളുടെ ആദ്ധ്യാത്മികമണ്ഡലം ഉയർത്തുവാൻ ഒരു ആശ്രമത്തിന്റെ സാന്നിദ്ധ്യം ഉപകരിക്കുമെന്ന പ്രതീക്ഷയോടെ സമീപസ്ഥലത്തു് ഒരാശ്രമം ഉണ്ടായിക്കാണുവാൻ യത്നിച്ചുവന്നു. 16539ക. പല മാന്യ

ന്മാരിൽനിന്നുമായി പിരിഞ്ഞുകിട്ടി. ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നു് ഉദ്ദേശം 2മൈൽ കിഴക്കു്, കല്ലേറ്റുംകര റോഡിനു് സമീപം പുല്ലൂർ എന്ന സ്ഥലത്തു് ഉദ്ദേശം 7 ഏക്കർ ഭൂമിയും 500ക. യും ദാനമായി തരാമെന്നും, അവിടെ ഒരാശ്രമം സ്ഥാപിച്ചുതരണമെന്നും അപേക്ഷിച്ചുകൊണ്ടു് അവർ പെ. ബ. ജനറാളച്ചനെ സമീപിച്ചു. സ്ഥലം ചെന്നുകണ്ടു് അനേഷിച്ചു് റിപ്പോർട്ടു് ചെയ്യുവാൻ ഈ ആശ്രമശ്രേഷ്ഠൻ പെ. ബ. ജോസെഫാത്തച്ചനേയും ആലുവാ ആശ്രമശ്രേഷ്ഠൻ പെ. ബ. ക്ലെമൻസച്ചനേയും ചുമതലപ്പെടുത്തി. 1951 ഡിസംബർ 7-ാംതീയതി അവർ സ്ഥലത്തുചെന്നു് അനേഷണം നടത്തി. 18-ാംതീയതി പൊതുശ്രേഷ്ഠസംഘം പുല്ലൂർ സ്ഥാപനക്കാര്യം ഈ ആശ്രമത്തിലെ പ്രിയോരച്ചനെ ഭരമേല്പിച്ചു. അടുത്ത 20-ാംതീയതി ഈ സ്ഥാപനത്തിനുവേണ്ട അനുവാദങ്ങളും അഭിവന്ദ്യ മെത്രാനച്ചനോടഭ്യർത്ഥിക്കുകയും തിരുമനസ്സുകൊണ്ടു് സന്തോഷപൂർവ്വം അനുമതി നൽകുകയും ചെയ്തു.

ദാനക്കാർ 16,539ക. യും ഈ ആശ്രമത്തിലെ പെ. ബ. പ്രിയോരച്ചനെ ഏല്പിച്ചു. അദ്ദേഹം വസ്തുടമസ്ഥൻ പൊയ്യയിൽ അമ്പൂക്കൻ ഇട്ടപ്പു് എന്നാളാക്കു് 11000ക. കൊടുത്തു വസ്തു തീറുവാങ്ങി. ഇതു് 1952 ജനുവരി 11-ാംതീയതിയത്രെ. അനന്തരം ഒരേക്രയിലധികം വരുന്ന ഭൂമി നങ്ങിണി മാത്തു എന്നാളിൽനിന്നും 1300ക. യ്ക്കും, ഏറെത്താമസിയാതെ രണ്ടേമുക്കാൽ ഏക്കർ വരുന്ന ഭൂമി വടക്കുംചേരി പൊട്ടയ്ക്കൽ കൊച്ചുവറിയ്തു, കുഞ്ഞുവറിയ്തു് എന്നിവരിൽനിന്നും 2000ക. യ്ക്കും വാങ്ങി ആദ്യം വാങ്ങിയ വസ്തുവിനോടു് ചേർത്തു.

പെ. ബ. പ്രിയോരച്ചന്റെ നിർദ്ദേശപ്രകാരം ബ. ജോൺജോസെഫച്ചനും സ്റ്റാറിയാ സഹോദരനുമാണു് ഈ സ്ഥാപനത്തിനു് അത്യാവശ്യം വേണ്ട കെട്ടിടങ്ങളും ഉണ്ടാക്കുന്നതിനു് അക്ഷീണം യത്നിച്ചിട്ടുള്ളതു്. താല്ക്കാലിക കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1952 ജൂൺ 9-ാംതീയതി ഏൽത്തുരുത്തു് പെ. ബ. പ്രിയോരച്ചൻ നിവൃഹിച്ചു.

കെട്ടിടത്തിന്റെയും കപ്പേളയുടെയും പണി കഴിവതും വേഗത്തിൽ നടത്തി 1952 സെപ്റ്റംബർ 21-ാം തീയതി ഞായറാഴ്ച വെഞ്ചരിപ്പുകർമ്മവും നടത്തി.

വെഞ്ചരിപ്പ്: രാവിലെ 7—15ന് തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട് സ്ഥലത്തെത്തി. ഏൽത്തുരുത്ത് ആശ്രമശ്രേഷ്ഠൻ തിരുമേനിയെ ഹാരമണിയിച്ച് സ്വീകരിക്കുകയും ചെയ്തു. ഇരിങ്ങാലക്കുടനിന്നും വരുന്നവരുടെ സൗകര്യം പ്രമാണിച്ച് സ്പെഷ്യൽ ബസ്സുകൾ ഏർപ്പാടുചെയ്തിരുന്നു. അതികാലത്തുതന്നെ സാമാന്യം നല്ല ഒരു ജനക്കൂട്ടം സ്ഥലത്തെത്തിച്ചേർന്നു. വി. ഫ്രാൻസീസ് സേവിയറിന്റെ നാമമാണ് ഈ സ്ഥാപനത്തിനു നൽകിയതു്. വെഞ്ചരിപ്പു കഴിഞ്ഞു ഉടനെത്തന്നെ ദിവ്യപൂജ ആരംഭിച്ചു. സുവിശേഷത്തിനുശേഷം നടത്തിയ പ്രഭാഷണത്തിൽ, മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് അഭിനവമായി തുടങ്ങിയിരിക്കുന്ന ഈ സ്ഥാപനം നാട്ടുകാരുടെ ആത്മീകവും സാമൂഹ്യവുമായ അഭ്യുന്നതിക്കു കാരണമാകട്ടെയെന്നു പ്രാർത്ഥിക്കുകയും, ഈ അനുഗ്രഹത്തിനായി ദൈവത്തിനു നന്ദിപറയുകയും, അതിനെ വേണ്ടവിധം പ്രയോജനപ്പെടുത്തണമെന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുകയുംചെയ്തു. കുഞ്ഞാനയും കുഞ്ഞാനയുടെ ആശീർവ്വാദവും കഴിഞ്ഞു് ഇരിങ്ങാലക്കുട പടിഞ്ഞാറെ പള്ളി വികാരി പെ. ബ. ചിറമൽ ജോർജ്ജ് അച്ചൻ പുതിയ സ്ഥാപനത്തിനു ഭാവിഭാവുകങ്ങൾ നേർന്നുകൊണ്ട് ഒരു പ്രസംഗം പറഞ്ഞു. പെ. ബ. ജനറാളച്ചനും മറ്റു പല വൈദികരും ഈ ചടങ്ങിൽ ഭാഗഭാക്കുകളായി. ഉച്ചയ്ക്ക് 500-ൽപരം ആളുകൾക്ക് അന്നദാനം നടത്തി.

ഈ സ്ഥാപനത്തിന്റെ കാര്യങ്ങളെല്ലാം ആരംഭംമുതൽ ഏൽത്തുരുത്ത് ആശ്രമത്തിൽനിന്നുതന്നെയാണ് നിർവ്വഹിച്ചിരുന്നതു്. രണ്ടു വൈദികരും ഒരു സഹോദരനും അവിടെ താമസിച്ച് ജനങ്ങളുടെ ആത്മീകാവശ്യങ്ങൾ നിർവ്വഹിക്കയും, ഈ സ്ഥാപനത്തിന്റെ കാര്യങ്ങൾ അന്വേഷിക്കയും ചെയ്തിരുന്നു. പെ. ബ. പ്രിയോരച്ചനും ചിലപ്പോഴെല്ലാം

അവിടെപോയി വേണ്ടുന്നവയെല്ലാം നടത്തിക്കൊടുക്കും. ഈ സന്ദർഭത്തിലാണ് ഇരിങ്ങാലക്കുട കോളെജ് കാര്യം ഉയർന്നുവന്നതു്. ഈ രണ്ടു സ്ഥാപനങ്ങളും പ്രവിശ്യാ ശ്രേഷ്ഠന്റെ ഭരണത്തിൻകീഴാകുന്നതു കൂടുതൽ നന്നായിരിക്കും എന്നു് ഒരഭിപ്രായം ഉണ്ടായി. അതിനാലാണു് പല്ലൂർ സ്ഥാപനം ഈ ആശ്രമത്തിൽനിന്നു വിടർത്തി പ്രവിശ്യാ ശ്രേഷ്ഠസംഘത്തിൻകീഴാക്കിയതു്.

ദേവമാതാ പ്രവിശ്യ.

കഴിയുന്നിടത്തോളം സഭ വിഭജിക്കപ്പെടാതെ ഒന്നായി നില്ക്കണമെന്നാണു് റോമാ സിംഹാസനത്തിന്റെ ആഗ്രഹം. ഇതിനാലാണു് കേരളസുറിയാനി സഭ രണ്ടു വികാരിയാത്തുകളായി വിഭജിക്കപ്പെട്ടപ്പോൾ, കർമ്മെൽസ്സഭ ഒന്നായിത്തന്നെ നില്ക്കുവാൻ ഒരു ഡലിഗറേ അപ്പസ്തോലിക്കയുടെ കീഴിലാക്കിയതു്. എന്നാൽ കൂടുതൽ നന്മയെ ഉദ്ദേശിച്ചു വിഭജനം നടത്തുവാനും അവർ വൈമനസ്യം കാണിക്കാറില്ല. ഒന്നായി നിന്നിരുന്ന കേരളസഭയെ പല വിഭാഗങ്ങളായി പങ്കിട്ടു് പല ഭരണകർത്താക്കളെ ഏല്പിച്ചതിൽനിന്നു് ഇതു സ്പഷ്ടമാണല്ലൊ. തിരുസിംഹാസനത്തിന്റെ ഈ നയവിശേഷം കർമ്മെൽസഭയെ പ്രവിശ്യകളായി വിഭജിച്ചു് ഏക ജനറാളിന്റെ കീഴാക്കിയതിൽ തെളിഞ്ഞു കാണാവുന്നതാണു്.

1951-ൽ വിജയപുരം മെത്രാനായിരുന്ന ഡാക്ടർ അരാഞ്ഞാ തിരുമേനി വിസിറേറായി നിയമിക്കപ്പെട്ടു. അന്നു് ആലുവാ ആശ്രമശ്രേഷ്ഠനായിരുന്ന പെ. ബ. ക്ലെമൻസച്ചനെയാണു് തിരുമേനി സിക്രട്ടറിയായി സ്വീകരിച്ചതു് ആശ്രമങ്ങളെല്ലാം സന്ദർശിക്കയും, ആളിലും സ്ഥാപനങ്ങളിലും വിപുലമായിത്തീർന്നിരുന്ന ഈ സഭയെ, മറ്റു സഭകളെപ്പോലെ പ്രവിശ്യകളായി തിരിക്കുന്ന കാര്യത്തെപ്പറ്റി ഗൌരവമായി ചിന്തിക്കയും ചെയ്തു. വിസിറേറുടെ റിപ്പോർട്ടു് തിരുസംഘത്തിനു ലഭിച്ചു. താമസംകൂടാതെ സഭയെ മൂന്നു പ്രവിശ്യകളായി തിരിക്കുകയും അതു നട

പ്പിൽ വരുത്തുന്നതിനു പൊതുശ്രേഷ്ഠസംഘത്തെ അധികാരപ്പെടുത്തുകയും ചെയ്തു.

ആജ്ഞാനുസരണം പൊതുസംഘം 1953 ഫെബ്രുവരി 24-ാം തീയതി മാന്നാനത്തു സമ്മേളിച്ചു. അതിൽവെച്ച് പുതിയ ജനറാളും ദേഹ്നിത്തോരന്മാരും തിരഞ്ഞെടുക്കപ്പെട്ടു. മാർച്ച് 2-ാം തീയതി മാന്നാനത്തുവെച്ചുതന്നെ നടന്ന ചരിത്രപ്രധാനമായ പൊ. ശ്രേ. സംഘം സഭയെ മൂന്നു പ്രവിശ്യകളായി വിഭജിക്കുകയും ഓരോന്നിന്റെയും ഭരണകർത്താക്കളെയും ആലോചനക്കാരെയും നിയമിക്കയും ചെയ്തു. 1) വി. യൗസേപ്പിന്റെ ദക്ഷിണപ്രവിശ്യാ-പ്രവിശ്യാശ്രേഷ്ഠൻ. പെ. ബ. ദാനിയേലച്ചൻ-ആലോചനക്കാർ ബ. വിലും അച്ചനും ബ. റൊമെയോതോമാസച്ചനും. 2) തിരുഹൃദയത്തിന്റെ മദ്ധ്യപ്രവിശ്യാ- പ്രവിശ്യാശ്രേഷ്ഠൻ പെ. ബ. യോഹന്നാൻ ബർക്കുമൻസച്ചൻ— ആലോചനക്കാർ ബ. അർസേനിയൂസച്ചനും ബ. പത്രോസു് തോമ്മാ അച്ചനും. 3) ദേവമാതാവിന്റെ ഉത്തരപ്രവിശ്യാ-പ്രവിശ്യാശ്രേഷ്ഠൻ. പെ. ബ. ക്ലെമൻസച്ചൻ— ആലോചനക്കാർ ബ. ജരാർദച്ചനും, ബ. ദീസ്മാസച്ചനും.

തല്ലൂലം ഏൽത്തുരുത്തു് ആശ്രമത്തെയാണു് ദേവമാതാപ്രവിശ്യയുടെ ആസ്ഥാനമായി നിശ്ചയിച്ചതു്. വിഭജനത്തിനുശേഷം ആദ്യമായി ഈ ആശ്രമത്തിന്റെ ശ്രേഷ്ഠസ്ഥാനം അലങ്കരിച്ചതു് പെ. ബ. ജോഷ്വാ അച്ചനത്രെ.

ദേവമാതാപ്രവിശ്യാ ഉൽഘാടനം—

1953 മാർച്ച് 25.

—മംഗളവാർത്തത്തിരുനാൾ ദിനം.—

കേരള കർമ്മെലീത്താസഭ മൂന്നു പ്രവശ്യകളായി വിഭജിക്കപ്പെട്ടപ്പോൾ ഉത്തരപ്രവിശ്യയായി ജന്മമെടുത്ത ദേവമാതാപ്രവിശ്യാഭവനം തല്ലൂലത്തേക്കു് ഏൽത്തുരുത്തു്

ആശ്രമമാക്കിയെന്ന നാം കണ്ടു. മറ്റു പ്രവശ്യകളുടേതെന്ന പോലെ ഇതിന്റെയും ജന്മദിനം അവിസ്മരണീയമാക്കേണ്ടതു് ആവശ്യമായിരുന്നുവല്ലൊ. ആകയാൽ വേണ്ടതായ സജ്ജീകരണങ്ങളെല്ലാംചെയ്തു് പ. ക. മറിയത്തിന്റെ മംഗളവാർത്തത്തിരുനാൾദിനമായ മാർച്ചു് 25-ാംതീയതി ഉൽഘാടനചടങ്ങുകൾ നടത്തുവാൻ തീർച്ചയാക്കി. അതിനായി 24-ാംതീയതിതന്നെ ദക്ഷിണ-മദ്ധ്യപ്രവിശ്യകളുടെ ശ്രേഷ്ഠന്മാരും, മൂന്നു പ്രവശ്യകളിൽനിന്നും വളരെയേറെ അച്ചന്മാരും സഹോദരന്മാരും പ്രവിശ്യാ ഉൽഘാടനം പ്രമാണിച്ചു് ഇവിടെ എത്തിയിരുന്നു. മരിയാകീർത്തനം (''ശ്ലാംലേകു'') കഴിഞ്ഞു് ഒരു മണിക്കൂർ വി. കുർബ്ബാനയുടെ പരസ്യാരാധന നടത്തി, പ്രവിശ്യായുടെ ക്ഷേമത്തിന്നായി പ്രാർത്ഥിച്ചു.

25-ാംതീയതി കാലത്തു് സ്ഥാപസ്സുകുർബ്ബാന ചൊടി. വി. കുബ്ബാനയുടെ ആശീർവ്വാദത്തിനിടക്കു് ''താലാഹ്ഹൂഹാ'' എന്ന സ്തോത്രഗീതം ആലപിക്കയുണ്ടായി. ഉൽഘാടനാഘോഷത്തിൽ ഭാഗഭാക്കുകളാകുവാൻ അഭിവന്ദ്യമാർ ജോഅജ്ജു് ആലപ്പാട്ടു് തിരുമേനിയും 17 ഇടവക വൈദികരും ക്ഷണാനുസരണം വന്നിരുന്നു. എല്ലാവരും ആശ്രമഹോളിൽകൂടി ഈശോയുടെ തിരുഹൃദയത്തിന്റെയും മാതാവിന്റെയും പ്രതിഷ്ഠകൾ നവീകരിച്ചു. അനന്തരം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് മാർപ്പാപ്പായ്ക്കുടുത്ത ആശീർവ്വാദവും നൽകി. ഉച്ചഭക്ഷണനേരത്തു് അനുമോദനപ്രസംഗങ്ങൾ ഉണ്ടായിരുന്നു. ഈ അവസരത്തിലാണു് വാഴപ്പിള്ളി ബ. സക്കറിയാസച്ചൻ തൃശ്ശൂരിൽ ഒരാശ്രമമുണ്ടാകേണ്ടതായ ആവശ്യവും മറ്റും ചൂണ്ടിക്കാണിച്ചതു്. കരു ലഘുപ്രസംഗപരമ്പരാ പെ. ബ. പ്രൊവിൻഷ്യാളച്ചൻ എല്ലാവരോടും നന്ദിപറഞ്ഞു. മെത്രാനച്ചൻ തിരുമനസ്സിലെ പ്രസംഗത്തിൽ പുതുതായി ജന്മമെടുത്തിരിക്കുന്ന പ്രവിശ്യായ്ക്കു എല്ലാവിധ ഒത്താശകളും വാഗ്ദാനം ചെയ്തതും തൃശ്ശൂരിൽ ഒരാശ്രമം ഉണ്ടാകുന്നതിനു് മുമ്പോ അതിനുശേഷമോ കൊടുങ്ങല്ലൂരിൽ ഒരാശ്രമമുണ്ടായിക്കാണുവാനുള്ള ആഗ്രഹം പ്രകാശിപ്പിക്കുകയും ചെയ്തു.

കർദ്ദിനാളിന്നു് സ്വീകരണം

1953 ഡിസംബർ 5.

കർദ്ദിനാൾ സംഘത്തിന്റെ ശ്രേഷ്ഠനും കിഴക്കൻ റീത്തുകളുടെ അദ്ധ്യക്ഷനുമായിരുന്ന അത്യുന്നത കർദ്ദിനാൾ എവുജിൻ ടിസറൻറ് തിരുമേനിയുടെ നാമശ്രവണമാത്രയിൽ കേരളീയ സുറിയാനി കത്തോലിക്കരുടെ ഹൃദയങ്ങൾ കൃതജ്ഞതയാൽ തുടിക്കും, നയനങ്ങൾ സ്നേഹാശ്രുപൂർണ്ണങ്ങളാകും. അത്രയും നിസ്തുലസേവനങ്ങളാണു്, ഉദാരമായ സഹായങ്ങളാണു് കിഴക്കൻ റീത്തുകളുടെ അദ്ധ്യക്ഷനെന്ന നിലയിൽ കിഴക്കൻ റീത്തുകാർക്കു പൊതുവേയും, കേരളസുറിയാനി കത്തോലിക്കർക്കു പ്രത്യേകിച്ചും തിരുമേനി ചെയ്തിട്ടുള്ളതു്. അവിടുത്തേക്കു് നമ്മോടുള്ള സ്നേഹാർദ്രതയുടെ ഒരു ബാഹ്യപ്രകടനം മാത്രമാണു് നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങളിൽ ഒരു ഗണ്യമായ ഭാഗം നമുക്കു് നൽകാമെന്നു് വെച്ചതും, ദീർഘപ്രയാണംചെയ്തു് നമ്മുടെ പക്കൽ വന്നു, സപകരങ്ങളാൽതന്നെ തൽസ്ഥാനത്തു അതു നിക്ഷേപിക്കാൻ തിരുമേനിയെ പ്രേരിപ്പിച്ചതും. ഈ സന്ദർഭം പ്രമാണിച്ചു് കേരളത്തിൽ വന്നിരിക്കയിൽ തിരുമനസ്സുകൊണ്ടു് എൽത്തുരുത്തു് ആശ്രമം സന്ദർശിക്കുകയുണ്ടായി. ഇതു് 1953 ഡിസംബർ 5-ാംതീയതിയാണു്.

അത്യുന്നത തിരുമേനിയെ സ്വീകരിക്കുവാൻ വടക്കെ പടിമുതൽ പള്ളിവരെ കുലവാഴ, തോരണങ്ങൾ മുതലായവയാൽ കെങ്കേമമായി അലങ്കരിച്ചു. ജനറാളച്ചൻ, സഭാശ്രേഷ്ഠന്മാർ, വൈദികർ മുതലായി അനേകർ മുമ്പുതന്നെ സ്ഥലത്തെത്തിയിരുന്നു. ഉച്ചക്കുശേഷം 6-30 നു് കർദ്ദിനാൾ ടിസറൻറ്, മാർ ജോജ്ജു് ആലപ്പാട്ടു് തിരുമേനിയോടും ഗ്രണ്ടൂർ മെത്രാനച്ചനവർകളോടുംകൂടെ കാവമാർഗ്ഗം ആശ്രമഗേററിങ്കലെത്തി. അവിടെവെച്ചു് കാറിൽനിന്നിറങ്ങി മന്ദംമന്ദം നടന്നാണു് ആശ്രമക്കപ്പേളയിൽ പ്രവേശിച്ചതു്. പെ. ബ. പ്രൊവിൻഷ്യാളച്ചൻ സഭാനിയമപ്രകാരം പള്ളിവാതുക്കൽവെച്ചു് അഭിവന്ദ്യ തിരുമേനിയെ സ്വീക

രിച്ചു. ആശ്രമഹാളിൽവെച്ച് പ്രൊവിൻഷ്യാളച്ചന്റെ അനുമോദനപ്രസംഗവും കുട്ടികളുടെ ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി എന്നീ ഭാഷകളിലുള്ള പ്രസംഗങ്ങളുമുണ്ടായി. മറുപടി പ്രസംഗത്തിൽ കർത്തിനാൾ തിരുമേനി പറഞ്ഞു: "ദൈവവിളിക്കു ഏറ്റവും പ്രേരണ നൽകുന്നതു് സന്മാതൃകയാണു്. സഭാംഗങ്ങൾ സന്മാതൃക കാണിക്കുന്നില്ലെങ്കിൽ സന്യാസസഭാപ്രവേശനം ആകർഷണീയമായിരിക്കയില്ല." ഡിന്നർ കഴിഞ്ഞു് മറ്റു തിരുമേനിമാരൊന്നിച്ചു് അഭിവന്ദ്യ കർത്തിനാൾ തിരുമേനി തൃശ്ശൂർ മെത്രാസന അരമനയിലേയ്ക്കു് തിരിച്ചുപോയി.

കൊടുങ്ങല്ലൂർ തീർത്ഥാലയം

1953 ഡിസംബർ 6.

കൊടുങ്ങല്ലൂർ എന്നു കേട്ടാലുടനെ നമ്മുടെ ഭാവനചിറകടിച്ചു പറക്കുകയായി, കടന്നുപോയ 19 നൂറ്റാണ്ടുകൾക്കപ്പുറത്തേയ്ക്കു്. ലോകഗുരുവിന്റെ ശിഷ്യമുഖ്യർ പരിശുദ്ധാത്മാവിയാൽ നിറഞ്ഞു്, ഭക്തി തീക്ഷ്ണതയാൽ എരിഞ്ഞു്, തുടിക്കുന്ന ഹൃദയത്തോടും ജ്വലിക്കുന്ന നേത്രങ്ങളോടുംകൂടി പ്രത്യക്ഷപ്പെടുന്നു. അവരിലൊരാളായ മാർത്തോമ്മ, മിശിഹായുടെ ആത്മദാഹം ശമിപ്പിക്കുവാൻ, ആയിരങ്ങളെയും പതിനായിരങ്ങളെയും ക്രൂശിതന്റെ തൃച്ചേവടികളിലേയ്ക്കു് ആനയിക്കുവാൻ വെമ്പൽകൊണ്ടു് ക്രിസ്തുവർഷം 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ രംഗം! ഭാരതത്തിലും വിശിഷ്യാ കേരളത്തിലുംചെയ്ത ശ്ലൈഹികവേലകൾ! ഇവയെല്ലാം കൊടുങ്ങല്ലൂർ എന്ന മാന്ത്രികശബ്ദം നമ്മുടെ സ്മൃതിപഥത്തിൽ ഉദിപ്പിക്കുന്നതാണു്.

കാലചക്രം ചുറ്റിക്കറങ്ങി. ഒരിക്കൽ ക്രൈസ്തവജനതയാൽ നിബിഡമായിരുന്ന കൊടുങ്ങല്ലൂർ— ഒരു പ്രധാന തുറമുഖപ്പട്ടണമായിരുന്ന കൊടുങ്ങല്ലൂർ, തുറമുഖപ്രാധാന്യം നശിച്ചു് ക്രൈസ്തവകേന്ദ്രമെന്ന നിലയും നഷ്ടപ്പെട്ടുകിടക്കുന്ന കാഴ്ച മാർ തോമ്മാ ക്രിസ്ത്യാനികൾക്കു കണ്ണുനീർ ചിന്താതെ

നോക്കിനില്ക്കുവാൻ സാദ്ധ്യമല്ല. ഇതാണു് തൃശ്ശൂർ രൂപതാ ദ്ധ്യക്ഷൻ മാർ ജോർജ്ജു് ആലപ്പാട്ടു തിരുമേനിയെ വേദനിപ്പിച്ചതു്; അവിടെ നമ്മുടെ ഒരു സ്ഥാപനം ഉണ്ടാകണമെന്ന കാര്യത്തിൽ ദൃഢനിശ്ചയനാക്കിയതു്. ഇക്കാര്യം അവിടുന്നു് ദേവമാതാപ്രവിശ്യ ഉൽഘാടനം ചെയ്ത അവസരത്തിൽ പ്രകടമായി പ്രകാശിപ്പിച്ചതാണല്ലൊ.

തിരുമേനിയുടെ ഈ അഭിലാഷപൂർത്തീകരണത്തിനായി ദേവമാതാ പ്രോവിൻസുകാർ മുന്നിട്ടു പ്രവർത്തിച്ചു. അതിന്റെ ഫലമാണു് ഇന്നു നാം കൊടുങ്ങല്ലൂരിൽ കാണുന്ന ബ്രഹ്മാണ്ഡമായ തീർത്ഥാലയം. അതിന്നായി ദേവമാതാ പ്രോവിൻസു് അവളുടെ ശൈശവദശയിൽ സഹിച്ച ത്യാഗങ്ങൾ ചില്ലറയല്ല. എങ്കിലും പ്രസ്തുത ത്യാഗങ്ങളെല്ലാം ത്യാജ്യകോടിയിൽ തള്ളിക്കളയാൻ പോരുന്നതായിരുന്നു 1953 ഡിസംബർ 6-ാംനു- ഉച്ചക്കുശേഷം അവിടെ നടന്ന സംഭവങ്ങൾ.

സമയം ഉച്ചകഴിഞ്ഞു. അരലക്ഷത്തിൽ കുറയാത്ത ഒരു ഭക്തസംഘം പുതുതായി പണികഴിപ്പിച്ച മനോഹര സൗധത്തിനു ചുറ്റും കരയിലും ബോട്ടുകളിലുമായി തടിച്ചുകൂടി. അത്യുന്നത കർദ്ദിനാൾ ടിസ്സറൻറ് തിരുമേനിയുടെ ആഗമനം പ്രതീക്ഷിച്ചു നില്ക്കയായിരുന്നു ആ മാനവസമുദ്രം. അസ്തമന സൂര്യൻ കേരളക്രൈസ്തവരെ അനുമോദിച്ചുകൊണ്ടു് ഒരു പൂപ്പഞ്ചിരിയാൽ ആ ജനസഞ്ചയത്തെ അനുഗ്രഹിച്ചു. കൃത്യം 5 മണിക്കു് കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് സ്ഥലത്തെത്തി പുതിയ സ്മാരകത്തെ പേപ്പൽ തീർത്ഥാലയമായി ഉയർത്തി ആശീർവ്വദിക്കുകയും, ഭാരതത്തിന്റെ ആദ്യശ്ലീഹയായ മാർ തോമയുടെ പൂജ്യാവശിഷ്ടം (വലത്തു കൈയുടെ അസ്ഥി) ഉൾക്കൊള്ളുന്ന പേടകം അവിടെ നിക്ഷേപിക്കയും ചെയ്തു. അനന്തരം അത്യുന്നത കർദ്ദിനാൾ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മീഡിങ്ങും തിരുമേനിക്കു മംഗളപത്രസമർപ്പണവും മറ്റുമുണ്ടായിരുന്നു. അതിനെത്തുടർന്നു് മാർ ജോർജ്ജു് ആലപ്പാട്ടു് തിരുമേനിയുടെ ദിവ്യപൂജാർപ്പണവും നടന്നു. ഇങ്ങനെ പല നൂറ്റാണ്ടുകളുടെ ശേഷമെങ്കിലും നമ്മുടെ പിതാവു തന്റെ പൂജ്യാവശിഷ്ടം വഴിയായും നമ്മോടുകൂടെയിരിപ്പാൻ ഇടയാക്കിയതിനു നമുക്കു ദൈവത്തെ സ്തുതിക്കാം.

തൃശ്ശൂർ ദേവമാതാ പ്രവിശ്യാ ഭവനത്തിന്റെ ഉൽഘാടനം.

തൃശ്ശൂർ ശീശ്മകളുടെ പിടിയിലമർന്നു് ഞെരിഞ്ഞിരുന്ന കാലത്തു അവളെ സമുദ്ധരിക്കുവാൻ വളരെ ബുദ്ധിമുട്ടുകളും സഹിച്ചവരാണല്ലൊ സുറിയാനി കർമ്മെലീത്തക്കാർ. കത്തോലിക്കർക്കു കാലുകുത്തുവാൻപോലും തൃശ്ശൂരിൽ സ്ഥലമില്ലാതിരുന്നതിനാൽ ഏൽത്തുരുത്തിആശ്രമത്തിൽനിന്നു് മുൻകൈ എടുത്തു ഒരു അക്രൈസ്തവന്റെ സ്ഥലം വിലയ്ക്കു വാങ്ങി, ഒരു കപ്പേളവെച്ചു്, പ്രസംഗങ്ങളും നടത്തി. ഡാക്ടർ മെഡ്ലിക്കോട്ടിന്റെ ആഗമനത്തോടെ കാറ്റു് മാറിവീശി. അങ്ങനെ അരനൂറ്റാണ്ടുകഴിഞ്ഞു. തൃശ്ശൂർ ഒരു കത്തോലിക്കാ കേന്ദ്രമായി രൂപാന്തരപ്പെട്ടു. എങ്കിലും പ്രസ്തുത കർമ്മെലീത്തർക്കു് അവിടെ കാലുകുത്തുവാൻപോലും സ്ഥലം ഉണ്ടായില്ല. കേരളസഭയുടെ ചരിത്രചുരുളുകളിൽ മറഞ്ഞുകിടക്കുന്ന സംഭവങ്ങളും അറിയാതിരിക്കുന്നതു കഷ്ടമാണു്.

എങ്കിലും അഭിവന്ദ്യ മാർ ജോർജ്ജു് ആലപ്പാട്ടു് തിരുമേനിക്കു നന്മനസ്സുണ്ടായതിനാൽ തൃശ്ശൂർ പട്ടണത്തിന്റെ വടക്കേ അറ്റത്തു് കർമ്മെലീത്തർക്കു ഒരു ഭവനമുണ്ടാക്കുവാനിടയായി. അതൊ, ഒരു പ്രവിശ്യാ ഭവനം! തൃശ്ശൂർ പട്ടണത്തിൽ പൂങ്കുന്നത്തു പ്രവിശ്യാ ഭവനത്തിനായി രണ്ടേകാൽ ഏക്കർ സ്ഥലവും സാമാന്യം വലിയതായ ഒരു നല്ല കെട്ടിടവും 64500 ക. ക്കു തീറുവാങ്ങി. ഇവിടെ 1954 ജനുവരി 1-ാംനു- പ്രവിശ്യാ ഭവനം ഉൽഘാടനം ചെയ്യുകയും ചെയ്തു.

ഉൽഘാടനം പ്രമാണിച്ചു പെ. ബ. ജനറാളച്ചനും 60-ൽ പരം വൈദികരും വന്നിരുന്നു. ഉച്ചതിരിഞ്ഞു നാലുമണിക്കു നടത്തപ്പെട്ട തേയില സൽക്കാരത്തിൽ സ്ഥലത്തെ പല പ്രമുഖവ്യക്തികളും ഉൾപ്പെടെ ഉദ്ദേശം 400 പേർ പങ്കെടുത്തു. അഭിവന്ദ്യ തൃശ്ശൂർരൂപതാദ്ധ്യക്ഷന്റെയും മറ്റു പലരുടെയും അനുമോദന പ്രസംഗങ്ങൾക്കുശേഷം പെ. ബ. പ്രൊവിൻഷ്യാളച്ചൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ചടങ്ങുകളും അവസാനിപ്പിച്ചു. അന്നു തന്നെ, പെ. ബ.

പ്രൊവിൻഷ്യാളച്ചനും ആലോചനക്കാരും ഏൽത്തുരുത്തു് ആശ്രമത്തിൽനിന്നു തൃശ്ശൂർ പ്രവിശ്യാ ഭവനത്തിലേക്കു മാറി ത്താമസിക്കുകയും ചെയ്തു.

1853 ഡിസംബർ 8-ാം തീയതി മാന്നാനത്തുവെച്ചു് പതിനൊന്നു പിതാക്കന്മാർ അവരുടെ സന്യാസനേർച്ചകം ദൈവത്തിനപ്പിച്ചു് കേരളത്തിൽ ഏതദ്ദേശീയ സന്യാസസംഘം ഉൽഘാടനം ചെയ്തുവല്ലൊ. അതിന്റെ ശതാബ്ദജൂബിലി എല്ലാ ആശ്രമങ്ങളിലും സാഘോഷംകൊണ്ടാടുകയുണ്ടായി. ഇവിടെ 1955 നവമ്പർ 27-ാം തീയതി പ്രസ്തുത ജൂബിലി പ്രമാണിച്ചു ചേർന്ന പൊതുയോഗത്തിൽവെച്ചു പതിനൊന്നു പിതാക്കന്മാരുടെ ഓർമ്മക്കായി പതിനൊന്നു സാധുകുടുംബങ്ങൾക്കു് ഈ ആശ്രമം വകയായി പാർപ്പിടം സൌജന്യമായി നൽകുന്നതാണെന്നു പെ. ബ. പ്രൊവിൻഷ്യാളച്ചൻ പ്രഖ്യാപനം ചെയ്തു. അടുത്ത ജൂൺമാസത്തിലാണു് അതു പ്രാവർത്തികമാക്കിയതു്. ഒരേക്കർ $69\frac{3}{4}$ സെൻറു് സ്ഥലം 4245 ക. വിലയിരുത്തിയിട്ടാണു് ദാനം ചെയ്തതു്.

അവിസ്മരണീയമായ ജനുവരി 3, 1958.

ഈ സുദിനത്തിൽ കേരളീയരെ ആകമാനം കോൾമയിർക്കൊള്ളിച്ച ഒരു സംഭവം മാന്നാനം ആശ്രമത്തിൽ നടന്നു. ദൈവദാസൻ ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ നാമകരണച്ചടങ്ങുകളുടെ ഉൽഘാടനമായിരുന്നു അതു്. ഈ സംഭവം ഇദ്ദേശീയർക്കു പ്രത്യേകം ചാരിതാർത്ഥ്യജനകമായി, സന്ദേഹമില്ല. കാരണം, ഇദ്ദേഹമായിരുന്നുവല്ലൊ ഈ ആശ്രമത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കയും ആശ്രമദേവാലയത്തിന്റെ "വെഞ്ചരിപ്പു്" നടത്തുകയും ചെയ്തതു്. ജനുവരി 3-ാം തീയതി ഉൽഘാടനം ചെയ്യപ്പെട്ട നാമകരണസംരംഭം കാലവിളംബംകൂടാതെ മകുടംചൂടിക്കാണുവാൻ നമുക്കു് പ്രാർത്ഥിക്കാം, അതിനായി നമുക്കു പരിശ്രമിക്കാം.

ശതാബ്ദജ്ജുബിലി മഹാമഹം (1958 ഫെബ്രു. 2.)

കേരളം ശീശ്മകളാൽ പ്രക്ഷുബ്ധമായിരുന്ന കാലത്തു്, ഉത്തരപ്രദേശങ്ങളുടെ ഏകാവലംബമായിരുന്ന ഏൽത്തുരുത്തു് ആശ്രമം, സമാധാനകാലത്തു് നിശ്ശബ്ദമായി സമുദായസേവനങ്ങളാൽ രാജാക്കന്മാരുടേയും പൊതുജനങ്ങളുടേയും പ്രശംസക്കു് പാത്രീഭവിച്ച ഏൽത്തുരുത്തു് ആശ്രമം, നൂറുവർഷത്തെ പ്രശസ്ത സേവനങ്ങൾക്കുശേഷം അവളുടെ ശതാബ്ദജ്ജുബിലി ഘോഷിക്കുവാൻ പോകയാണു്. ഈ മഹാമഹം വിനീതമായിട്ടെങ്കിലും കൊണ്ടാടുവാൻവേണ്ട സജ്ജീകരണങ്ങൾ അധികൃതർ കാലെക്കൂട്ടി ആരംഭിച്ചു.

പ്രാരംഭച്ചടങ്ങുകൾ:— 1) ദേവാലയത്തിന്റെ പ്രധാനപീഠം പൊളിച്ചു നവീനരീതിയിൽ പണികഴിപ്പിച്ചു. ആരാധകർക്കു കൂടുതൽ കാറ്റും വെളിച്ചവും കിട്ടത്തക്കവണ്ണം പുതിയ വാതിലുകളും ജനലുകളും വെട്ടിവെച്ചു. കപ്പേളകൾ പൊളിച്ചു പണികഴിപ്പിച്ചു.

2) ചില മാസങ്ങൾക്കുമുമ്പു തുടങ്ങി ആശ്രമാംഗങ്ങൾ ആഴ്ചതോറും ഒരു മണിക്കൂർ ആരാധന വി. കുബ്ബാനയുടെ സന്നിധിയിൽ നടത്തിവന്നു.

3) ജനുവരി 24-ാം തീയതി മുതൽ നൊവേന ആരംഭിച്ചു. ആഘോഷപാട്ടുകുബ്ബാന, വി. കുബ്ബാനയുടെ ആശീർവ്വാദം, ധ്യാനപ്രസംഗം ഇവയായിരുന്നു പ്രസ്തുത ദിവസങ്ങളിലെ ചടങ്ങുകൾ.

തലേനാൾ:— മിക്ക ആശ്രമങ്ങളിൽനിന്നും പ്രതിനിധികളായി ബ. വൈദികരും സഹോദരന്മാരും എത്തിച്ചേർന്നു. അവരിൽ പൊതുശ്രേഷ്ഠന്മാരും പ്രവശ്യാശ്രേഷ്ഠന്മാരും, സ്ഥലശ്രേഷ്ഠന്മാരും ഉണ്ടായിരുന്നു. അമ്പഴക്കാട്ടുനിന്നുവന്ന വൈദികവിദ്യാർത്ഥികളും, വരന്തരപ്പിള്ളിയിൽനിന്നുള്ള യോഗാർത്ഥികളും ആഗതരിൽ ഉൾപ്പെട്ടു. സന്ധ്യാജപവും (വേസ്പര) പ്രദക്ഷിണവും കഴിഞ്ഞു നടന്ന കമനീയമായ ദീപക്കാഴ്ചയും കണ്ണഞ്ചിപ്പിക്കുന്ന കരിമരുന്നുപ്രയോഗവും അന്നത്തെ പരിപാടികളിൽ ഉൾപ്പെട്ടു.

ജൂബിലിദിനം—കാലത്തു്—

9 മണിക്കു് അഞ്ചുപേരുടെ ആഘോഷമായ റാസക്കുബ്ബാന ആരംഭിച്ചു. ഇതിൽ പ്രധാന കാർമ്മികത്വം വഹിച്ചതു് പൂഞ്ഞാർ ആശ്രമശ്രേഷ്ഠൻ പെ. ബ. റോമളസച്ചനത്രെ. ജൂബിലി പ്രസംഗം മോൺ. സെബാസ്ത്യൻ ചിറയത്തു നിർവ്വഹിച്ചു.

ഉച്ചതിരിഞ്ഞു്—വി. കുബ്ബാനയുടെ പ്രദക്ഷിണം.

ഈ ശതാബ്ദിജൂബിലി പ്രമാണിച്ചു നടത്തിയ ആഘോഷങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് വി. കുർബ്ബാനയുടെ പ്രദക്ഷിണമാണു്. ഉച്ചതിരിഞ്ഞു് നാലു മണിക്കാണു് ഇതാരംഭിച്ചതു്. ഇതിന്നായി പള്ളിയുടെ മുഖപ്പുമുതൽ കുരിശിൻതൊട്ടിവരെ ആകർഷണീയമായ പൂപ്പന്തൽ സജ്ജീകരിച്ചിരുന്നു. കിഴക്കെ അറത്തു് സന്ദർഭോചിതമായി ചമക്കപ്പെട്ട പൂമണ്ഡപവും പ്രദക്ഷിണവീഥിയുടെ ഇരുവശവും വിവിധ ദേവാലയങ്ങളിൽനിന്നു കൊണ്ടുവന്നിരുന്ന പൊൻകുരിശുകളും വെള്ളിക്കുരിശുകളും ഒട്ടനേകം മുത്തുക്കുടകളും പ്രശോഭിച്ചു.

പ്രിയോർ ജനറാൾ പെ. ബ. മാവുത്രൂസ് അച്ചനത്രെ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തിയതു്. ശ്രുഷാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഅജ്ജു് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് തിരുനാഥനെ അനുഗമിച്ചിരുന്നു. ഷെവ. ജോസഫ് പെട്ട എം. എ., ഷെവ. അക്കര ആഗസ്തി, ശ്രീമാൻ സി. എ. പോൾ എം. എ., ബി. എൽ. Pro. Eccl. et Pont., ശ്രീമാൻ കുഞ്ഞാപ്പു അന്തോണി എന്നിവർ തിരുനാഥനു പാലിക പിടിച്ചു. അനവധി ഇടവക വൈദികരും സന്യാസീസന്യാസിനികളും സെമിനാരിക്കാരും യോഗാർത്ഥികളും പ്രദക്ഷിണവീഥിയിൽ തിരുനാഥനെ അണിനിരന്നു അനുധാവനംചെയ്തു. അയൽപള്ളികളിൽനിന്നു ജാഥയായി എത്തിയിരുന്ന ഭക്തജനങ്ങൾ പ്രദക്ഷിണവീഥിക്കിരുവശവും അഞ്ജലീബദ്ധരായി, പ്രാർത്ഥനാനിരതരായി മുട്ടിന്മേൽ നിന്നിരുന്ന കാഴ്ച അതിമാത്രം ഭക്തിജനകമായിരുന്നു.

പൊതുയോഗം— അനന്തരം നടന്നതു പൊതുയോഗമാണു്. മാർ ജോഹ്ജു് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു തന്നെയാണു് അദ്ധ്യക്ഷം വഹിച്ചതു്. കഴിഞ്ഞ ഒരു നൂറാണ്ടുകാലത്തോളം ഈ ആശ്രമവും അതിന്റെ മറവു സ്ഥാപനങ്ങളും വഴിയായി വടക്കൻ പ്രദേശങ്ങൾക്കു ലഭിച്ച ആദ്ധ്യാത്മികവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ നന്മകളെ അഭിനന്ദിച്ചുകൊണ്ടു് ഒരു ഇടയലേഖനം തിരുമേനി മുൻകൂട്ടി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ആശയങ്ങൾ വീണ്ടും എടുത്തുപറയുകയും, ഈ സ്ഥാപനം വഴിയായി ദൈവകാരുണ്യം സാധിച്ചതും സാധിച്ചുകൊണ്ടിരിക്കുന്നതുമായ മഹൽസേവനങ്ങളെ അനുസ്മരിച്ചു. അവയെക്കുറിച്ചെല്ലാം ദൈവത്തിനു സ്തോത്രം ചെയ്യുവാൻ എല്ലാവരേയും ഉൽബോധിപ്പിച്ചുകൊണ്ടും ആശ്രമത്തിനും അതിനോടു അനുബന്ധമായി നില്ക്കുന്ന മറവു സ്ഥാപനങ്ങൾക്കും ഭാവിഭാവുകങ്ങൾ നേർന്നുകൊണ്ടും തിരുമേനി ഉപക്രമം അവസാനിപ്പിച്ചു. അതിനെതുടർന്നു് ദീപിക പത്രാധിപർ ശ്രീ. എൻ. വി. ജോസഫ് ശിശുക്കളാൽ ഇളകിമറിഞ്ഞിരുന്ന കേരളത്തെ സജീവമായി വർണ്ണിച്ചശേഷം ആ വിപൽസന്ധിയിൽ ഏൽത്തുരുത്തു്ചെയ്ത നിസ്തുല സേവനങ്ങളെ സവിസ്തരം പ്രതിപാദിച്ചു. സ്വാഗതപ്രസംഗം ശ്രീ. സി. ഏ. പോൾ നടത്തി. കൃതജ്ഞതാപ്രകടനം അരണാട്ടുകര പടിഞ്ഞാറെപള്ളി വികാരി പ്ലാശ്ശേരി, ബ. ജോണച്ചനാണു് നിർവ്വഹിച്ചതു്. പെ.ബ. ജനറാളച്ചൻ ആശ്രമത്തിന്റെ ഉപകാരികൾക്കു് പൊതുവേയും ജൂബിലി വിജയപ്രദമാക്കുവാൻ യത്നിച്ചിട്ടുള്ളവർക്കു പ്രത്യേകിച്ചും നന്ദിപറഞ്ഞുകൊണ്ടു് പൊതുയോഗം അവസാനിപ്പിച്ചു. യോഗശേഷം 'ഭിക്ഷു' എന്ന നാടകം അഭിനയിക്കുകയുണ്ടായി.

ഈ മഹാമഹത്തെ മോടിയാക്കുന്നതിനു് എല്ലാവരും കഴിവതു് യത്നിച്ചിട്ടുണ്ടു്. ഇവരിൽ ശ്രീ. സി. ഏ. പോൾ, എം. എ., തൈവളപ്പിൽ അന്തോണി എന്നിവരുടെ പേരുകൾ പ്രത്യേകം എടുത്തു പറയാവുന്നതാണു്. അടുത്ത ദിവസം പരേതരായസഭാംഗങ്ങളുടേയും ആശ്രമത്തിന്റെ ഉപകാരികളുടേയും ആത്മശാന്തിക്കായി പ്രൊവിൻഷ്യാൾ പെ. ബ. ക്ലെമൻസച്ചൻ ആഘോഷമായ പാട്ടുപൂജ അർപ്പിച്ചു. ഇങ്ങനെ ജൂബിലി ചടങ്ങുകൾ സമംഗളം അവസാനിച്ചു.

ഉപസംഹാരം.

ഇതുയും പ്രസ്താവിച്ചതിൽനിന്നു് നാലുവർഷം മുമ്പു് ശതാബ്ദജൂബിലിയാഘോഷിച്ച ഏൽത്തുരുത്തു് ആശ്രമം കണ്ട കാഴ്ചകളുടെ ഏതാണ്ടൊരുരൂപം അന്യവാചകരിൽ പതിഞ്ഞിരിക്കുമെന്നു് വിശ്വസിക്കുന്നു. അന്തഃഛിദ്രങ്ങളാൽ ഇരുളടഞ്ഞും ശീശ്മകളാൽ പ്രക്ഷുബ്ധമായും തീർന്ന കേരള സഭയ്ക്കു പൊതുവേയും വടക്കൻപ്രദേശങ്ങൾക്കു വിശേഷിച്ചും ഒരു മാർഗ്ഗദീപമായും ഏതാണ്ടു് അരശതാബ്ദക്കാലത്തേക്കു് ഏക ആശാകേന്ദ്രമായും ദൈവപരിപാലന അവളെ ഉയർത്തി. വൈദികപരിശീലനപാഠശാല അഥവാ സെമിനാരി, റോക്കോസു്, മേല്പുസു് എന്നീ ശീശ്മകളോടു് അടരാടിയിരുന്ന പോർവീരരുടെ അജയ്യകോട്ട, എന്നീ നിലകളിലും ഏൽത്തുരുത്താശ്രമത്തിനു് അതിശ്രേഷ്ഠമായ ഒരു വിലയും നിലയുമുണ്ടു്. മറ്റാശ്രമങ്ങളുടെ മാതൃസ്ഥാനം വഹിച്ചും, സ്കൂൾ, കരകൌശലശാല എന്നിവ വഴിയായി സാമൂഹ്യസേവനമനുഷ്ഠിച്ചും, തുണസഹോദരന്മാരുടെ നവസന്യാസഗ്രഹം, യോഗാർത്ഥിഭവനം എന്നിവയാൽ യുവഹൃദയങ്ങളിൽ സുവിശേഷപുണ്യങ്ങൾ നട്ടുവളർത്തിയും അവൾ ചെയ്തിട്ടുള്ള സേവനങ്ങൾ കുറച്ചൊന്നുമല്ല.

താദൃശ പ്രവർത്തനങ്ങളാലാണു് രാജാക്കളടേയും സഭാദ്ധ്യക്ഷന്മാരുടെയും സമുദായനേതാക്കളുടെയും പ്രശംസയ്ക്കു് അവൾ പാത്രീഭൂതയായതു്. ഒരു മഹൽസ്ഥാപനമായി ഏൽത്തുരുത്തു് ആശ്രമം രൂപംകൊണ്ടുവെങ്കിൽ, വീരസേവനങ്ങളാൽ അവൾ പ്രശസ്തയായെങ്കിൽ, ശീശ്മകളെന്ന നീർച്ചുഴിയിൽനിന്നു് ഒരു ജനപദത്തെ സമുദ്ധരിക്കുവാൻ അവൾ പ്രാപ്തയായെങ്കിൽ അതു് അനേക ധീരപുരുഷന്മാരുടെ മഹാത്യാഗങ്ങളും നിസ്വാർത്ഥസേവനങ്ങളും മൂലമത്രെ. താദൃശ മഹാരഥന്മാരുടെ ചവുട്ടടികളെ അനുധാവനംചെയ്തു് സ്വന്തപുണ്യസമ്പാദനത്തിനും, ദൈവമഹത്വത്തിനും, സമുദായോൽക്കർഷത്തിനും ഉപയുക്തമായ സേവനങ്ങളിൽ പുരോഗമിക്കുവാൻ അശ്രാന്തം പരിശ്രമിക്കുന്ന യോഗീശ്വരന്മാരുടെ സങ്കേതമായി ഏൽത്തുരുത്തു് ആശ്രമം എന്നും പരിലസിക്കുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

ഏൽത്തുരുത്താശ്രമത്തിൽ ശ്രേഷ്ഠന്മാരായിരുന്നവരുടെ പേരും ആണ്ടും

1.	ബ. ഗീവർഗ്ഗീസ് ഔസേപ്പച്ചൻ		1858
2.	,, കട്ടക്കയത്തു ചാണ്ടി, ഔസേപ്പ് അലക്സാണ്ടറച്ചൻ		1861
3.	,, ഗീവർഗ്ഗീസ് യോഹന്നാൻ മാംഓനഅച്ചൻ		
4.	,, ദേവസ്സി അന്തോനിയച്ചൻ		
5.	,, മത്തായി മറിയം അച്ചൻ	1-ാംവികാരി.	1864—67
6.	മംഗലത്തു ബ. ഔസേപ്പ യാക്കോഅച്ചൻ	2-ാംവി.	1867—70
7.	മടയത്തുംചാലിൽ ബ. യൌ. മത്തായിഅച്ചൻ	3-ാംവി.	1870—73
8.	കാപ്പിൽ ബ. മറിയം മത്തായിഅച്ചൻ	4-ാംവി.	1873—77
9.	ബ. ദേവസ്സി അന്തോനി അച്ചൻ	5-ാംവി.	1877—80
10.	,, മർസ്സലീനോസച്ചൻ (പ്രൊ. വികാരി.)		1880—81
11.	,, ,,	6-ാംവി.	1881—84
12.	,, മറിയം വലഗീസച്ചൻ (വാരണ്ണി)	7-ാംവി.	1884—86
13.	പെ ബ. ,, ,,	1-ാം പ്രിയോർ	1886—89
14.	,, ,, യൌ ജരാർട്ടച്ചൻ (കണ്ണമ്പിള്ളി)	2-ാം ,,	1889—91
15.	വി. കു. ബ പിയൂസച്ചൻ	(പ്രൊ. പ്രിയോർ)	1891—91
16.	പെ. ബ. ,,	3-ാം പ്രിയോർ	1891—94
17.	,, ,, ,,	4-ാം ,,	1894—97
18.	വി. കു. പെ. ബ. റപ്പായേലച്ചൻ	5-ാം ,,	1897—99
19.	,, ,, ,,	6-ാം ,,	1899-1902
20.	വി. യൌ. ,, ശെമഓൻസ്റ്റോക്കച്ചൻ	7-ാം ,,	1902—05
21.	വി. മറി. ,, ഇചെലസ്തീനോസച്ചൻ	8-ാം ,,	1905—08
22.	,, ,, ,,	9-ാം ,,	1908—11
23.	പെ. ബ. ചിപ്രിയാനോസച്ചൻ	10-ാം ,,	1911—14
24.	,, ,, തോമ്മാ എസ്തപ്പാനോസച്ചൻ	11-ാം ,,	1914—17
25.	,, ,, ശെമഓൻസ്റ്റോക്കച്ചൻ	12-ാം ,,	1917—20
26.	വി. യൌ. പെ. ബ. ഗ്രീഗോരിയച്ചൻ	13-ാം ,,	1920—21
27.	പെ. ബ. ആഞ്ചലൂസച്ചൻ	14-ാം ,,	1921—23
28.	,, ലെയോപ്പോൾദച്ചൻ	15-ാം ,,	1923—26
29.	വി. യൌ. പെ. ബ. ഏലിയാസച്ചൻ	16-ാം ,,	1926—29
30	പെ. ബ. അത്തനാസിയൂസച്ചൻ	17-ാം ,,	1929—32
31.	,, സറാഫിയോനച്ചൻ	18-ാം ,,	1932—37
32.	,, നിക്കോവോസച്ചൻ	19-ാം ,,	1937—40
33.	,, നോർബർട്ടച്ചൻ	20-ാം ,,	1940—42
34.	,, എവുസേബിയൂസച്ചൻ	21-ാം ,,	1942—47
35.	,, റോമുള്ളസച്ചൻ	22-ാം ,,	1947—50

36.	,, യോസെപ്പാത്തച്ചൻ	23-ാം ,,	1950—53
37.	,, യോഷ്വാച്ചൻ	24-ാം ,,	1953—56
38.	,, വിൻസെന്തിയോസച്ചൻ	25-ാം ,,	1956—59
39.	,, ലെയാണ്ടറച്ചൻ	26-ാം ,,	1959—

ഏൽത്തുരുത്താശ്രമത്തിൽ മരിച്ചടക്കപ്പെട്ട ബ. വൈദികരും, ശെമ്മാശന്മാരും, തുണസഹോദരന്മാരും.

1.	മുഞ്ഞനാട്ട ബ. മത്തായിഅച്ചൻ	16 - 1 - 1861
2.	മടത്തുംമാലിൽ ബ. യൌ. മത്തായിഅച്ചൻ	22 - 7 - 1873
3.	കണ്ണമ്പള്ളി ബ. ജോർജച്ചൻ	14 - 5 - 1891
4.	പൌലോസ് സഹോദരൻ	21 - 7 - 1896
5.	വി. കുബ്രാ. ബ. ഏലിയാസച്ചൻ	21 - 1 - 1900
6.	ഉണ്ണ്യീ ഈശോയുടെ അന്തോനി സഹോദരൻ	9 - 3 - 1904
7.	ബ. (വലിയ) ദേവസ്സിഅച്ചൻ	16 - 8 - 1905
8.	ബ. യോഹന്നാനച്ചൻ	8 - 1 - 1907
9.	അബ്രഹാം സഹോദരൻ	7 -11 - 1915
10.	യാക്കോബ് സഹോദരൻ	5 - 3 - 1916
11.	കുരി ബ. പീയൂസച്ചൻ	8 - 4 - 1916
12.	വ്യാ മാ. ബ. ദേവസ്സിഅച്ചൻ	6 - 3 - 1919
13.	മറി. ബ. ചെലസ്തീനോസച്ചൻ	25 - 6 - 1920
14.	മറി. ബ. ദ്യൊനീസിയൂസച്ചൻ	10 - 2 - 1922
15.	ത്രേസ്യാ. ബ. പൌലോസച്ചൻ	22 - 1 - 1926
16.	ദാനിയേൽ സഹോദരൻ (പുതുസന്യാസി)	30 - 1 - 1950
17.	യൌ യോഹന്നാൻ സഹോദരൻ	14 - 7 - 1952
18.	വ്യാ. മാ. ബ. യാക്കോച്ചൻ	18 - 2 - 1934
19.	കുരി. ബ. പത്രോസച്ചൻ	1 - 5 - 1935
20	ആർനോദംഡ് (വൈദികവിദ്യാർത്ഥി)	18 -10 - 1936
21.	ഈശോ. ബ. യൌസേപ്പച്ചൻ	24 -11 - 1936
22.	തിരുഹൃദ. സീലാസ് (വൈദികവിദ്യാർത്ഥി)	28 - 7 - 1941
23.	തിരുഹൃദ. ബ. മിഖായേലച്ചൻ	25 -11 - 1946
24.	വി. കുബ്രാ ബ അഗസ്തീനച്ചൻ	23 - 3 - 1950
25.	വി. കുബ്രാ. ബ. സിൽവെസ്ത്രോസച്ചൻ	23 - 4 - 1957
26.	വി. യൌ. ബ. ലെയപ്പോൾഡച്ചൻ	2 - 2 - 1959

St. Joseph's I. S. Press, Elthuruth, Trichur - 4.
1962.

ACHARYA PALACKAL JEEVAS KENDRAM LIBRARY
1886